പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

# പഞ്ചായത്ത് രാജ്

പുസ്തകം 59 ലക്കം 4 ജൂലൈ 2019



## കെട്ടിട നിർമ്മാണം

# ഒഴിവാക്കാം

## ചട്ടലംഘനവും ചുവപ്പുനാടയും

വേണം സുതാര്യതയും കാര്യക്ഷമതയും

നിർമ്മാണ ചട്ടങ്ങൾ ജനങ്ങൾക്കുവേണ്ടി

തീരദേശസംരക്ഷണം – നിയമത്തിന്റെ അകവും പുറവും

ഐ.എസ്.ഒ. – ലക്ഷ്യം ജനസംതൃപ്തി


'നമ്മുടെ നാട്
ശുചിത്വത്തിന്റെ പാതയിൽ
നാടിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'
നമ്മുടെ ലക്ഷ്യം മാലിന്യമുക്ത കേരളം
പകർച്ചവ്യാധികളെ അകറ്റി നിർത്തുക പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

# പഞ്ചായത്ത്‌രാജ്

ജൂലൈ 2019


150 YEARS OF CELEBRATING THE MAHATMA

# അകത്ത്








വേണം സുതാര്യതയും കാര്യക്ഷമതയും
ഡോ. ബി.എസ്. തിരുമേനി ഐഎഎസ് 5

നിർമ്മാണ ചട്ടങ്ങൾ ജനങ്ങൾക്ക് വേണ്ടി
പി.ആർ. സജികുമാർ 9

കെട്ടിട നിർമ്മാണം; ഒഴിവാക്കാം ചട്ടലംഘനവും ചുവപ്പുനാടയും
കെ. എസ്. ഗിരിജ 12

തീരദേശത്തെ കെട്ടിടനിർമ്മാണം നിയമത്തിന്റെ അകവും പുറവും

ഐഎസ്ഒ - ലക്ഷ്യം ജനസംതൃപ്തി
ഡോ. ജെ.ബി. രാജൻ 22

ലൈഫ് മൂന്നാം ഘട്ടത്തിലേക്ക് 25

സമ്പൂർണ്ണ ആരോഗ്യ ശുചിത്വ ജാഗ്രതയിലേക്ക്
മിർ മൊഹമ്മദ് അലി ഐ എ എസ് 26

അംഗീകാരങ്ങളിൽ തിളങ്ങി കാണക്കാരി
ബിനോയി പി. ചെറിയാൻ 30

റസിഡന്റ്സ് അസോസിയേഷനുകളും പ്രാദേശിക ഭരണവും
ഡോ. എൻ. രമാകാന്തൻ 35

ആർദ്ര കേരളം പുരസ്കാരങ്ങൾ 38

തൃശ്ശൂർ ജില്ലയിലെ വേറിട്ട പദ്ധതികൾ
ജോയി ജോൺ 40

ലൈഫ് ഗുണഭോക്താക്കൾക്ക് വിലക്കുറവിൽ നിർമ്മാണ സാമഗ്രികൾ 42


## പംക്തികൾ


കില ന്യൂസ് 32

വാർത്തകൾ വിശേഷങ്ങൾ 34

ജൂലൈ 2019
പുസ്തകം 59 ലക്കം 4
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

# പഞ്ചായത്ത്‌രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

## എഡിറ്റോറിയൽ

# മികവിന്റെ വർഷമാവട്ടെ!

കേരളത്തിന്റെ വികസന ചരിത്രത്തിൽ, ഈ വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾക്ക് സവിശേഷ പ്രാധാന്യമുണ്ട്. ജീവനും സ്വത്തിനും അടിസ്ഥാന സൗകര്യങ്ങൾക്കും കനത്ത നാശം വരുത്തി വച്ച പ്രളയത്തിനു ശേഷം തയ്യാറാക്കിയ ആദ്യത്തെ വാർഷിക പദ്ധതിയാണ് ഇപ്പോൾ നടപ്പിലിരിക്കുന്നത്.

സംസ്ഥാനത്ത് നിലവിലുള്ള തദ്ദേശ സ്വയംഭരണ സമിതികളുടെ കാലാവധി 2020 നവംബർ മാസത്തോടെ അവസാനിക്കും. നടപ്പു വാർഷിക പദ്ധതി 2020 മാർച്ചിൽ പൂർത്തിയാക്കി, അടുത്ത വാർഷിക പദ്ധതി പകുതി വഴിയിലെത്തിച്ച്, ഇപ്പോഴത്തെ ഭരണസമിതികൾ അധികാരമൊഴിയും. തങ്ങൾക്ക് എന്തു ചെയ്യാൻ കഴിയുമെന്ന് തെളിയിക്കാനുള്ള അവസരമായാണ് തദ്ദേശ സ്വയംഭരണ സമിതികൾ ഈയാണ്ടത്തെ പദ്ധതി പ്രവർത്തനങ്ങളെ കാണുന്നത്. അർഹരായ ജനങ്ങൾക്ക് പരമാവധി സഹായം എത്തിക്കുന്നതിനും അവരുടെ പ്രതീക്ഷകൾക്കൊത്ത് ഉയരുന്നതിനുമുള്ള അവസരമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരും ഇതിനെ കാണണം.

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാറ്റത്തിന്റെ പാതയിലാണ്. ഉദ്യോഗസ്ഥരുടെ സമീപനത്തിലും അടിസ്ഥാന സൗകര്യങ്ങളുടെ സ്വഭാവത്തിലും, മികവിലും ജനങ്ങൾ ആഗ്രഹിക്കുന്ന തലത്തിലേക്ക് പ്രാദേശിക സർക്കാരുകൾ ഉയരുന്നത് അഭിമാനകരമാണ്. സംസ്ഥാനത്തെ അഞ്ഞൂറിലധികം ഗ്രാമപഞ്ചായത്തുകളും ഏതാനും നഗരസഭകളും രാജ്യാന്തര നിലവാരത്തിനുള്ള ഐഎസ്ഒ അംഗീകാരം നേടിക്കഴിഞ്ഞു. ബാക്കിയുള്ളവയും ഐഎസ്ഒ നിലവാരം കൈവരിക്കാനുള്ള ശ്രമത്തിലാണ്. സേവനങ്ങളുടെ സ്വഭാവത്തിലും ഗുണനിലവാരത്തിലും ഈ മാറ്റം പ്രതിഫലിക്കണം. പുതിയ കാലഘട്ടത്തിലെ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യാൻ പാകത്തിന് ഓഫീസ് സംവിധാനങ്ങൾ മാറണം. അതിനൊത്ത് സേവനദാതാക്കളുടെ മനോഭാവവും മാറണം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ മികവിലേക്ക് എത്തിക്കാൻ തദ്ദേശ സ്വയംഭരണ മന്ത്രാലയത്തിനു കീഴിലുള്ള വകുപ്പുകൾ നടത്തുന്ന പ്രവർത്തനങ്ങൾ സംസ്ഥാന തലത്തിൽ പരിശോധിക്കുമെന്ന് സർക്കാർ അറിയിച്ചിട്ടുണ്ട്. പഞ്ചായത്തുകളുടെ പ്രവർത്തന പുരോഗതി ബ്ലോക്ക് തലത്തിലും ജില്ലാതലത്തിലും ഓരോ മാസവും അവലോകനം ചെയ്യും. പദ്ധതി പ്രവർത്തനങ്ങൾ നിർവ്വഹണ കലണ്ടർ അനുസരിച്ച് മുന്നോട്ടു പോകുന്നുണ്ടെന്ന് പ്രാദേശിക സർക്കാരുകൾ ഉറപ്പു വരുത്തണം. തടസ്സങ്ങൾ പരിഹരിക്കാൻ അപ്പപ്പോൾ നടപടി സ്വീകരിക്കണം. പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതോടൊപ്പം, തുടർ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ മുന്നൊരുക്കങ്ങൾ സമയാസമയം നടത്തുകയും വേണം.

വിദ്യാഭ്യാസം കുറഞ്ഞവർ മുതൽ അക്ഷരജ്ഞാനമില്ലാത്തവർ വരെ വിവിധ ആവശ്യങ്ങൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സമീപിക്കുന്നുണ്ട്. ഫയൽ നടപടിക്രമങ്ങൾ മുതൽ നിർമ്മാണ പ്രവൃത്തികളുടെ സാങ്കേതികത്വം വരെയുള്ള കാര്യങ്ങൾ മുഴുവൻ സാധാരണക്കാർക്കും ഹൃദിസ്ഥമാണെന്ന് ജീവനക്കാർ ധരിക്കരുത്. ജനങ്ങളെ ക്ഷമയോടെ കേൾക്കാനും അവരുടെ നിലവാരത്തിൽ അവരുമായി സംവദിക്കാനും ജീവനക്കാർക്കു കഴിയണം. ഉന്നതമായ മാനവിക മൂല്യങ്ങൾ വച്ച് നിയമങ്ങളെ വ്യാഖ്യാനിക്കുന്ന പുതിയൊരു സംസ്കാരം വളർത്തിക്കൊണ്ടുവരണം. മികവിന്റെ വർഷത്തിൽ അതാവട്ടെ, നമ്മുടെ പ്രതിജ്ഞ.

**ഡോ. ബി.എസ്. തിരുമേനി ഐ.എ.എസ്.**

**"സ്വന്തം വാതിലിനു മുന്നിൽ എല്ലാവരും തൂത്തുവാരട്ടെ
എങ്കിൽ ഈ ലോകം മുഴുവൻ വൃത്തിയാകും"**

ഗോഥെ

ഉപദേശക സമിതി

ചെയർമാൻ
**എ.സി.മൊയ്തീൻ**
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

അംഗങ്ങൾ
ടി.കെ. ജോസ് ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
ടി.വി. സുബാഷ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
കെ.ആർ. അജയൻ
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
ഡോ. ബി.എസ്. തിരുമേനി ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
ഡോ. ബി.എസ്. തിരുമേനി ഐ.എ.എസ്
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
Email: prmdp2018@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 7907344705

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത് രാജിന് ഉത്തരവാദിത്തമില്ല.

കവർ സ്റ്റോറി




# വേണം സുതാര്യതയും കാര്യക്ഷമതയും

■ ഡോ. ബി.എസ്. തിരുമേനി ഐഎഎസ്

**ജനങ്ങൾക്ക് സർക്കാർ നടപടിക്രമങ്ങളിലുള്ള വിശ്വാസവും മതിപ്പും നിലനിർത്തുന്നത് അവർക്ക് ലഭിക്കുന്ന സേവനത്തിന്റെ ഗുണമേന്മയാണ്. ഈ ദിശയിൽ വലിയൊരു മാറ്റത്തിന്റെ പാതയിലാണ് കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ.**

സമയബന്ധിതവും ഗുണനിലവാരമുള്ളതുമായ സേവനം പൗരന്റെ അവകാശമാണ്. ജനങ്ങൾക്ക് സർക്കാർ നടപടിക്രമങ്ങളിലുള്ള വിശ്വാസവും മതിപ്പും നിലനിർത്തുന്നത് അവർക്ക് ലഭിക്കുന്ന സേവനത്തിന്റെ ഗുണമേന്മയാണ്. ഈ ദിശയിൽ വലിയൊരു മാറ്റത്തിന്റെ പാതയിലാണ് കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ. സംസ്ഥാനത്തെ അഞ്ഞൂറിലധികം ഗ്രാമപഞ്ചായത്തുകൾ ഐഎസ്.ഒ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയത് ഈ മാറ്റത്തിന്റെ തെളിവാണ്. എതാനും മാസങ്ങൾക്കകം മറ്റ് ഗ്രാമപഞ്ചായത്തുകളും ഐഎസ്ഒ നിലവാരം കൈവരിക്കും.

## ജനങ്ങൾ യഥാർത്ഥ യജമാനൻമാർ

സർക്കാർ ഓഫീസുകൾക്കും അവയുടെ യഥാർത്ഥ യജമാനൻമാരായ പൊതുജനങ്ങൾക്കും ഇടയിൽ അകലമുണ്ടാകരുത്. ജനങ്ങളുടെ പങ്കാളിത്തവും ഇടപെടലും താരതമ്യേന ശക്തമായ പഞ്ചായത്ത് ഓഫീ

സുകളുടെ കാര്യം പ്രത്യേകം പറയേണ്ടതി ല്ല. ഉദ്യോഗസ്ഥരും ജനപ്രതിനിധികളും അവരവരിൽ നിക്ഷിപ്തമായ ചുമതലകൾ ശരിയായി നിർവ്വഹിക്കാതിരുന്നാൽ, ഈ വിശ്വാസം തകരും. കെട്ടിട നിർമ്മാണ അനുമതിയുമായി ബന്ധപ്പെട്ട് സമീപകാലത്ത് ചർച്ചയായ നിർഭാഗ്യകരമായ സംഭവങ്ങൾ കൂടുതൽ ആലോചനയ്ക്കും സ്വയംതിരുത്തലിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രേരിപ്പിക്കണം.

## അഴിമതിയും കെടുകാര്യസ്ഥതയും ഇല്ലാതാക്കണം

കെട്ടിട നിർമ്മാണ അനുമതിക്കുള്ള അപേക്ഷകൾ പഞ്ചായത്തുകളിൽ കെട്ടിക്കിടക്കുന്നതായി ആക്ഷേപം ഉയർന്നത് അതീവ ഗൗരവത്തോടെ കാണണം. ഇത്തരത്തിലുള്ള മുഴുവൻ അപേക്ഷകളിലും കാലതാമസമൊഴിവാക്കി ഉചിതമായ തീരുമാനം കൈക്കൊള്ളണം. മുൻഗണനാക്രമം തെറ്റിക്കാതെയും കാലതാമസമുണ്ടാക്കാതെയും കെട്ടിട നിർമ്മാണ അനുമതികൾ നല്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ നടപടി സ്വീകരിക്കണം. സമയപരിധിക്കുള്ളിൽ കെട്ടിട നിർമ്മാണ അനുമതി ലഭിക്കാത്തവരുടെ പരാതി പരിശോധിക്കാനുള്ള കമ്മിറ്റി എല്ലാ ഗ്രാമപഞ്ചായത്തിലും രൂപീകരിക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. പെർഫോമെൻസ് ഓഡിറ്റ് വിഭാഗം ഇതിലെ പുരോഗതി പരിശോധിക്കും.

കെട്ടിട നിർമ്മാണ അനുമതി നല്കുന്നതിൽ അഴിമതിയും ക്രമക്കേടും ഇല്ലാതാക്കാൻ പഞ്ചായത്ത് വകുപ്പ് കർശന നടപടികൾ സ്വീകരിക്കും. അപേക്ഷകളിൽ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടികൾ ഉണ്ടാകും. കെട്ടിട നിർമ്മാണ അനുമതിക്കുള്ള അപേക്ഷകളിൽ കാലതാമസം ഒഴിവാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 24-6-2019 തീയതിയിലെ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട് ( സർക്കുലർ നം.സി 6-12891/18). ഇത് കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തണം.

നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ ലഭിക്കുന്നതിന് കാലതാമസം ഉണ്ടാവുന്നതായും ചില കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ നിഷേധിക്കുന്നതായും പരാതികൾ ലഭിക്കുന്നുണ്ട്. ഈ സ്ഥിതി മാറിയേ തീരൂ. ജില്ലാ തലത്തിൽ അദാലത്തുകൾ നടത്തി ഫയലുകൾ തീർപ്പാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. 2019 മെയ് 31 വരെ കെട്ടിട നിർമ്മാണാനുമതി ലഭിക്കാത്തതും നിയമാനുസൃതം നിർമ്മാണം പൂർത്തിയാക്കിയിട്ടും കെട്ടിട വിനിയോഗാനുമതി, കെട്ടിട നമ്പർ എന്നിവ ലഭിക്കാത്തതുമായ അപേക്ഷകൾ ഈ അദാലത്തുകളിൽ പരിഗണിക്കും. കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാനാണ് അദാലത്തുകൾ. ഫയലുകൾ കെട്ടിക്കിടക്കുന്ന സാഹചര്യം ഇല്ലാതാക്കുകയാവണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ലക്ഷ്യം.

## ചട്ടങ്ങൾ നടപ്പിലാക്കുന്നതിൽ മനുഷ്യമുഖം വേണം

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 220 (ബി) പ്രകാരം എല്ലാ ഗ്രാമപഞ്ചായത്തുകളും നാഷണൽ ഹൈവേയോടോ, സംസ്ഥാന ഹൈവേയോടോ ജില്ലാ റോഡുകളോടോ ചേർന്ന് കിടക്കുന്ന ഭൂമിയിൽ റോഡതിർത്തിയിൽ നിന്നും മൂന്ന് മീറ്റർ ദൂരത്തിനുള്ളിൽ കെട്ടിടനിർമ്മാണം നിരോധിച്ചിട്ടുണ്ട്. ഈ വകുപ്പ് ബാധകമാക്കേണ്ട മറ്റു റോഡുകൾ പഞ്ചായത്ത് തീരുമാനിക്കേണ്ടതാണ്. ഇപ്രകാരം തീരുമാനം കൈക്കൊണ്ടിട്ടില്ലാത്ത പഞ്ചായത്തുകൾ മൂന്ന് മീറ്റർ ദൂരപരിധി ബാധകമാക്കേണ്ടതായ പഞ്ചായത്തിലെ മറ്റ് റോഡുകളും പൊതുവഴികളും ഏതെല്ലാമായിരിക്കണമെന്ന് ഗ്രാമപഞ്ചായത്ത് യോഗം ചേർന്ന് നിശ്ചയിക്കണം. പ്രസക്തമായ എല്ലാ ഘടകങ്ങളും പരിശോധിച്ച് വേണം തീരുമാനമെടുക്കാൻ. ഇപ്രകാരം തയ്യാറാക്കുന്ന റോഡ് ലിസ്റ്റ് പഞ്ചായത്തുകൾ പരസ്യപ്പെടുത്തണം.

> നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ ലഭിക്കുന്നതിന് കാലതാമസം ഉണ്ടാവുന്നതായും ചില കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ നിഷേധിക്കുന്നതായും പരാതികൾ ലഭിക്കുന്നുണ്ട്. ഈ സ്ഥിതി മാറിയേ തീരൂ. ജില്ലാ തലത്തിൽ അദാലത്തുകൾ നടത്തി ഫയലുകൾ തീർപ്പാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് മുമ്പ് അന്നത്തെ നിയമത്തിനനുസൃതമായി പെർമിറ്റ് വാങ്ങി നിർമ്മാണം നടത്തി നിയമാനുസൃതം പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് നിയമപ്രകാരം കെട്ടിട നമ്പർ അനുവദിക്കാനും നിർദേശിച്ചിട്ടുണ്ട്. നടപടി ക്രമങ്ങളിലെ സുതാര്യതയുടെ കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയും പാടില്ല. നിയമങ്ങൾ പൊതുനന്മയ്ക്ക് വേണ്ടിയാണ്. പൊതുജനത്തെ വിശ്വാസത്തിലെടുത്തു വേണം അവ നടപ്പിൽ വരുത്താൻ.

## കാലതാമസം വരുത്തിയാൽ കൽപിത പെർമിറ്റ്

ഗ്രാമപഞ്ചായത്തുകളിൽ ഓൺലൈൻ ആയി മാത്രമേ കെട്ടിട നിർമ്മാണാനുമതി അപേക്ഷകൾ സ്വീകരിക്കാനും തുടർനടപടികൾ സ്വീകരിക്കാനും പാടുള്ളൂ. സങ്കേതം ആപ്ലിക്കേഷൻ മുഖേന ലഭിക്കുന്ന അപേക്ഷയിൽ തുടർനടപടികൾ സ്വീകരിക്കുമ്പോൾ ക്ലാർക്ക് മുതൽ സെക്രട്ടറി/അസിസ്റ്റന്റ് എൻജിനീയർ വരെയുള്ള ഉദ്യോഗസ്ഥർ ആവശ്യമായ ഫയൽ കുറിപ്പ് രേഖപ്പെടുത്തണം. കെ-സ്മാർട്ട് ഓൺലൈൻ ആപ്ലിക്കേഷൻ മുഖേന ലഭിക്കുന്ന കെട്ടിട നിർമ്മാണാനുമതി അപേക്ഷകളിൽ സമയബന്ധിത നടപടികൾ സ്വീകരിക്കാതിരുന്നാൽ, അപേക്ഷകന് കല്പിത പെർമിറ്റ് ലഭിക്കും. അതിനെ തുടർന്നുണ്ടാവുന്ന നിയമതടസ്സങ്ങൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മാത്രമായിരിക്കും ഉത്തരവാദികൾ.

2018 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ(ഭേദഗതി) ആക്ട് നിലവിൽ വരുന്നതിന് മുമ്പ് അനുവദിച്ച കെട്ടിട നിർമ്മാണ പെർമിറ്റ് പ്രകാരം പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് വിനിയോഗാനുമതിയോ നമ്പരോ അനുവദിക്കുന്നതിന് 30.12.2017 തീയതിക്ക് ശേഷം നിലവിൽ വന്ന ആക്ടിലെ വകുപ്പുകൾ പ്രകാരമുള്ള രേഖകൾ നിഷ്കർഷിക്കേണ്ടതില്ല. 2018 ലെ കേരള പഞ്ചായത്ത് രാജ് (അനധികൃത നിർമ്മാണങ്ങൾ ക്രമപ്പെടുത്തൽ) ചട്ടങ്ങൾ പ്രകാരം ലഭിച്ച അപേക്ഷകളിൽ തീർപ്പാക്കാതെ അവശേഷിക്കുന്നവ ജൂലൈ 31 നകം തീർപ്പാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അനധികൃത കെട്ടിട



*തിരുവനന്തപുരം കോർപ്പറേഷനിൽ നടന്ന കെട്ടിട നിർമ്മാണ പെർമിറ്റ് അദാലത്തിൽ മന്ത്രി എ.സി. മൊയ്തീൻ, മേയർ വി.കെ. പ്രശാന്ത്, അഡീഷണൽ ചീഫ് സെക്രട്ടറി ടി.കെ. ജോസ് ഐ.എ.എസ് തുടങ്ങിയവർ.*

നിർമ്മാണം തടയാൻ രൂപീകരിച്ച ജില്ലാതല സ്ക്വാഡിന്റെ പ്രവർത്തനം ഊർജ്ജിതമാക്കാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.


## വേണം സുതാര്യത

ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ ക്വാസി-ജൂഡീഷ്യൽ അധികാരം ഉപയോഗിച്ച് അനധികൃത നിർമ്മാണങ്ങളുടെ പെർമിറ്റ് റദ്ദ് ചെയ്യുകയോ മറ്റ് നടപടികൾ സ്വീകരിക്കുകയോ ചെയ്യുമ്പോൾ, സൈറ്റ് പരിശോധന നടത്തി ലംഘനങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കി നോട്ടീസ് നൽകണം. അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനു മുമ്പ് ബന്ധപ്പെട്ടവരെ നേരിൽ കേൾക്കുകയും വേണം. നിർമ്മാണ അനുമതിക്കോ കെട്ടിട നമ്പർ ലഭിക്കുന്നതിനോ, നിർമാണം ക്രമവൽക്കരിക്കുന്നതിനോ ഉള്ള അപേക്ഷയിൽ, നിയമത്തിന്റെ ചട്ടക്കൂടിനുള്ളിൽ നിന്നു കൊണ്ടേ തീരുമാനമെടുക്കാനാവൂ. എന്നാൽ, അത് വേഗത്തിലാവണം. തീരുമാനത്തിന്റെ യുക്തി അപേക്ഷകനും പൊതുജനത്തിനും ബോധ്യമാവുകയും വേണം.

കെട്ടിട നിർമ്മാണാനുമതി, കെട്ടിട നമ്പർ, വിവിധ ലൈസൻസുകൾ, സർട്ടിഫിക്കറ്റുകൾ തുടങ്ങിയ ആവശ്യങ്ങൾക്ക് ഓഫീസിൽ എത്തുന്ന പൊതുജനങ്ങളോട് ജീവനക്കാർ സൗഹാർദ്ദപരമായും സഭ്യമായും പെരുമാറണം. അപേക്ഷകളിൽ അധിക വിവരങ്ങളോ രേഖകളോ ആവശ്യമുണ്ടെങ്കിൽ അപേക്ഷകനെ ബോധ്യപ്പെടുത്തി ചട്ട പ്രകാരം നോട്ടീസ് നല്കണം. ന്യൂനതകൾ പരിഹരിച്ചാൽ എത്രയുംവേഗം സേവനം നല്കണം. എല്ലാ കാര്യങ്ങളും നിയമപരമായിരിക്കണം. വ്യക്തിപരമായ താൽപര്യങ്ങളോ ഏതെങ്കിലും തരത്തിലുള്ള പക്ഷഭേദമോ തീരുമാനങ്ങളെ ഒരു തരത്തിലും സ്വാധീനിക്കരുത്.

**നിർമ്മാണ അനുമതിക്കോ കെട്ടിട നമ്പർ ലഭിക്കുന്നതിനോ, നിർമ്മാണം ക്രമവൽക്കരിക്കുന്നതിനോ ഉള്ള അപേക്ഷയിൽ, നിയമത്തിന്റെ ചട്ടക്കൂടിനുള്ളിൽ നിന്നു കൊണ്ടേ തീരുമാനമെടുക്കാനാവൂ. എന്നാൽ, അത് വേഗത്തിലാവണം. തീരുമാനത്തിന്റെ യുക്തി അപേക്ഷകനും പൊതുജനത്തിനും ബോധ്യമാവുകയും വേണം.**

കെട്ടിട നിർമ്മാണ അനുമതി അപേക്ഷകളെക്കുറിച്ചുള്ള വിവരങ്ങൾ രണ്ടാഴ്ചയിൽ ഒരിക്കൽ ഗ്രാമപഞ്ചായ ത്തിന്റെ നോട്ടീസ് ബോർഡിലും ഗ്രാമപഞ്ചായത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കണം. കെട്ടിട നിർമ്മാണാനുമതി നല്കുന്നതിന് കാലതാമസം ഉണ്ടെങ്കിൽ കാരണം പ്രൊഫോർമയിലെ റിമാർക്സ് കോളത്തിൽ വ്യക്തമാക്കിയിരിക്കണം. അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടി വിവരങ്ങൾ ഓരോ മാസവും ജില്ലാതലത്തിൽ പരിശോധിച്ച് പഞ്ചായത്ത് ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമാനുസരണ രീതിയിൽ അല്ലാതെ കെട്ടിടനിർമ്മാണ അനുമതി നല്ക



ന്നതിൽ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർ അതിന് വ്യക്തിപരമായി ബാധ്യതപ്പെട്ടിരിക്കും.

## അപേക്ഷകൾ തീർപ്പാക്കാൻ അദാലത്തുകൾ

ഗ്രാമപഞ്ചായത്തുകളിലെ കെട്ടിട നിർമ്മാണ അനുമതി സംബന്ധിച്ച പരാതികൾ അവസാനിക്കാത്ത സാഹചര്യത്തിൽ, കെട്ടിക്കിടക്കുന്ന അപേക്ഷകൾ തീർപ്പാക്കാൻ അദാലത്തുകൾ നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ നിശ്ചയിച്ച് സർക്കുലർ ഇറക്കിയിട്ടുണ്ട്. ( സർക്കുലർ നം. സി 6-12891/19, തീയതി 3-7-2019). നിലം, നഞ്ച, തണ്ണീർത്തടങ്ങൾ എന്നിവയ്ക്ക് കളക്ടറുടെ പ്രതിനിധിയുടെ ശുപാർശ വാങ്ങണം. ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട സ്ഥലമാണെങ്കിൽ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ അഭിപ്രായം തേടണം. തീരദേശ സംരക്ഷണ നിയമത്തിൽ ഉൾപ്പെട്ട സ്ഥലങ്ങൾക്ക് KCZMA പ്രതിനിധിയുടെ അഭിപ്രായവും പരിഗണിക്കണം.

കെട്ടിട നിർമ്മാണ അനുമതി, കെട്ടിട നിർമ്മാണ ക്രമവല്ക്കരണം, ഒക്കുപ്പെൻസി/ കെട്ടിട നമ്പർ എന്നിവയ്ക്കായി ഗ്രാമപഞ്ചായത്തുകളിൽ ലഭിച്ചിട്ടുള്ള അപേക്ഷകളിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ തീർപ്പാക്കാൻ കഴിയുന്ന അപേക്ഷകളിൽ ഉടൻ തീർപ്പുണ്ടാക്കണം. തദ്ദേശസ്വയംഭരണ എൻജിനീയറിംഗ് വിഭാഗം ഇതിന് ആവശ്യമായ സഹായം നല്കണം. 2019 മേയ് 31 വരെ ലഭിച്ചതും ഗ്രാമപഞ്ചായത്ത് തലത്തിൽ തീർപ്പാക്കാൻ കഴിയാത്തതുമായ അപേക്ഷകളുടെ വിശദാംശങ്ങൾ, കെട്ടിട നിർമ്മാണ അനുമതി, കെട്ടിട നിർമ്മാണ ക്രമവല്ക്കരണ അനുമതി, ഒക്കുപ്പെൻസി/ കെട്ടിട നമ്പർ എന്നിവയ്ക്കുള്ള അപേക്ഷകളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് ലഭ്യമാക്കണം.

മറ്റ് വകുപ്പുകളുടെ അനുമതി ആവശ്യമുള്ളവയും അപേക്ഷ ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറിയിട്ടും മറുപടി ലഭിക്കാത്തതുമായവയുടെ വിശദാംശങ്ങൾ ഇതിൽ പ്രത്യേകം രേഖപ്പെടുത്തണം. ഇതിന്റെ അടിസ്ഥാനത്തിൽ അദാലത്ത് നടത്തേണ്ട തീയതിയും സ്ഥലവും സമയവും നിശ്ചയിക്കണം. ജൂലായ് 31നകം എല്ലാ ജില്ലകളിലും അദാലത്തുകൾ നടത്താനാണ് നൽകിയിരിക്കുന്ന നിർദ്ദേശം. അദാലത്ത് കഴിയുന്നതുവരെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരുടെ ഓഫീസുകളിൽ ഇതിനായി പ്രത്യേക സെൽ രൂപീകരിച്ച് പ്രവർത്തിക്കും. ജില്ലാ കളക്ടറുടെ പ്രതിനിധി, ജില്ലാ ടൗൺപ്ലാനർ, പ്രിൻസിപ്പൽ കൃഷി ഓഫീസർ, എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എൻജിനീയർ, ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി, എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എൻജിനീയർ എന്നിവരുടെ സാന്നിദ്ധ്യത്തിലായിരിക്കും അദാലത്തുകൾ. തീരദേശ സംരക്ഷണ നിയമം ബാധകമായ ജില്ലകളിൽ അത്തരം അപേക്ഷകളുണ്ടെങ്കിൽ KCZMA ജില്ലാതല കമ്മിറ്റി ചുമതലപ്പെടുത്തുന്ന അംഗത്തെക്കൂടി പങ്കെടുപ്പിക്കും.

അദാലത്തിൽ പരിഗണിക്കുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നേരിട്ട് ലഭിക്കുന്നതോ ഗ്രാമപഞ്ചായത്ത്

കെട്ടിക്കിടക്കുന്ന ഫയലുകൾക്കു വേണ്ടി ഇനിയൊരിക്കലും ഒരദാലത്തിന്റെ ആവശ്യം ഉണ്ടാകരുത്. ഫയലുകൾ ചുവപ്പുനാടയിൽ കുരുങ്ങാത്ത സുതാര്യവും കാര്യക്ഷമവുമായ ഫയൽ നടപടിയാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്. ജനത്തിന്റെ പ്രതീക്ഷകൾക്കൊത്ത് ഉയരാൻ ഉദ്യോഗസ്ഥർക്കും ഭരണസമിതികൾക്കും കഴിയട്ടെ.

സെക്രട്ടറിമാർ ലഭ്യമാക്കുന്നതോ ആയ എല്ലാ അപേക്ഷകളിലും ബന്ധപ്പെട്ട പെർഫോമെൻസ് ഓഡിറ്റ് സൂപ്പർവൈസർമാർ മുഖേന നേരിട്ട് സൈറ്റ് പരിശോധന നടത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. ആവശ്യമാണെങ്കിൽ ഒരു അസിസ്റ്റന്റ് എൻജിനീയറുടെ സേവനം കൂടി സൈറ്റ് പരിശോധനയ്ക്ക് പ്രയോജനപ്പെടുത്താം. അദാലത്തിൽ ഉടമസ്ഥാവകാശം സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നതിന് ജില്ലാകളക്ടറുടെ പ്രതിനിധിയിൽ നിന്നുള്ള സേവനവും പ്രയോജനപ്പെടുത്തും.

അദാലത്തിൽ പരിഗണിക്കുന്ന കേസുകളിൽ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 220(ബി) യുടെ ലംഘനം ഉള്ളതായി സംശയമുണ്ടെങ്കിൽ വിഷയത്തിൽ ജില്ലാ ടൗൺ പ്ലാനർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് എൻജിനീയർ എന്നിവർ ചേർന്ന് അദാലത്തിന് ശേഷം ഏഴ ദിവസത്തിനകം സ്ഥലപരിശോധന നടത്തി തീരുമാനമെടുക്കും. അദാലത്തിൽ പരിഗണിക്കുന്ന കേസുകളിൽ റവന്യൂ രേഖയിൽ നിലം, നഞ്ച, തണ്ണീർത്തടം എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടുള്ളതാണ് തടസ്സമെങ്കിൽ അത് സംബന്ധിച്ച് ജില്ലാ കളക്ടറുടെ പ്രതിനിധിയുടെ ശുപാർശ വാങ്ങി തുടർ നടപടി കൈക്കൊള്ളും. 2008ലെ കേരള നെൽവയൽ തണ്ണീർത്തട നിയമത്തിന്റെ അടിസ്ഥാനത്തിൽ തയാറാക്കിയിട്ടുള്ള ഡാറ്റാബാങ്കിൽ ഉൾപ്പെട്ടതാണ് തടസമെങ്കിൽ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ അഭിപ്രായം വാങ്ങണം. തീരദേശ സംരക്ഷണ നിയമമാണ് തടസമെങ്കിൽ KCZMA പ്രതിനിധിയുടെ അഭിപ്രായം തേടിയതിനു ശേഷം തുടർനടപടി കൈക്കൊള്ളാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. വച്ചു വൈകിക്കാതെ, ശരിയായ നടപടിക്രമം പിൻതുടർന്നാൽ ഏതു കാര്യത്തിലും തീരുമാനം കൈക്കൊള്ളാവുന്നതേയുള്ളൂ. കെട്ടിക്കിടക്കുന്ന ഫയലുകൾക്കു വേണ്ടി ഇനിയൊരിക്കലും ഒരദാലത്തിന്റെ ആവശ്യം ഉണ്ടാകരുത്. ഫയലുകൾ ചുവപ്പുനാടയിൽ കുരുങ്ങാത്ത സുതാര്യവും കാര്യക്ഷമവുമായ ഫയൽ നടപടിയാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്. ജനത്തിന്റെ പ്രതീക്ഷകൾക്കൊത്ത് ഉയരാൻ ഉദ്യോഗസ്ഥർക്കും ഭരണസമിതികൾക്കും കഴിയട്ടെ.




കവർ സ്റ്റോറി

# നിർമ്മാണ ചട്ടങ്ങൾ ജനങ്ങൾക്കു വേണ്ടി


■ പി.ആർ. സജികുമാർ

**ബിൽഡിംഗ് റൂൾ സംബന്ധമായ കാര്യങ്ങൾ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം പ്രത്യേകം ശ്രദ്ധിക്കണം. പരിശോധനകൾ നടത്തുമ്പോൾ, ചട്ടമനുസരിച്ചുള്ള പോരായ്മകൾ വേണം ചൂണ്ടിക്കാണിക്കാൻ. പോരായ്മകൾ ശരിയാക്കേണ്ടത് എങ്ങനെയെന്ന് രേഖാമൂലം അറിയിക്കുകയും വേണം.**

ബിൽഡിംഗ് പെർമിറ്റിനുള്ള അപേക്ഷ, നടപടിക്രമം, മാനദണ്ഡങ്ങൾ തുടങ്ങിയവ സംബന്ധിച്ച് വ്യക്തമായ നിയമവും ചട്ടങ്ങളും നിലവിലുണ്ട്. ഈ ചട്ടങ്ങളും നടപടി ക്രമങ്ങളും സംബന്ധിച്ചുള്ള അജ്ഞത പലപ്പോഴും പ്രശ്നങ്ങൾക്ക് ഇടയാക്കുന്നുണ്ട്. അപേക്ഷകർ നേരിട്ട് ഇടപെടാതെ മൂന്നാംകക്ഷികളെ ഏർപ്പാട് ചെയ്യുന്നതും ആശയക്കുഴപ്പത്തിന് കാരണമാകുന്നു.

വസ്തു വാങ്ങുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി കെട്ടിട നമ്പർ വാങ്ങുന്നതു വരെയുള്ള ഓരോ ഘട്ടത്തിലും ശ്രദ്ധ വേണം. വാങ്ങുന്ന വസ്തു കേരള ലാൻഡ് യൂട്ടിലിറ്റി (KLU) പരിധിയിൽ പെട്ടതാണോ, സി.ആർ. ഇസഡ് (CRZ) ൽ ഉൾപ്പെട്ടതാണോ, റവന്യൂ/സർക്കാർ ഭൂമിയാണോ, നെൽവയൽ (Paddy field) ആയി രേഖപ്പെടുത്തിയ വസ്തുവാണോ തുടങ്ങിയ നിരവധി കാര്യങ്ങൾ പരിശോധിച്ചിരിക്കണം.

ബിൽഡിംഗ് പ്ലാൻ തയ്യാറാക്കുന്നത് സ്ഥലത്തിനും ഭൂപ്രകൃതിക്കും കാലാവസ്ഥയ്ക്കും അനുയോജ്യമായ രീതിയിലാവണം. കേരളത്തിലെ മുനിസിപ്പാലിറ്റികളിലും ഗ്രാമ പഞ്ചായത്തുകളിലും പാലിക്കപ്പെടുന്ന കെട്ടിട നിർമ്മാണ ചടങ്ങൾക്കനുസൃതമായി ചുറ്റിലും ആവശ്യമായ ഒഴിവ് സ്ഥലങ്ങൾ നൽകിയിരിക്കണം. ഇപ്രകാരം തയ്യാറാക്കുന്ന പ്ലാൻ കുറ്റമറ്റതാണെന്ന്




ഉറപ്പുവരുത്തി, ലൈസൻസുള്ള ബിൽഡിങ്ങ് സൂപ്പർവൈസർ മുഖാന്തരം പെർമിറ്റിന് അപേക്ഷ നൽകണം. പെർമിറ്റിന് അപേക്ഷ നൽകുന്നവരിൽ വലിയൊരു വിഭാഗവും ബിൽഡിംഗ് റൂളിനെക്കുറിച്ച് അജ്ഞരാണെങ്കിലും റൂൾ അനുസരിക്കാൻ തയ്യാറുള്ളവർ ആയിരിക്കും. എന്നാൽ ചട്ടവിരുദ്ധമായി പെർമിറ്റ് കരസ്ഥമാക്കാൻ ആഗ്രഹിക്കുന്നവരും അപേക്ഷയുമായി വരാറുണ്ട്.

എല്ലാ നിർമ്മാണപ്രവൃത്തികളും ബിൽഡിംഗ് ലൈസൻസുള്ള ബിൽഡിങ്ങ് സൂപ്പർവൈസറുടെ മേൽനോട്ടത്തിൽ നടത്തണം എന്ന് കെട്ടിടനിർമ്മാണചട്ടങ്ങൾ അനുശാസിക്കുന്നുണ്ട്. എന്നാൽ വേണ്ടത്ര അറിവില്ലാത്ത മേസ്തിരിമാരുടെ നിർദ്ദേശങ്ങൾ അനുസരിച്ചാണ് പലപ്പോഴും നിർമ്മാണം നടക്കുന്നത്. ഇത് ബിൽഡിംഗ് പെർമിറ്റിന് വിരുദ്ധമായ നിർമ്മാണമായി മാറുകയും ചെയ്യുന്നു.


ബിൽഡിങ്ങ് സൂപ്പർവൈസർക്ക് (Licensed Building Supervisor) നൽകേണ്ട വൻതുക ഫീസ് ഭയന്നാണ് ഇവരെ ഒഴിവാക്കി പ്രവൃത്തികൾ ചെയ്യുന്നത്. ബിൽഡിങ്ങ് സൂപ്പർവൈസർമാരുടെ (LBS) ഫീസും മറ്റും ഇവരുടെ സംഘടന തന്നെ ചർച്ച ചെയ്ത് സാധാരണക്കാരെ കൂടി പരിഗണിച്ച് പ്രസിദ്ധീകരിക്കുന്നത് നന്നായിരിക്കും. അംഗീകരിച്ച പ്ലാനിൽ നിന്ന് വ്യതിചലിച്ച് നിർമ്മാണം നടത്തുകയാണെങ്കിൽ അത് പരിഹരിക്കേണ്ടത് നിർമ്മാതാവിന്റെ കൂടി ചുമതലയാണ്.

പ്രവൃത്തി പൂർത്തിയാവുന്നതിന് മുമ്പ് വീടിന്റെ ചില ഭാഗങ്ങൾ വീണ്ടും വീണ്ടും പൊളിച്ചുകെട്ടുന്ന സന്ദർഭങ്ങളും ഉണ്ടാകാറുണ്ട്. ആർക്കിടെക്ട് ഡിസൈൻ ചെയ്ത പ്ലാനിൽ, വീടിന്റെ ദൃശ്യഭംഗി മെച്ചപ്പെടുത്തുന്നതിനു വേണ്ടിയും അപചയവും മറ്റും കണക്കിലെടുത്തും ഇത്തരത്തിൽ മാറ്റങ്ങൾ വരുത്തുമ്പോൾ അത് ബിൽഡിംഗ് റൂളിനെ ബാധിക്കാത്ത തരത്തിലാണെന്ന് ഉറപ്പുവരുത്തിയിരിക്കണം. നിർമ്മാണം ചട്ടപ്രകാരമാണെങ്കിൽ, എന്തു തരം തടസ്സങ്ങൾക്കും നിയമപരമായ പോംവഴികളും അപ്പീൽ അവസരവുമുണ്ട്.

എന്നാൽ പലയിടത്തും ഇത്തരം കാര്യങ്ങളെ ചൊല്ലി തർക്കങ്ങളും കലുഷിതാന്തരീക്ഷവും ഉണ്ടാകുന്നുണ്ട്. പരാതികൾ വരുമ്പോൾ സാങ്കേതിക വിഭാഗം സന്ദർഭോചിതമായി ഇടപെട്ട് പരിഹാരമുണ്ടാക്കണം. എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരിൽ അറുപത് ശതമാനത്തോളം പേരും പുതിയതായി നിയമനം ലഭിച്ചവരാണ്. ഇവർ കെട്ടിടനിയമങ്ങളും മറ്റും മനസുറച്ച് പഠിക്കുകയും ഈ വിഷയത്തിലുള്ള അജ്ഞത മാറ്റുകയും വേണം. പരിശീലനപരിപാടികളിൽ പങ്കെടുത്ത് സംശയങ്ങൾ യഥാസമയം ദൂരീകരിക്കണം. ജീവനക്കാർ പൊതുജനങ്ങളോട് സ്നേഹത്തോടെ പെരുമാറണം. സർക്കാർ പറയുന്ന സമയത്തിനുള്ളിൽ അപേക്ഷകളിൽ നടപടി എടുക്കണം.

ബിൽഡിംഗ് റൂൾ സംബന്ധമായ കാര്യങ്ങൾ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം പ്രത്യേകം ശ്രദ്ധിക്കണം. കാലാനുസൃതമായ ചട്ടങ്ങൾക്ക് വിധേയമായി മാത്രമേ ഏതൊരു പെർമിറ്റും നൽകാൻ പാടുള്ളൂ. എഞ്ചിനീയറിംഗ് വിഭാഗം പരിശോധനകൾ നടത്തുമ്പോൾ, ചട്ടമനുസരിച്ചുള്ള പോരായ്മകൾ വേണം ചൂണ്ടിക്കാണിക്കാൻ. പോരായ്മകൾ ശരിയാക്കേണ്ടത് എങ്ങനെയെന്ന് രേഖാമൂലം

എല്ലാ നിർമ്മാണപ്രവൃത്തികളും ബിൽഡിംഗ് ലൈസൻസുള്ള ബിൽഡിങ്ങ് സൂപ്പർവൈസറുടെ മേൽനോട്ടത്തിൽ നടത്തണം എന്ന് ചട്ടങ്ങൾ അനുശാസിക്കുന്നുണ്ട്. എന്നാൽ വേണ്ടത്ര അറിവില്ലാത്ത മേസ്തിരിമാരുടെ നിർദ്ദേശങ്ങൾ അനുസരിച്ചാണ് പലപ്പോഴും നിർമ്മാണം നടക്കുന്നത്. ഇത് ബിൽഡിംഗ് പെർമിറ്റിന് വിരുദ്ധമായ നിർമ്മാണമായി മാറുകയും ചെയ്യുന്നു.




അറിയിക്കുകയും വേണം. ഇപ്രകാരം മാറ്റം വരുത്തി സമർപ്പിക്കുന്ന പ്ലാനുകൾ പരിശോധിച്ച് ചട്ടലംഘനങ്ങൾ ഇല്ലെന്ന് ഉറപ്പുവരുത്തി എത്രയും വേഗം പെർമിറ്റ് നൽകണം. രേഖാമൂലം അറിയിച്ച പോരായ്മകൾ തുടരുകയാണെങ്കിൽ, അക്കാര്യം ചൂണ്ടിക്കാട്ടി വീണ്ടും അറിയിപ്പ് നൽകാം.

വീണ്ടും വീണ്ടും പല തെറ്റുകൾ ചൂണ്ടികാണിച്ച് കത്ത് നൽകുന്ന പ്രവണത അവസാനിപ്പിക്കണം. ഏത് ചട്ടങ്ങൾ ലംഘിക്കുന്നു തുടങ്ങിയ കാര്യങ്ങൾ വ്യക്തമാക്കാതെ ലാഘവത്തോടെ നോട്ടീസ് നൽകുന്നത് ശരിയല്ല. അർഹിക്കുന്ന ഗൗരവത്തോടെ ജീവനക്കാർ ഈ കാര്യങ്ങളെ കാണണം. സാങ്കേതിക വിഭാഗം ജീവനക്കാരുടെയും സെക്രട്ടറിമാരുടെയും സമീപനത്തിൽ അതിനനുസരിച്ച് മാറ്റം വരണം. പെർമിറ്റ് നൽകിയതിന് ശേഷം നിർമ്മാണ പ്രവർത്തനങ്ങൾ പരിശോധിക്കാൻ പോകുമ്പോൾ ആ ഭാഗത്തെ എല്ലാ നിർമ്മാണങ്ങളും കണ്ട് ശരിയാണെന്ന് ഉറപ്പുവരുത്തുന്നത് ഉചിതമായിരിക്കും. ബിൽഡിങ്ങ് സൂപ്പർവൈസർമാർ തെറ്റായ രീതിയിലുള്ള നിർമ്മാണങ്ങൾക്ക് കൂട്ടുനിൽക്കുന്നതും ചട്ടലംഘനങ്ങൾ പിടിക്കപ്പെടുമ്പോൾ ഉത്തരവാദിത്വം ഒഴിഞ്ഞ് തദ്ദേശസ്വയം ഭരണ സ്ഥാപനത്തെ പഴിചാരുന്നതും പതിവാണ്.

**എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരിൽ അറുപത് ശതമാനത്തോളം പേരും പുതിയതായി നിയമനം ലഭിച്ചവരാണ്. ഇവർ കെട്ടിടനിയമങ്ങളും മറ്റും മനസുറച്ച് പഠിക്കുകയും ഈ വിഷയത്തിലുള്ള അജ്ഞത മാറ്റുകയും വേണം. പരിശീലന പരിപാടികളിൽ പങ്കെടുത്ത് സംശയങ്ങൾ യഥാസമയം ദൂരീകരിക്കണം.**

പെർമിറ്റ് പ്രകാരം നിർമ്മാണം പൂർത്തിയാക്കിയാൽ ഉടനടി വാസയോഗ്യ സർട്ടിഫിക്കറ്റ് നൽകണം. അംഗീകരിച്ച പ്ലാനിൽ നിന്ന് വ്യതിയാനം ഉണ്ടെങ്കിലും, റൂൾ പ്രകാരം അനുവദനീയമാണെങ്കിൽ, ആവശ്യമായ ഫീസ് ഈടാക്കി റെഗുലറൈസ് ചെയ്ത് നൽകാം. റൂളിന് വിധേയമല്ലാത്ത പ്ലാനുകളുടെ കാര്യത്തിൽ, എവിടെയൊക്കെയാണ് ലംഘനങ്ങൾ ഉള്ളതെന്നും എന്തെല്ലാം മാറ്റങ്ങളാണ് വരുത്തേണ്ടതെന്നും നേരിട്ടും കത്തിലൂടെയും ബോധ്യപ്പെടുത്തണം. ഇതിൽ സംഭവിക്കുന്ന പോരായ്മയാണ് പലപ്പോഴും സംഘർഷത്തിലും വ്യവഹാരങ്ങളിലും ചെന്നെത്തുന്നത്.

നിർമ്മാണത്തിലെ ചട്ടലംഘനങ്ങൾ ഏത് രീതിയിൽ പരിഹരിക്കാം എന്ന വിശദീകരണം കൂടി നോട്ടീസിൽ നൽകിയാൽ ഇത്തരം വിഷയങ്ങളിൽ ഉണ്ടാകുന്ന അനിഷ്ടസംഭവങ്ങൾ ഒഴിവാക്കാൻ കഴിയും. എഞ്ചിനീയറിംഗ് വിഭാഗവും പെർമിറ്റ് കൈകാര്യം ചെയ്യുന്ന സെക്രട്ടറിയുടെ ഓഫീസും നടപടിക്രമങ്ങളിൽ സുതാര്യത ഉറപ്പുവരുത്തിയാൽ പ്രശ്നങ്ങൾ ഒഴിവാകും. ഉദ്യോഗസ്ഥരുടെ സ്വഭാവശുദ്ധിയും സാമൂഹിക പ്രതിബദ്ധതയും കാര്യക്ഷമതയും ക്ഷമയും ഇക്കാര്യത്തിൽ പ്രധാനമാണ്. ചെറുപ്പക്കാരായ ജീവനക്കാർ ചട്ടങ്ങൾ പഠിക്കുകയും ജനങ്ങളുമായി ഇടപഴകി അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുകയും ചെയ്യണം. ഏതു പ്രശ്നത്തിനും ഒരു പരിഹാരമുണ്ടെന്ന ബോധത്തോടെ വേണം കാര്യങ്ങൾ കൈകാര്യം ചെയ്യാൻ. ആന്തൂരിൽ നടന്നതു പോലെയുള്ള നിർഭാഗ്യകരമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ്, മിനിസ്റ്റീരിയൽ വിഭാഗങ്ങളിലെ ജീവനക്കാർ മനസ്സുവയ്ക്കണം.

*ലേഖകൻ തദ്ദേശ സ്വയംഭരണ വകുപ്പ്*
*ചീഫ് എഞ്ചിനീയറാണ്*
*ഫോൺ : 0471-2324951, 9447009951*
*വെബ്സൈറ്റ് - www.celsgd.com*
*ഇ-മെയിൽ - celsgd@gmail.com*



# കെട്ടിട നിർമ്മാണം ഒഴിവാക്കാം ചട്ടലംഘനവും ചുവപ്പുനാടയും

■ കെ. എസ്. ഗിരിജ

**സമീപകാലത്തായി അനധികൃത നിർമ്മാണങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി കാണുന്നു. നിർമ്മാണത്തിന് ഉത്തരവാദികളായവരുടെ സൂക്ഷ്മതക്കുറവു മൂലമാണ് ഇതു സംഭവിക്കുന്നത്.**

താമസക്കാരുടെയും ചുറ്റുപാടുമുള്ളവരുടെയും ആരോഗ്യം, സുരക്ഷ, സൗകര്യങ്ങൾ എന്നിവ മുന്നിൽ കണ്ടാണ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ രൂപീകരിച്ചിരിക്കുന്നത്. സമൂഹത്തിന്റെ നന്മയും സുരക്ഷിതത്വവും ഉദ്ദേശിച്ച് തയ്യാറാക്കിയിട്ടുള്ള ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കാൻ കെട്ടിട നിർമ്മാതാവിനും ഉടമസ്ഥനും ഒരു പോലെ ബാദ്ധ്യതയുണ്ട്. ഈ ചട്ടങ്ങൾ ശരിയായി പാലിക്കപ്പെടുന്നുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തണം.

സമീപകാലത്തായി അനധികൃത നിർമ്മാണങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി കാണുന്നു. നിർമ്മാണത്തിന് ഉത്തരവാദികളായവരുടെ സൂക്ഷ്മതക്കുറവു മൂലമാണ് ഇതു സംഭവിക്കുന്നത്. നിർമ്മാണം നടത്തുമ്പോൾ ചട്ടങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഉടമസ്ഥനെ ബോധ്യപ്പെടുത്തുന്ന ചുമതല പ്രധാനമായും ലൈസൻസികൾക്കാണെങ്കിലും പലപ്പോഴും ഇത് നിർവഹിക്കപ്പെടുന്നില്ല.

## സ്ഥലം വാങ്ങുമ്പോൾ ശ്രദ്ധിക്കുക

വാങ്ങിക്കുന്ന സ്ഥലം ഉദ്ദേശിക്കുന്ന കെട്ടിടം നിർമ്മിക്കുവാൻ അനുയോജ്യമാണെന്ന് കെട്ടിട നിർമ്മാണ ചട്ടപ്രകാരം രജിസ്റ്റർ ചെയ്ത ലൈസൻസികൾ മുഖേന ഉറപ്പുവരുത്തണം. കൂടാതെ, നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമമോ തീരദേശ പരിപാലന നിയന്ത്രണങ്ങളോ ബാധകമായ പ്രദേശമാണോ എന്നത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ അന്വേഷിച്ച് മനസ്സിലാക്കണം. കുത്തനെയുള്ള മലഞ്ചരിവുകൾ, നദീജലം കയറുന്ന സ്ഥലങ്ങൾ, മഴക്കാലത്ത് വെള്ളക്കെട്ടുണ്ടാകുന്ന താഴ്ന്ന പ്രദേശങ്ങൾ എന്നിവ കെട്ടിടനിർമ്മാണത്തിന് അഭികാമ്യമല്ല.

സർവ്വേ നമ്പരും സ്ഥലത്തിന്റെ ലൊക്കേഷൻ പ്ലാനും സഹിതം തദ്ദേശസ്വയംഭരണ സ്ഥാപനത്തെ സമീപിച്ചാൽ, സ്ഥലം ടൗൺ പ്ലാനിംഗ് സ്കീമിൽ ഉൾപ്പെട്ടതാണോ എന്നറിയാം. സ്ഥലം ഏതെങ്കിലും ടൗൺ പ്ലാനിംഗ് സ്കീമിൽ ഉൾപ്പെട്ടതാണെങ്കിൽ, ആ മേഖലയിൽ അനുവദനീയമായ കാര്യങ്ങൾക്കു മാത്രമേ വിനിയോഗിക്കുവാൻ കഴിയൂ.

സ്ഥലത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം നിർമ്മാണം നടത്തുവാൻ സാധിക്കുമോ എന്നറിയാൻ രജിസ്റ്റർ ചെയ്ത ലൈസൻസികളുടെ സേവനം ഉപയോഗപ്പെടുത്താം. സംശയം ഉള്ള പക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനത്തെയോ, ജില്ലാ ടൗൺ പ്ലാനറുടെ ഓഫീസിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കിനെയോ സമീപിക്കണം.

അംഗീകൃത പദ്ധതികൾ പ്രകാരം, റോഡ് വീതി കൂട്ടുന്നതിന് പ്ളോട്ടിൽ നിന്നും സ്ഥലം വിടേണ്ടതുണ്ടെങ്കിൽ അതിനുശേഷം ബാക്കി വരുന്ന ഭാഗത്തു മാത്രമേ നിർമ്മാണം നടത്തുവാൻ സാധിക്കുകയുള്ളൂ. റോഡ് വീതി കൂട്ടുന്നതിന് ആവശ്യമായ സ്ഥലം ടൗൺ പ്ലാനിംഗ് സ്കീമിൽ പറഞ്ഞിട്ടുള്ള പക്ഷം അത് എത്രയെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നോ, ജില്ലാ ടൗൺ പ്ലാനറിൽ നിന്നോ അറിയാവുന്നതാണ്.

റോഡ് വീതി കൂട്ടുന്നതിനോ, വികസിപ്പിക്കുന്നതിനോ ആവശ്യമായ സ്ഥലം സൗജന്യമായി നൽകുകയാണെങ്കിൽ ആയതിന് രേഖാമൂലം തെളിവ് വാങ്ങിയിരിക്കണം. അപ്രകാരം സൗജന്യമായി നൽകുന്ന സ്ഥലത്തിന് ബിൽഡിംഗ് പെർമിറ്റ് വാങ്ങുന്ന സമയത്ത് കെട്ടിട നിർമ്മാണ ചട്ടപ്രകാരമുള്ള (KMBR 1999 അദ്ധ്യായം XI, KPBR 2011അദ്ധ്യായം XI) പ്രത്യേക ആനുകൂല്യം ലഭ്യമാക്കാവുന്നതാണ്.



സംരക്ഷിത സ്മാരകങ്ങൾ, തീരദേശ പ്രദേശങ്ങൾ തുടങ്ങിയവയ്ക്ക് ബാധകമാക്കിയിട്ടുള്ള എന്തെങ്കിലും നിയന്ത്രണങ്ങൾ സ്ഥലത്തിന് ബാധകമാണോ എന്നതും പരിശോധിക്കണം. ഇക്കാര്യം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നോ പുരാവസ്തുവകുപ്പിൽ നിന്നോ ശാസ്ത്ര സാങ്കേതിക, പരിസ്ഥിതി വകുപ്പിൽ നിന്നോ (STED), കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ (KCZMA)നിന്നോ അറിയാവുന്നതാണ്.

> വാങ്ങിക്കുന്ന സ്ഥലം ഉദ്ദേശിക്കുന്ന കെട്ടിടം നിർമ്മിക്കുവാൻ അനുയോജ്യമാണെന്ന് കെട്ടിട നിർമ്മാണ ചട്ടപ്രകാരം രജിസ്റ്റർ ചെയ്ത ലൈസൻസികൾ മുഖേന ഉറപ്പുവരുത്തണം. കൂടാതെ, നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമമോ തീരദേശ പരിപാലന നിയന്ത്രണങ്ങളോ ബാധകമായ പ്രദേശമാണോ എന്നത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ അന്വേഷിച്ച് മനസ്സിലാക്കണം.

വിമാനത്താവളം, റെയിൽവേ ബൗണ്ടറി, സൈനിക കേന്ദ്രങ്ങൾ, പുരാവസ്തു സംരക്ഷിത സ്മാരകങ്ങൾ തുടങ്ങിയവയ്ക്ക് ചുറ്റുമുള്ള പ്ലോട്ടുകളാണെങ്കിൽ നിർമ്മാണം നടത്തുന്നതിനുമുമ്പ് ബന്ധപ്പെട്ട വകുപ്പിന്റെ എൻ.ഒ.സി വാങ്ങണം.

ഹൈ-ടെൻഷൻ വൈദ്യുതി ലൈനുകൾക്ക് സമീപമുള്ള സ്ഥലങ്ങൾ കെട്ടിടങ്ങൾ നിർമ്മിക്കാൻ യോജിച്ചതല്ല. KMBR 23(5), KPBR 26(5) എന്നീ ചട്ടങ്ങൾ പാലിച്ചുവേണം ഇത്തരം പ്ലോട്ടുകളിൽ നിർമ്മാണം നടത്താൻ.

ഭൂവിഭജനം നടത്തിയ പ്ലോട്ടുകൾ വാങ്ങുന്നതിനുമുമ്പ് അതിന് ജില്ലാ ടൗൺ പ്ലാനറുടെയൊ ചീഫ് ടൗൺ പ്ലാനറുടെയോ ലേ ഔട്ട് അംഗീകാരം ഉണ്ടെന്ന് ഉറപ്പുവരുത്തണം. ഇതിൽ പൊതു ഉപയോഗത്തിനുള്ള തുറസ്സായ സ്ഥലത്തിനും (recreational open space ) വൈദ്യുതി ട്രാൻസ്ഫോർമറിനും വേണ്ടി നല്കിയിട്ടുള്ള സ്ഥലങ്ങൾ വാങ്ങരുത്. സ്ഥലം വാങ്ങുന്നതിനുമുമ്പ് കോടതി വ്യവഹാരങ്ങൾ നിലവിലില്ലെന്ന് അന്വേഷിച്ച് ഉറപ്പു വരുത്തണം.



## കെട്ടിടം വാങ്ങുമ്പോൾ

വാങ്ങുവാൻ ഉദ്ദേശിക്കുന്ന കെട്ടിടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്ന് നിയമപ്രകാരം പെർമിറ്റ് വാങ്ങി നിർമ്മിച്ചതാണെന്ന് ഉറപ്പുവരുത്തണം.

കെട്ടിടം വാങ്ങുന്നതിന് മുമ്പ് പെർമിറ്റ് പരിശോധിക്കണം. കൂടാതെ, കെട്ടിടത്തിന് പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകിയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനം ബിൽഡിംഗ് നമ്പർ നൽകിയിട്ടുണ്ടോയെന്നും പരിശോധിക്കണം. പെർമിറ്റിലും ലേ ഔട്ട് അംഗീകാരപത്രത്തിലും പറഞ്ഞ നിബന്ധനകൾ നിർമ്മാണത്തിൽ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം.

കെട്ടിടം നേരിട്ട് സന്ദർശിച്ച ശേഷമേ വാങ്ങുന്ന കാര്യത്തിൽ തീരുമാനം എടുക്കാവൂ. പരസ്യങ്ങൾ, മോഡലുകൾ എന്നിവ മാത്രം കണ്ട് തിടുക്കത്തിൽ ഉറപ്പു നൽകരുത്. രേഖകൾ പരിശോധിച്ച് ബോദ്ധ്യം വന്നശേഷം മാത്രമേ അഡ്വാൻസ് നൽകുകയോ ഉടമ്പടി ഒപ്പുവയ്ക്കുകയോ രജിസ്ട്രേഷൻ നടത്തുകയോ ചെയ്യാൻ പാടുള്ളൂ.

കെട്ടിടത്തിന് പെർമിറ്റ് പ്രകാരമുള്ള സെറ്റ്ബാക്ക് നൽകിയിട്ടുണ്ടെന്നും നിർമ്മാണം നടത്തിയത് പെർമിറ്റ് പ്രകാരമാണെന്നും ഉറപ്പുവരുത്തണം. മിനിമം സെറ്റ് ബാക്ക് നൽകിയിട്ടുള്ള സ്ഥലങ്ങളിൽ യാതൊരു നിർമ്മാണ പ്രവർത്തനങ്ങളും നടത്താൻ പാടില്ല. പ്രധാന റോഡുകളോടോ തദ്ദേശസ്വയംഭരണ സ്ഥാപനം വിജ്ഞാപനം ചെയ്തിട്ടുള്ള റോഡുകളോടോ ചേർന്നുള്ള പ്ലോട്ടിൽ റോഡതിരിൽ നിന്നും മൂന്ന് മീറ്റർ സെറ്റ് ബാക്ക് നല്കിയാവണം നിർമ്മാണം നടത്തുന്നത്. ഈ സ്ഥലത്ത് ഷീറ്റ് റൂഫിംഗ്, കട എന്നിവയടക്കം യാതൊരു നിർമ്മാണ പ്രവൃത്തിയും അനുവദനീയമല്ല.

പ്ലോട്ടു വിഭജനം നടത്തിയിട്ടുള്ള പ്ലോട്ടിലെ കെട്ടിടങ്ങൾ വാങ്ങുമ്പോൾ ടൗൺ പ്ലാനർ/ചീഫ് ടൗൺ പ്ലാനർ എന്നിവരിൽ നിന്നും ലേ ഔട്ട് അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം.

ഫ്ലാറ്റ്/കെട്ടിടം വാങ്ങുമ്പോൾ റോഡിൽ നിന്നും ആവശ്യമായ തുറസ്സായ സ്ഥലം, കാർ പാർക്കിംഗ് സ്ഥലം, വെള്ളം, വൈദ്യുതി, മാലിന്യ നിർമ്മാർജ്ജനം, അഗ്നി സുരക്ഷ ഇവയ്ക്കാവശ്യമായ ക്രമീകരണങ്ങൾ എന്നിവ ഉണ്ടോയെന്ന് പരിശോധിക്കണം.

ഫ്ലാറ്റ് വാങ്ങുമ്പോൾ അതിന്റെ സ്ട്രക്ച്ചറൽ ഡിസൈൻ സ്ട്രക്ച്ചറൽ എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടോ എന്ന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്ന് അന്വേഷിച്ച് മനസ്സിലാക്കണം. നിലവിലുള്ള കെട്ടിടത്തിന്റെ മുകളിൽ വീണ്ടും നിർമ്മിച്ചു നൽകുന്ന കെട്ടിടങ്ങൾ, ഫ്ലാറ്റുകൾ എന്നിവ സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി പുന:പരിശോധിച്ച് ഉറപ്പാക്കിയ ശേഷം മാത്രമേ വാങ്ങാവൂ. കെട്ടിടത്തിന്റെ മുകളിൽ അനധികൃതമായി നിർമ്മിച്ച സ്ഥലം വാടകയ്ക്കോ, ലീസിനോ എടുക്കരുത്. സർക്കാർ സ്ഥാപനങ്ങളോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്ന അനധികൃത കെട്ടിടങ്ങൾ വാങ്ങരുത്.

വിമാനത്താവളം, റയിൽവേ ബൗണ്ടറി, സൈനിക കേന്ദ്രങ്ങൾ, പുരാവസ്തു സംരക്ഷിത സ്മാരകങ്ങൾ തുടങ്ങിയവയ്ക്ക് ചുറ്റുമുള്ള പ്രദേശങ്ങളിലെ കെട്ടിടം വാങ്ങുന്നതിന് മുമ്പ് നിർമ്മാണ നിയന്ത്രണങ്ങൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം.

കെട്ടിടം നിർമ്മിച്ച് ഒക്യുപെൻസി ലഭിച്ചതിനുശേഷം പിന്നീടുള്ള കൂട്ടിച്ചേർക്കലുകൾ ചട്ടവിരുദ്ധമാണ്. കൂട്ടിചേർക്കൽ നടത്തുന്നതിനു പെർമിറ്റ് വാങ്ങിയിരിക്കണം. പെർമിറ്റ് പിന്നീട് ശരിയാക്കാം എന്നുള്ള പ്രലോഭനത്തിൽ വീഴരുത്.

കെട്ടിടങ്ങൾക്കു ചുറ്റും ചട്ട പ്രകാരം വേണ്ട തുറന്ന സ്ഥലത്ത് (Mandatory open space) ജനറേറ്റർ, വാട്ടർടാങ്ക് മുതലായവ പാടില്ല.

**ഫ്ലാറ്റ് വാങ്ങുമ്പോൾ അതിന്റെ സ്ട്രക്ച്ചറൽ ഡിസൈൻ സ്ട്രക്ച്ചറൽ എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടോ എന്ന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്ന് അന്വേഷിച്ച് മനസ്സിലാക്കണം. നിലവിലുള്ള കെട്ടിടത്തിന്റെ മുകളിൽ വീണ്ടും നിർമ്മിച്ചു നൽകുന്ന കെട്ടിടങ്ങൾ, ഫ്ലാറ്റുകൾ എന്നിവ സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി പുന:പരിശോധിച്ച് ഉറപ്പാക്കിയ ശേഷം മാത്രമേ വാങ്ങാവൂ.**



കെട്ടിടങ്ങൾ, ഫ്ലാറ്റുകൾ, കടമുറികൾ എന്നിവ വാങ്ങുമ്പോൾ അവയുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരങ്ങൾ നിലവിലില്ലെന്ന് അന്വേഷിച്ച് ഉറപ്പ് വരുത്തണം.

### കെട്ടിടം നിർമ്മിക്കുമ്പോൾ

കെട്ടിട നിർമ്മാണ മേഖലയിൽ വിശ്വാസ്യതയും അനുഭവസമ്പത്തുമുള്ള ലൈസൻസി, കോൺട്രാക്ടർ എന്നിവരെ തെരഞ്ഞെടുക്കുന്നതു ഉചിതമായിരിക്കും.

നിർമ്മാണാനുമതി (പെർമിറ്റ്) ലഭിച്ചതിനു ശേഷമേ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ. പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ, കാലാവധി തീരുന്നതിനു മുമ്പ് പെർമിറ്റ് പുതുക്കണം. 2 തവണകളായി 9 വർഷം വരെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നു തന്നെ പെർമിറ്റ് പുതുക്കാം.

ഏതെങ്കിലും കാരണവശാൽ പെർമിറ്റിൽ നിന്നും വ്യതിചലിച്ച്, (ചട്ടങ്ങൾക്ക് വിധേയമായി) നിർമ്മാണം നടത്തുകയാണെങ്കിൽ റിവൈസ്ഡ് ഡ്രോയിംഗുകൾ കൊടുത്ത് റിവൈസ്ഡ് പെർമിറ്റ് വാങ്ങണം.

**നിർമ്മാണാനുമതി (പെർമിറ്റ്) ലഭിച്ചതിനു ശേഷമേ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ. പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ, കാലാവധി തീരുന്നതിനു മുമ്പ് പെർമിറ്റ് പുതുക്കണം. 2 തവണകളായി 9 വർഷം വരെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നു തന്നെ പെർമിറ്റ് പുതുക്കാം.**

അംഗീകൃത പ്ലാൻ ഉടമസ്ഥൻ സൂക്ഷിക്കണം. പ്ലാനിന്റെ പകർപ്പ് നിർമ്മാണ സൈറ്റിൽ ലഭ്യമാക്കണം. സ്ഥലപരിശോധന നടത്തുന്ന ഉദ്യോഗസ്ഥർക്ക് പെർമിറ്റും പ്ലാനും പരിശോധനയ്ക്കായി നൽകണം. പെർമിറ്റ് പ്രകാരമാണ് നിർമ്മാണം നടത്തുന്നതെന്ന് ഉടമസ്ഥനും, ലൈസൻസിയും ഉറപ്പുവരുത്തണം.

നിർമ്മാണം നടത്തുമ്പോൾ ആവശ്യമായ സുരക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് കെട്ടിട ഉടമ, ലൈസൻസി, കോൺട്രാക്ടർ തുടങ്ങിയവർ ഉറപ്പുവരുത്തണം. അഗ്നിബാധയോ മറ്റ് അപകടങ്ങളോ ഉണ്ടാകുന്ന സാഹചര്യത്തിൽ കെട്ടിടത്തിലുള്ളവർക്ക് പുറത്തുകടക്കാൻ ചട്ടപ്രകാരമുള്ള സുരക്ഷാ ക്രമീകരണങ്ങൾ മുൻകൂട്ടി ഉറപ്പുവരുത്തണം.

പൊതുജനത്തിന് ബുദ്ധിമുട്ടുണ്ടാകുന്ന തരത്തിൽ നിർമ്മാണ സാമഗ്രികൾ പൊതുനിരത്തിലോ സമീപ പ്ലോട്ടുകളിലോ ശേഖരിക്കരുത്. പൂർത്തീകരിച്ച കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ സമർപ്പിച്ച് കെട്ടിട നമ്പർ വാങ്ങണം. കെട്ടിട നമ്പർ ലഭിച്ച ശേഷം അനധികൃതമായി കൂട്ടിച്ചേർക്കലുകൾ നടത്തുവാൻ പാടില്ല.

### ഉദ്യോഗസ്ഥർ ശ്രദ്ധിക്കാൻ

നിലവിലെ കെട്ടിടനിർമ്മാണചട്ടങ്ങൾ പ്രകാരം [Kerala Municipality Building Rules, 1999 (KMBR) & Kerala Panchayat Building Rules, 2011 (KPBR)] സംസ്ഥാനത്തെ ഏതൊരു സ്ഥലത്തും ഭൂവികസനം, കെട്ടിടനിർമ്മാണം (കൂട്ടിച്ചേർക്കൽ, വിപുലീകരിക്കൽ, മാറ്റം വരുത്തൽ ഉൾപ്പെടെ), നിലവിലെ കെട്ടിടത്തിന്റെ സ്വഭാവത്തിൽ മാറ്റം വരുത്തൽ എന്നിവയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയിൽ നിന്നും പെർമിറ്റ് വാങ്ങണം. എന്നാൽ KMBR, KPBR ചട്ടം 9, 10 എന്നിവയിൽ പ്രതിപാദിക്കുന്ന ചില നിർമ്മാണങ്ങൾക്ക് പെർമിറ്റ് ആവശ്യമില്ല.

കെട്ടിടനിർമ്മാണ അപേക്ഷയോടൊപ്പം സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്നതടക്കമുള്ള രേഖകളും നിർമ്മാണത്തിന്റെ പ്ലാനുകളും ലഭ്യമാക്കിയിരിക്കണം. ഉദ്യോഗസ്ഥർ ഇന രേഖകൾ പരിശോധിച്ച് ശരിയാണെന്ന് ഉറപ്പ് വരുത്തണം.

പ്ലാൻ സമർപ്പിക്കുന്ന സമയത്ത് അപേക്ഷയിൽ മുഴുവൻ വിവരങ്ങളും ഉണ്ടോ എന്ന് പരിശോധിക്കുകയും മറ്റ് വകുപ്പുകളിൽ നിന്ന് (Defence establishment, റെയിൽവേ, എയർപ്പോർട്ട് അതോറിറ്റി, Pollution Control Board, Electrical Inspectorate, Fire & Rescue Department എന്നിവ) എൻ.ഒ.സി മുതലായവ ആവശ്യ



മുണ്ടെങ്കിൽ അവ ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുകയും വേണം. അധിക രേഖകൾ ആവശ്യമുണ്ടെങ്കിൽ അപേക്ഷകനെ ആദ്യം തന്നെ അറിയിക്കണം. ടൗൺ പ്ലാനിംഗ് സ്കീമുകൾ നിലവിലുള്ള സ്ഥലത്ത് അതിലെ വ്യവസ്ഥകൾക്ക വിധേയമായി മാത്രമേ നിർമ്മാണാനുമതി നല്കുവാൻ പാടുള്ളൂ. ഏതെങ്കിലും സുരക്ഷാ മേഖലയ്ക്കുള്ളിൽ നടത്തുന്ന നിർമ്മാണങ്ങൾക്കും മതപരമായ ആവശ്യങ്ങൾക്കുള്ള നിർമ്മാണങ്ങൾക്കും ജില്ലാ കളക്ടറുടെ അനുമതി ആവശ്യമാണ്.

തീരദേശപ്രദേശങ്ങൾ, നെൽവയൽ, തണ്ണീർത്തടം, ഹെറിട്ടേജ് പ്രദേശങ്ങൾ, പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകത്തിന്റെ സമീപപ്രദേശങ്ങൾ എന്നിവിടങ്ങളിൽ നടത്തുന്ന നിർമ്മാണത്തിന് ബന്ധപ്പെട്ട അധികാരികളിൽ നിന്നും അനുമതി വാങ്ങണം. .

അപേക്ഷകളിൽ കാലതാമസമില്ലാതെ തീരുമാനമെടുക്കണം. അപേക്ഷയുടെ ഓരോ ഘട്ടവും വിവരങ്ങളും അപേക്ഷകനെ അറിയിക്കണം. അപേക്ഷയുടെ വിവരം ഓൺലൈനായി അറിയാൻ അവസരമൊരുക്കണം.

പെർമിറ്റിനായി (നഗരസഭയിൽ) സമർപ്പിച്ചിട്ടുള്ള പ്ലാനിൽ ചട്ടലംഘനമോ അപാകതകളോ കണ്ടാൽ, ലൈസൻസിയുടെ പേരും ലൈസൻസ് നമ്പരും ചട്ട ലംഘനങ്ങളുടെ വിവരങ്ങൾ സഹിതം നഗരകാര്യ ഡയറക്ടറെ അറിയിക്കണം.

അപേക്ഷ നിരസിക്കുന്ന പക്ഷം ചട്ട ലംഘനങ്ങൾ ചൂണ്ടിക്കാണിച്ച് അപേക്ഷകന് കത്ത് നൽകണം. പാലിക്കേണ്ട അളവുകളും പ്ലാനിലെ അപര്യാപ്തതയും കത്തിൽ വ്യക്തമാക്കണം .

നിർമ്മാണം നടത്തുന്നത് അംഗീകൃത പെർമിറ്റ് പ്രകാരമാണെന്ന് തദ്ദേശസ്വയംഭരണ സ്ഥാപന ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പു വരുത്തണം. പെർമിറ്റ് പ്രകാരമല്ലാത്ത നിർമാണത്തിനെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കണം.

കെട്ടിട നിർമ്മാണത്തിനുശേഷം ഒക്യുപൻസിക്കായി അപേക്ഷ സമർപ്പിക്കുന്ന അവസരത്തിൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കിയ പ്രകാരമാണ് കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചിട്ടുള്ളതെന്നും പെർമിറ്റ് നൽകിയ പ്ലാനിൽ നിന്നും വ്യതിചലിച്ചിട്ടില്ലെന്നും ഉറപ്പുവരുത്തണം. പെർമിറ്റിൽ നിന്നും വ്യതിചലിച്ച് പൂർത്തിയാക്കിയ ചട്ട ലംഘനമില്ലാത്ത നിർമ്മാണങ്ങൾ കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കി ക്രമവത്ക്കരിക്കാം. ചട്ട ലംഘനത്തോടെയാണ് കെട്ടിട നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതെങ്കിൽ അതിനെ അനധികൃത നിർമ്മാണമായി കണക്കാക്കി ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കണം.

□

*(ലേഖിക മുഖ്യ നഗരാസൂത്രകയാണ്*
*ഫോൺ : 0471-2723429, 9447021429*

*വെബ്സൈറ്റ് :*
*www.townplanningkerala.gov.in*

*ഇ-മെയിൽ :*
*ctpkeralam@gmail.com)*

## ഹെൽപ്പ് ഡെസ്ക്

കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ടൗൺ പ്ലാനിംഗ് സ്കീമുകൾ, ഹെറിറ്റേജ് മേഖലയിൽ ഉൾപ്പെട്ട സ്ഥലങ്ങൾ എന്നിവയെക്കുറിച്ച് സംശയങ്ങൾക്ക് എല്ലാ ബുധനാഴ്ചയും രാവിലെ 10.30 മുതൽ വൈകിട്ട് 4.30 വരെ ജില്ലാ ടൗൺ പ്ലാനർമാരുടെ ഓഫീസുകളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കിൽ നിന്ന് പരിഹാരം തേടാം.


കെട്ടിട നിർമ്മാണം സംബന്ധിച്ച് പരാതിയുണ്ടെങ്കിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 'for the people' (https://pglsgd.kerala.gov.in) എന്ന വെബ് സൈറ്റിൽ നൽകാം.

### ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസ് ഫോൺ നമ്പരുകൾ

| | | | |
|---|---|---|---|
| തിരുവനന്തപുരം | 0471-2339945 | തൃശ്ശൂർ | 0487-2363003 |
| കൊല്ലം | 0474-2742062 | പാലക്കാട് | 0491-2505882 |
| പത്തനംതിട്ട | 0468-2222435 | മലപ്പുറം | 0483-2724997 |
| ആലപ്പുഴ | 0477-2253390 | കോഴിക്കോട് | 0495-2369300 |
| കോട്ടയം | 0481-2564160 | വയനാട് | 0493-6203202 |
| ഇടുക്കി | 0486-2235224 | കണ്ണൂർ | 0497-2707472 |
| എറണാകുളം | 0484-2427223 | കാസർഗോഡ് | 04994-255184 |

അപേക്ഷകളിൽ കാലതാമസമില്ലാതെ തീരുമാനമെടുക്കണം. അപേക്ഷയുടെ ഓരോ ഘട്ടവും വിവരങ്ങളും അപേക്ഷകനെ അറിയിക്കണം. അപേക്ഷയുടെ വിവരം ഓൺലൈനായി അറിയാൻ അവസരമൊരുക്കണം.





# തീരദേശത്തെ കെട്ടിടനിർമ്മാണം നിയമത്തിന്റെ അകവും പുറവും

**സിആർഇസഡിൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ നിർമ്മാണ പ്രവൃത്തികൾക്ക് നിയമപരമായ നിയന്ത്രണമുണ്ട്. കെട്ടിട നിർമ്മാണ അനുമതിക്കുള്ള നടപടിക്രമവും മറ്റു സ്ഥലങ്ങളുടേതിൽ നിന്ന് വ്യത്യസ്തമാണ്. ഇവിടങ്ങളിൽ നിർമ്മാണ പെർമിറ്റ് അനുവദിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാത്രം അധികാര പരിധിയിലല്ല.**

തീരപ്രദേശത്തെ മത്സ്യത്തൊഴിലാളികൾ, മറ്റ് പ്രാദേശിക വിഭാഗങ്ങൾ എന്നിവരുടെ ജീവിതമാർഗങ്ങൾ നിലനിർത്തുക, തീരനിരകളെ സംരക്ഷിക്കുക, സമുദ്ര മേഖലയിലെ പാരിസ്ഥിതിക ഭദ്രത പരിപാലിക്കുക, പ്രകൃതിക്ഷോഭങ്ങൾക്കുള്ള സാധ്യത കണക്കിലെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ശാസ്ത്രീയവും സുസ്ഥിരവുമാക്കുക, പരിസ്ഥിതിക്കും തീരദേശങ്ങളിലെ തനത് ആവാസ വ്യവസ്ഥയ്ക്കും ഹാനികരമാകുന്ന ഇടപെടലുകൾ ഒഴിവാക്കുക തുടങ്ങിയ വിശാല ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് ഇന്ത്യയിൽ തീരദേശ പരിപാലന നിയമങ്ങൾ നടപ്പിൽ വരുത്തിയത്. നിരവധി നിയമ പരിഷ്കരണങ്ങൾക്കും നടപടികൾക്കും ശേഷം, കേന്ദ്ര വനം, പരിസ്ഥിതി മന്ത്രാലയം 2011 ജനവരിയിൽ പുറത്തിറക്കിയ തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനമാണ് ഇന്ത്യയിൽ ഇത് സംബന്ധിച്ച് നിലവിലുള്ള അടിസ്ഥാന നിയമം.

തീരദേശ നിയന്ത്രണം ബാധകമായ പ്രദേശങ്ങളെ പാരിസ്ഥിതികവും ഭൂമിശാസ്ത്രപരവുമായ പ്രത്യേകതകൾക്കനുസരിച്ച് സിആർഇസഡ് 1, സിആർഇസഡ് 2, സിആർഇസഡ് 3, സിആർഇസഡ് 4 എന്നിങ്ങനെ നാല് മേഖലകളായി തിരിച്ചിട്ടുണ്ട്. ഈ പ്രദേശങ്ങളിൽ നിർമ്മാണ പ്രവൃത്തികൾക്ക് നിയമപരമായ നിയന്ത്രണമുണ്ട്. കെട്ടിട നിർമ്മാണ അനുമതിക്കുള്ള നടപടിക്രമവും മറ്റു സ്ഥലങ്ങളുടേതിൽ നിന്ന് വ്യത്യസ്തമാണ്. ഇവിടങ്ങളിൽ നിർമ്മാണ പെർമിറ്റ് അനുവദിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാത്രം അധികാര പരിധിയിലല്ല. ഈ സ്ഥലങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ കേന്ദ്ര നിയമത്തിലെ നിയന്ത്രണങ്ങൾക്ക് വിധേയമാണ്.

തീരദേശ പരിസ്ഥിതി സംരക്ഷണവും പ്രാദേശിക സമൂഹം നേരിടുന്ന ബുദ്ധിമുട്ടുകളും കണക്കിലെടുത്ത് പ്രത്യേക പരിഗണന നൽകേണ്ട സ്ഥലങ്ങളിൽ കേരളത്തിലെ കായലുകളും കായൽത്തുരുത്തുകളും അടങ്ങുന്ന സി.ആർ. ഇസഡ് പ്രദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

### നിർമ്മാണ പ്രവൃത്തികൾക്ക് നിയന്ത്രണം

തീരദേശ നിയമം ബാധകമായ പ്രദേശങ്ങളിൽ കെട്ടിട നിർമ്മാണ അനുമതിക്കുള്ള അപേക്ഷകൾ തദ്ദേശസ്വയംഭരണ

സ്ഥാപന അധികാരികൾ മുഖേന തീരദേശ പരിപാലന അതോറിറ്റിക്ക് സമർപ്പിക്കണം. പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ അധികാരികൾ സാക്ഷ്യപ്പെടുത്തിയ അപേക്ഷയോടൊപ്പം ബിൽഡിംഗ് പ്ലാനും സൈറ്റ് പ്ലാനും ഹാജരാക്കണം. ജില്ലാ മജിസ്ട്രേറ്റ് കൂടിയായ ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല കമ്മിറ്റിയാണ് ഇത്തരം അപേക്ഷകളിൽ തീരുമാനമെടുക്കേണ്ടത്. ഈ കമ്മിറ്റിയിൽ പരമ്പരാഗത തീരദേശ സമൂഹത്തിൽപ്പെട്ട മൂന്ന് പ്രതിനിധികൾ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വനം അസിസ്റ്റന്റ് കൺസർവേറ്റർ എന്നിവർ അംഗങ്ങളും ജില്ലാ ടൗൺ പ്ലാനർ മെമ്പർ സെക്രട്ടറിയുമാണ്. നടപടി ക്രമത്തിന്റെ പകർപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും അപേക്ഷകനും ലഭ്യമാക്കണം.

കടലിന്റെ വേലിയേറ്റ രേഖയിൽ നിന്ന് 100 മീറ്ററിനുള്ളിൽ , നിലവിലുള്ള തറവിസ്തീർണ്ണത്തിന് വിധേയമായി വീടുകളുടെ അറ്റകുറ്റ പണികളും പുനർ നിർമ്മാണവും നടത്താൻ ഈ ജില്ലാതല കമ്മിറ്റിയുടെ അനുമതി വേണം. കടലിന്റെ വേലിയേറ്റ രേഖയിൽ നിന്ന് 100 മീറ്ററിനും 200 മീറ്ററിനും ഇടയിൽ, 100 ച. മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള വീടുകളുടെ നിർമ്മാണവും പുനർ നിർമ്മാണവും അറ്റകുറ്റപ്പണികളും ഈ കമ്മിറ്റിയുടെ അനുമതിക്ക് വിധേയമായിരിക്കണം. നിർമ്മാണ നിരോധിത മേഖലയുടെ വെളിയിൽ, കടലിൽ നിന്ന് 200 മീറ്ററിനും 500 മീറ്ററിനും ഇടയിൽ, 250 ച.മീറ്റർ വരെയുള്ള വീടുകളുടെ നിർമ്മാണത്തിനും പുനർ നിർമ്മാണത്തിനും ഈ കമ്മിറ്റിയുടെ അനുമതി ആവശ്യമാണ്.

## സി.ആർ.ഇസഡ് വിഭജനം

### സി.ആർ.ഇസഡ് I

അതീവ പാരിസ്ഥിതിക പ്രാധാന്യമുള്ളതും തീരദേശ മേഖലയുടെ സ്വാഭാവികത നിലനിർത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നതുമായ പ്രദേശങ്ങൾ ഇതിൽ ഉൾപ്പെടുന്നു. കണ്ടൽക്കാടുകൾ, പവിഴപ്പുറ്റുകളും അവയുൾപ്പെട്ട പാറക്കൂട്ടങ്ങളും അവയോട് അനുബന്ധിച്ച ജൈവവൈവിധ്യവും, മണൽക്കുന്നുകൾ, ജൈവപരമായി സചേതനമായ ചേർപ്പരപ്പുകൾ, ദേശീയ ഉദ്യാനങ്ങൾ, സമുദ്രോദ്യാനങ്ങൾ, വന്യമൃഗസംരക്ഷണ കേന്ദ്രങ്ങൾ, സംരക്ഷിത വനങ്ങൾ, വന്യജീവി ആവാസ കേന്ദ്രങ്ങൾ, ഉപ്പുകളങ്ങൾ, ആമകളുടെ കൂടൊരുക്കൽ സങ്കേതങ്ങൾ,ഹോഴ്സ് ഷൂ ഞണ്ടുകളുടെ ആവാസ സങ്കേതങ്ങൾ, കടൽ പായൽ തിട്ടകൾ, പക്ഷികളുടെ കൂടൊരുക്കൽ സങ്കേതങ്ങൾ എന്നിവയും പൗരാ ണിക പ്രാധാന്യമുള്ള പ്രദേശങ്ങളും പൈതൃക സങ്കേതങ്ങളും ഇതിൽ ഉൾപ്പെടുത്തി വിജ്ഞാപനം ചെയ്തിട്ടുണ്ട്. വേലിയേറ്റ, വേലിയിറക്ക രേഖകൾക്കിടയിലെ പ്രദേശങ്ങളും സി.ആർ.ഇസഡ് I ന്റെ ഭാഗമാണ്.

### സി.ആർ.ഇസഡ് II

തീരരേഖ വരെയോ അതിനു വളരെയടുത്തു വരെയോ വികസന പ്രവൃത്തികൾ നടത്തിയിട്ടുള്ള പ്രദേശങ്ങൾ ഇതിൽ ഉൾപ്പെടുന്നു. മുനിസിപ്പൽ പരിധിയിൽ വരുന്ന പ്രദേശങ്ങൾ, അപ്രോച്ച് പാതകൾ, മലിനജല നിർഗമന സംവിധാനങ്ങൾ, ജലവിതരണം, ഓടകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ നിലവിലുള്ള നഗര സ്വഭാവമുള്ള വികസിത പ്രദേശങ്ങളും ഇതിന്റെ ഭാഗമാണ്.

### സി.ആർ.ഇസഡ് III

സി.ആർ.ഇസഡ് Iലും സി.ആർ.ഇസഡ് II ലും പെടാത്ത, താരതമ്യേന സ്വച്ഛമായ ഉൾപ്രദേശങ്ങളും തീരപ്രദേശ മേഖലകളിലെ സ്ഥലങ്ങളും കാര്യമായ വികസന പ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ലാത്ത പ്രദേശങ്ങളും ഇതിൽ ഉൾപ്പെടും.

**തീരദേശ നിയന്ത്രണം ബാധകമായ പ്രദേശങ്ങളെ പാരിസ്ഥിതികവും ഭൂമിശാസ്ത്രപരവുമായ പ്രത്യേകതകൾക്കനുസരിച്ച് സിആർഇസഡ് 1, സിആർഇസഡ് 2, സിആർഇസഡ് 3, സിആർഇസഡ് 4 എന്നിങ്ങനെ നാല് മേഖലകളായി തിരിച്ചിട്ടുണ്ട്. ഈ പ്രദേശങ്ങളിൽ നിർമ്മാണ പ്രവൃത്തികൾക്ക് നിയമപരമായ നിയന്ത്രണമുണ്ട്.**

### സി.ആർ.ഇസഡ് IV

വേലിയിറക്ക രേഖയിൽ നിന്ന് കടലിലേക്ക് പന്ത്രണ്ട് നോട്ടിക്കൽ മൈൽ ദൂരം വരെയുള്ള ജല പ്രദേശം,സമുദ്ര ജലാശയ മുഖം മുതൽ, വേലിയേറ്റ-വേലിയിറക്ക സ്വാധീനം അനുഭവപ്പെടുന്ന മറ്റ് ജലപ്രദേശങ്ങൾ എന്നിവയാണ് ഇതിൽ ഉൾപ്പെടുന്നത്.

### അനുവദനീയമായ നിർമ്മാണങ്ങൾ

സി.ആർ.ഇസഡ് മേഖലയിൽ അനുവദനീയമായ പ്രവർത്തനങ്ങളും നിയന്ത്രണ മാനദണ്ഡങ്ങളും സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

### സി.ആർ.ഇസഡ് I

ആണവോർജ പദ്ധതികളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, വേലിയേറ്റ, വേലിയിറക്കങ്ങളെ ബാധിക്കാതെ കടലിനെയും ഹാർബറിനെയും ബന്ധിപ്പിക്കുന്ന നിർമ്മാണങ്ങൾ എന്നിവയും പൈപ് ലൈനുകൾ, ആശയവിനിമയ ലൈനുകൾ, കാലാവസ്ഥാ നിരീക്ഷണ റഡാർ എന്നിവ സ്ഥാപിക്കുന്നതും ഈ പ്രവർത്തനങ്ങൾക്ക് അത്യന്താപേക്ഷിതമായ സൗകര്യങ്ങൾ ഒരുക്കുന്നതുമൊഴികെ പുതിയ നിർമ്മാണ പ്രവൃത്തികൾ ഈ മേഖലയിൽ അനുവദനീയമല്ല.

വേലിയേറ്റ വേലിയിറക്ക രേഖകൾക്കിടയിൽ പ്രത്യേക പാരിസ്ഥിതിക പ്രാധാന്യമില്ലാത്തതും പരിസ്ഥിതി ദുർബലമല്ലാത്തതുമായ പ്രദേശങ്ങളിൽ ആവശ്യമായ സുരക്ഷാമാർഗ്ഗങ്ങൾ ഉറപ്പുവരുത്തി നിയമപരമായി നിഷ്കർഷിച്ച പ്രവൃത്തികൾക്ക് അനുമതി നൽകാം. ഈ പ്രദേശങ്ങളിൽ പരമ്പരാഗതമായി അധിവസിച്ചുവരുന്ന ജനങ്ങളുടെ ആവശ്യത്തിനായി ബന്ധപ്പെട്ട സി.ഇസഡ്.എം.എയുടെ അനുമതിയോടെ ചികിത്സാലയങ്ങൾ, പാഠശാലകൾ, പൊതുമഴമറകൾ, ശൗചാലയങ്ങൾ, പാലങ്ങൾ, പാതകൾ, ജെട്ടികൾ, ശുദ്ധജലവിതരണ സംവിധാനങ്ങൾ, അഴുക്കുചാലുകൾ മുതലായവ നിർമിക്കാം. അപായ മേഖലയിലുൾപ്പെട്ട പ്രദേശങ്ങളിൽ ഇത്തരം വികസന പ്രവർത്തനങ്ങൾക്ക് അനുമതി നൽകുമ്പോൾ അനിവാര്യമായ സുരക്ഷാ സംവിധാനങ്ങൾ ഉറപ്പു വരുത്തിയിരിക്കണം.



## സി.ആർ.ഇസഡ് II

ഈ മേഖലയിൽ നിലവിലെ പാതയിൽ നിന്ന് കരയുടെ ഭാഗത്തോ അംഗീകൃത നിർമ്മിതികളിൽ നിന്ന് കരയുടെ ഭാഗത്തോ മാത്രമേ കെട്ടിട നിർമ്മാണം അനുവദിക്കുകയുള്ളൂ.

നിലവിലുള്ളതോ നിർദ്ദിഷ്ടമായതോ ആയ പാതകളിൽ നിന്നും നിലവിലുള്ള അംഗീകൃത നിർമ്മിതികളിൽ നിന്നും കരയുടെ ഭാഗത്തേക്ക് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുമ്പോൾ, നിലവിലുള്ള പ്രാദേശിക, നഗര, ദേശീയ പദ്ധതി നിയന്ത്രണത്തിന് അനുസൃതമായിരിക്കണം. തറ വിസ്തൃതി അനുപാത മാനദണ്ഡങ്ങൾ പാലിച്ചും നിലവിലുള്ള ഉപയോഗത്തിൽ മാറ്റം വരുത്താതെയും പുനർനിർമ്മാണം അനുവദനീയമാണ്. നിലവിലുള്ള പാതയുടെ കടൽ ഭാഗത്ത് പുതിയ പാതകളുണ്ടെങ്കിൽ അവയുടെ കരഭാഗത്തും നിർമ്മാണാനുമതി നൽകുന്നതല്ല.

നിർലവണീകരണ പ്ലാന്റുകൾ, അവയ്ക്കുള്ള അനുബന്ധ സൗകര്യങ്ങൾ, പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്ന് ഊർജ്ജം ഉത്പാദിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ, തുറമുഖങ്ങളിൽ ഭക്ഷ്യ എണ്ണ, രാസവളങ്ങൾ, ധാന്യങ്ങൾ തുടങ്ങിയ അപായകരമല്ലാത്ത ചരക്കുകൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യങ്ങൾ തുടങ്ങിയവ ഈ മേഖലയിൽ അനുവദനീയമാണ്.

## സി.ആർ.ഇസഡ് III

വേലിയേറ്റ രേഖയിൽ നിന്ന് കരഭാഗത്തേക്ക് ഇരുന്നൂറ് മീറ്റർ വരെയുള്ള പ്രദേശവും വേലിയേറ്റ-വേലിയിറക്ക സ്വാധീന ജലാശയത്തിന്റെ നൂറ് മീറ്റർ ദൂരം വരുന്ന പ്രദേശവും വികസന നിഷിദ്ധ മേഖല (എൻ.ഡി.ഇസഡ്) യായി കണക്കാക്കണം. എന്നാൽ സർക്കാർ വിജ്ഞാപനം ചെയ്ത തുറമുഖ പരിധിയിൽ വരുന്ന പ്രദേശത്തിന് വികസന നിഷിദ്ധ മേഖല (എൻ.ഡി.ഇസഡ്) ബാധകമല്ല.

**വേലിയേറ്റ വേലിയിറക്ക രേഖകൾക്കിടയിൽ പ്രത്യേക പാരിസ്ഥിതിക പ്രാധാന്യമില്ലാത്തതും പരിസ്ഥിതി ദുർബലമല്ലാത്തതുമായ പ്രദേശങ്ങളിൽ, ആവശ്യമായ സുരക്ഷാമാർഗ്ഗങ്ങൾ ഉറപ്പുവരുത്തി, നിയമപരമായി നിഷ്കർഷിച്ച പ്രവൃത്തികൾക്ക് അനുമതി നൽകാം.**

അംഗീകൃത നിർമ്മിതികളുടെ നിലവിലുള്ള തറവിസ്തൃതി സൂചിക, സ്തംഭപാദം, സാന്ദ്രത എന്നിവയ്ക്ക് മാറ്റമില്ലാതെ അവയുടെ അറ്റകുറ്റപ്പണികളും പുനർനിർമ്മാണവും വിജ്ഞാപനത്തിൽ അനുമതി നൽകിയ മറ്റ് പ്രവർത്തനങ്ങളും ഇത്തരം പ്രവർത്തനങ്ങൾക്ക് സൗകര്യങ്ങൾ ഒരുക്കുന്നതുമല്ലാതെ മറ്റൊരു നിർമ്മാണ പ്രവർത്തനവും ഈ നിഷിദ്ധ മേഖലയിൽ അനുവദനീയമല്ല. മത്സ്യത്തൊഴിലാളികൾ അടക്കമുള്ള പാരമ്പര്യ തീരദേശ സമൂഹത്തിന് വേലിയേറ്റ രേഖയിൽ നിന്ന് നൂറ് മുതൽ ഇരുനൂറ് മീറ്ററുകൾക്കുള്ളിൽ അവരുടെ താമസത്തിനായി പുതിയ നിർമ്മാണമോ പുനർനിർമ്മിതിയോ അനുവദിക്കാം. ആപൽരക്ഷാ മുൻകരുതലുകൾ, ശുചിത്വ പരിപാലന സംവിധാനങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് വിശദമായ പദ്ധതി തയ്യാറാക്കി പരിസ്ഥിതി വനം മന്ത്രാലയത്തിന്റെ അനുമതി നേടിയതിനു ശേഷം മാത്രമേ ഇത്തരം നിർമാണങ്ങൾ അനുവദനീയമാകുന്നുള്ളൂ.

തദ്ദേശ മലിനീകരണ നിയന്ത്രണ ബോർഡിന്റെയോ സമിതിയുടെയോ മുൻകൂർ അനുമതിയോടു കൂടി ഗാർഹിക മലിനജല സംസ്കരണത്തിനും പുറന്തള്ള



ലിനുമായി നിർമ്മിക്കുന്ന യൂണിറ്റുകൾ, അനുബന്ധ നിർമ്മിതികൾ എന്നിവ ഈ മേഖലയിൽ അനുവദിക്കാം. തദ്ദേശ മത്സ്യത്തൊഴിലാളി സമൂഹത്തിനാവശ്യമായ സൗകര്യങ്ങളായ മീനുണക്കൽ കളങ്ങൾ, ലേല കേന്ദ്രങ്ങൾ, വല നന്നാക്കൽ കളങ്ങൾ, വഞ്ചി നിർമ്മാണ കളങ്ങൾ, ഐസ് പ്ലാന്റുകൾ, ഐസ് പൊടിക്കൽ യൂണിറ്റുകൾ, മത്സ്യ സംസ്കരണ സൗകര്യങ്ങൾ മുതലായവയും അനുവദനീയമാണ്.

പ്രദേശവാസികളുടെ ആവശ്യത്തിനുള്ള ശുശ്രൂഷാ കേന്ദ്രങ്ങൾ, പാഠശാലകൾ, പൊതുമഴമറകൾ, പൊതു ശൗചാലയങ്ങൾ, പാലങ്ങൾ, പാതകൾ, ജലവിതരണ സൗകര്യങ്ങൾ, അഴുക്ക ചാലുകൾ, ശ്മശാനങ്ങൾ, സെമിത്തേരികൾ, വൈദ്യുതി ഉപകേന്ദ്രങ്ങൾ എന്നിവ ഈ വികസന നിഷിദ്ധ മേഖലയിൽ നിർമ്മിക്കാം.

സർക്കാർ വിജ്ഞാപനം ചെയ്ത മാർഗ്ഗ നിർദ്ദേശങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി വേലിയേറ്റ രേഖയിൽ നിന്ന് 200 മീറ്ററിനും 500 മീറ്ററിനും ഇടയിലുള്ള പ്രദേശങ്ങളിൽ വിനോദ സഞ്ചാരികൾ, സന്ദർശകർ എന്നിവരുടെ സൗകര്യാർത്ഥം ഹോട്ടലുകളും കടൽത്തീര റിസോർട്ടുകളും നിർമ്മിക്കാം. വ്യവസ്ഥകൾക്ക് വിധേയമായി മത്സ്യബന്ധന ഗ്രാമങ്ങളുടെയും സങ്കേതങ്ങളുടെയും പരിധിക്കുള്ളിലെ പരമ്പരാഗത വാസസ്ഥലങ്ങളുടെ നിർമ്മാണവും പുനർനിർമ്മാണവും അനുവദിച്ചിട്ടുണ്ട്.

കൃഷി, പുഷ്പഫല സസ്യപരിപാലനം, ഉദ്യാനങ്ങൾ, മേച്ചിൽ പ്രദേശങ്ങൾ, പാർക്കുകൾ, കളിസ്ഥലങ്ങൾ, വനവൽക്കരണം, അപൂർവ്വ ധാതുക്കളുടെ ഖനനം, കടൽവെള്ളത്തിൽ നിന്നും ഉപ്പുണ്ടാക്കൽ, പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്ന് ഊർജം ഉത്പാദിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ തുടങ്ങി വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള മറ്റ് പ്രവൃത്തികളും ഈ മേഖലയിൽ അനുവദിക്കാം.

ഭൂരിഭാഗം പ്രദേശങ്ങളും സിആർഇസഡിൽ ഉൾപ്പെടുന്ന പഞ്ചായത്തുകളിൽ മറ്റിടങ്ങളിൽ സൗകര്യമില്ലാതെ വന്നാൽ

**കേരളത്തിലെ മുഴുവൻ കായൽ തുരുത്തുകളും സി.ആർ.ഇസഡ് വിജ്ഞാപനത്തിന് വിധേയമാണ്. വേലിയേറ്റ രേഖയിൽ നിന്ന് കരയുടെ ഭാഗത്തേക്ക് അൻപത് മീറ്റർ വീതിയുള്ള കായൽ തുരുത്തുകൾ സി.ആർ. ഇസഡ് പ്രദേശമായി കണക്കാക്കും.**

പാഠശാലകൾ, ചികിത്സാലയങ്ങൾ എന്നിവ സിആർഇസഡ് പ്രദേശത്തു തന്നെ നിർമിക്കാൻ സിഇസഡ്എംഎക്ക് അനുമതി നൽകാം.

പൊതുമഴമറകൾ, പൊതു ശൗചാലയങ്ങൾ, ജലവിതരണം, അഴുക്കുചാലുകൾ, പാതകൾ, പാലങ്ങൾ എന്നിവയുടെ നിർമ്മാണത്തിനും നിബന്ധനകൾക്ക് വിധേയമായി നിലവിലുള്ള അംഗീകൃത കെട്ടിടങ്ങളുടെ പുനർനിർമ്മാണത്തിനും നവീകരണത്തിനും അനുമതിയാവാം.

### സി ആർഇസഡ് IV

പ്രാദേശിക ജനസമൂഹം നടത്തി വരുന്ന പാരമ്പര്യ മത്സ്യബന്ധനം, അതിനോടനുബന്ധിച്ച പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ഇവിടെ നിയന്ത്രണമില്ല. ഇവയൊഴികെ കടലിനും വേലിയേറ്റ - വേലിയിറക്ക സ്വാധീനമുള്ള സ്ഥലങ്ങൾക്കും ജലാശയങ്ങൾക്കും ദോഷകരമാവുന്ന നിർമ്മാണങ്ങൾക്ക് സി.ആർ.ഇസഡ് നാലിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

ഇവിടങ്ങളിൽ സംസ്കരിച്ചിട്ടില്ലാത്ത മലിനജലം, മറ്റ് അഴുക്കുകൾ, ബാലസ്റ്റ് ജലം, കപ്പലുകൾ കഴുകിയ അവശിഷ്ടങ്ങൾ എന്നിവ പുറന്തള്ളുകയോ ചാരം, ജലസംസ്കരണ പ്രവർത്തനങ്ങളാൽ ഉണ്ടാകുന്ന ഖരമാലിന്യങ്ങൾ എന്നിവ കൂനകൂട്ടിയിടുകയോ ചെയ്യരുത്. എണ്ണ-വാതക പര്യവേഷണം, കുഴിച്ചെടുക്കൽ, ഖനനം, കപ്പല് -ബോട്ട് ശാലകൾ എന്നിവ മുഖാന്തരം ഉണ്ടാകുന്ന മലിനീകരണം ഈ മേഖലയിൽ അനുവദനീയമല്ല.

പാരമ്പര്യ മത്സ്യത്തൊഴിലാളികൾ, മറ്റ് തീരദേശ സമൂഹങ്ങൾ എന്നിവരുമായി ചർച്ച ചെയ്ത് മലിന ജലസംസ്കരണത്തിന് സമഗ്ര പദ്ധതി തയ്യാറാക്കി ഈ മേഖലകളിൽ നടപ്പാക്കാവുന്നതാണെന്ന് വിജ്ഞാപനം നിർദ്ദേശിക്കുന്നു.

### കേരളത്തിലെ സി.ആർ.ഇസഡ്

കേരളത്തിലെ മുഴുവൻ കായൽ തുരുത്തുകളും സി.ആർ.ഇസഡ് വിജ്ഞാപനത്തിന് വിധേയമാണ്. വേലിയേറ്റ രേഖയിൽ നിന്ന് കരയുടെ ഭാഗത്തേക്ക് അൻപത് മീറ്റർ വീതിയുള്ള കായൽ തുരു

ത്തുകൾ സി.ആർ.ഇസഡ് പ്രദേശമായി കണക്കാക്കും.

ഇത്തരം വേലിയേറ്റ രേഖയിൽ നിന്ന് അൻപത് മീറ്ററിനുള്ളിൽ കായൽ തുരുത്തുകളിലെ വാസ സ്ഥലങ്ങളിൽ അറ്റകുറ്റപ്പണികളും പുനർനിർമ്മാണവും അനുവദിക്കാം. എന്നാൽ പുതിയ നിർമ്മാണ പ്രവൃത്തികൾ പാടില്ല. വേലിയേറ്റ രേഖയിൽ നിന്ന് അൻപത് മീറ്ററിന് വെളിയിൽ കരയുടെ ഭാഗത്തുള്ള കായൽ തുരുത്തുകളിൽ ഗ്രാമപഞ്ചായത്തിന്റെ അനുമതിയോടെ പ്രാദേശിക സമൂഹത്തിനായി വാസസ്ഥലം നിർമ്മിക്കാം.

വേലിയേറ്റ രേഖയിൽ നിന്ന് കരയുടെ ഭാഗത്തേക്ക് അൻപത് മീറ്റർ വീതിയുള്ള കായൽ തുരുത്തുകളിൽ മത്സ്യബന്ധനജെട്ടികൾ, മീനുണക്കൽ കളങ്ങൾ, വല നന്നാക്കൽ കേന്ദ്രങ്ങൾ, പരമ്പരാഗതരീതിയിലുള്ള മത്സ്യസംസ്കരണം, ബോട്ട് നിർമ്മാണ ശാലകൾ, ഐസ് പ്ലാൻറ്, ബോട്ടിന്റെ അറ്റകുറ്റപ്പണികൾ തുടങ്ങിയ കടലോര സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പ്രവൃത്തികളും അനുവദിക്കാം.

വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുൻകൂർ അനുമതിയോടെ സി.ആർ.ഇസഡ് II, സി.ആർ.ഇസഡ് III മേഖലകളിൽ ടൂറിസ്റ്റുകൾക്കും സന്ദർശകർക്കും താൽക്കാലിക താമസത്തിനുള്ള ബീച്ച് റിസോർട്ടുകളും ഹോട്ടലുകളും നിർമ്മിക്കാം. ഈ നിർമ്മാണങ്ങൾ സർക്കാർ വിജ്ഞാപനം ചെയ്ത കർശന നിബന്ധനകൾക്ക് വിധേയമായിരിക്കണം. സമുദ്രോദ്യാനങ്ങൾ, കണ്ടൽക്കാടുകൾ, പവിഴപ്പുറ്റുകൾ, മീനുകളുടെ മുട്ടയിടൽ സങ്കേതങ്ങൾ എന്നിവയുൾപ്പെട്ട പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽ ഇതും അനുവദനീയമല്ല.

രാജ്യത്തിന്റെ പാരിസ്ഥിതിക സുസ്ഥിതിയും തീരദേശ സമൂഹങ്ങളുടെ പരമ്പരാഗത ജീവനോപാധികളുടെ സംരക്ഷണവും ലക്ഷ്യമിടുന്ന ഈ നിയമങ്ങൾ സുഗമമായി നടപ്പാക്കുന്നതിൽ ജനങ്ങളുടെ സഹകരണവും പങ്കാളിത്തവും പ്രധാനമാണ്. അത് ഉറപ്പാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രധാന പങ്കുവഹിക്കാനാവും.

□

*(വിവരങ്ങൾക്ക് കടപ്പാട്:*
*കേരള തീരദേശ മാനേജ്മെന്റ്*
*അതോറിറ്റി, തിരുവനന്തപുരം.)*



# അഗ്നി സുരക്ഷ
## മാനദണ്ഡങ്ങൾ പാലിക്കാം

പതിനഞ്ച് മീറ്ററിൽ കൂടുതൽ ഉയരമോ 1000 ച.മീറ്ററിലധികം അടിസ്ഥാന വിസ്തീർണ്ണമോ ഉള്ള, പാർപ്പിടങ്ങൾ, ലോഡ്ജുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, ഓഫീസുകൾ, വ്യാപാര, വാണിജ്യ സ്ഥാപനങ്ങൾ, സംഭരണ സ്ഥലങ്ങൾ, ഗോഡൗണുകൾ മുതലായ എല്ലാ കെട്ടിടങ്ങൾക്കും ഫയർഫോഴ്സ് ഡയാക്ടറേറ്റിൽ നിന്നോ ചുമതലയുള്ള ഉദ്യോഗസ്ഥനിൽ നിന്നോ അനുമതി വാങ്ങിയിരിക്കണം. കെട്ടിടത്തിന്റെ ഉയരം 15 മീറ്ററിൽ കുറവോ വിസ്തീർണ്ണം 300 ച.മിറ്ററിനും 1000 ച. മീറ്ററിനും ഇടയിലോ ആണെങ്കിൽ, നിശ്ചിത മാതൃകയിൽ അപേക്ഷകന്റെയും ലൈസൻസിയുടെയും സാക്ഷ്യപത്രം ഹാജരാക്കിയാൽ മതിയാകും. സമ്മേളന ഹാളുകൾ, അപായ സാധ്യതയുള്ള വ്യവസായ കെട്ടിടങ്ങൾ എന്നിവയ്ക്ക് അഗ്നി സുരക്ഷാ ഡയറക്ടറേറ്റിൽ നിന്നോ ചുമതലയുള്ള ഉദ്യോഗസ്ഥനാൽ നിന്നോ അനുമതി വാങ്ങണം. സിനിമാ തീയറ്ററുകളുടെ കാര്യത്തിൽ, 1958ലെ കേരള സിനിമാ റഗുലേഷൻ ആക്ടും 1988ലെ ചട്ടങ്ങളും നിഷ്കർഷിക്കുന്ന അഗ്നി സുരക്ഷാ നിബന്ധനകൾ പാലിക്കണം.



# ഐഎസ്ഒ ലക്ഷ്യം ജനസംതൃപ്തി

■ ഡോ. ജെ.ബി. രാജൻ

**ജനങ്ങൾക്ക് പഞ്ചായത്തിൽ നിന്നും സമയബന്ധിതമായി സേവനങ്ങൾ ലഭിക്കണം. ഫയലുകളിൽ കാലതാമസമില്ലാതെ തീർപ്പ് കല്പിക്കണം. ജനങ്ങളോടുള്ള പെരുമാറ്റം സൗഹാർദ്ദപരമാകണം. സേവന പ്രദാനത്തിൽ തുല്യത, സുതാര്യത എന്നീ തത്വങ്ങൾ അനുവർത്തിക്കണം.**

തദ്ദേശസ്വയംഭരണ സ്ഥാപന ഓഫീസുകൾ ജനസൗഹൃദമാക്കുക എന്ന സംസ്ഥാന സർക്കാർ നയത്തിന്റെ ഭാഗമായി കേരളത്തിലെ ഗ്രാമപഞ്ചായത്തുകളെ ഐഎസ്ഒ നിലവാരത്തിൽ എത്തിക്കുന്നതിനുള്ള പരിശ്രമം പഞ്ചായത്ത് ഡയറക്ടറേറ്റിന്റെയും കിലയുടെയും നേതൃത്വത്തിൽ നടന്നുവരികയാണ്. നാളിതുവരെ 500-ൽപ്പരം പഞ്ചായത്തുകൾ ഐഎസ്ഒ 9001:2015 സർട്ടിഫിക്കറ്റ് കരസ്ഥമാക്കി. മറ്റു പഞ്ചായത്തുകളും ഇതേ പാതയിലാണ്. എങ്ങനെയെങ്കിലും ഒരു സർട്ടിഫിക്കറ്റ് തരപ്പെടുത്തിയെടുക്കുകയെന്ന സമീപനം ഒഴിവാക്കി, ജനസംതൃപ്തി ഉറപ്പുവരുത്തുകയാവണം ഇതിന്റെ ലക്ഷ്യം.

## സർട്ടിഫിക്കറ്റ് മുഖമുദ്ര മാത്രം

ഐഎസ്ഒ സർട്ടിഫിക്കറ്റ് സേവന പ്രദാന സംവിധാനത്തിന്റെ ഗുണമേന്മയുള്ള ഒരു മുഖമുദ്ര മാത്രമാണ്. അതിലേക്ക് നടപ്പിലാക്കുന്ന സമ്പൂർണ്ണ ഗുണനിലവാര മാനേജ്മെന്റ് (ടിക്യുഎം) പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പശ്ചാത്തല വികസനം, മനുഷ്യശേഷി വികസനം, പ്രവർത്തനോന്മുഖാന്തരീക്ഷം എന്നിവ സേവന പ്രദാനത്തിന്റെ കാര്യക്ഷമതയ്ക്ക് വേണ്ടിയുള്ളതുമാണ്. ഇതിന്റെ ആത്യന്തിക ലക്ഷ്യം പൊതുജന സംതൃപ്തിയാണ്. സേവന പ്രദാന സംവിധാനത്തിൻറെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിലൂടെ ജനസംതൃപ്തി ഉണ്ടാകുന്ന തരത്തിൽ സേവനം നൽകാം എന്നതാണ് അനുമാനം. എന്നാൽ മെച്ചപ്പെട്ട സംവിധാനം ഏർപ്പെടുത്തുക എന്നതിൽ മാത്രമാണ് പലപ്പോഴും പഞ്ചായത്തുകൾ ശ്രദ്ധ കേന്ദ്രീകരിക്കുക. മെച്ചപ്പെട്ട സംവിധാനത്തോടൊപ്പം നൽകുന്ന സേവനത്തിലും ഗുണമേന്മ ഉറപ്പുവരുത്തിയാൽ മാത്രമേ ടിക്യുഎം ന്റെ ആത്യന്തിക ലക്ഷ്യം കൈവരിക്കുകയുള്ളൂ. അതിനാൽ സംവിധാനങ്ങ

ളുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതോടൊപ്പം ഫലപ്രാപ്തിയും വിലയിരുത്തപ്പെടണം.

## എന്താണ് ജനസൗഹൃദ സമീപനം

പഞ്ചായത്ത് ജനസൗഹൃദമാണെന്ന് ഉറപ്പു വരുത്തുന്നത് നിരവധി ഘടകങ്ങൾ വിലയിരുത്തിയാകണം. ജനങ്ങൾക്ക് പഞ്ചായത്തിൽ നിന്നും സമയബന്ധിതമായി സേവനങ്ങൾ ലഭിക്കണം. ഫയലുകളിൽ കാലതാമസമില്ലാതെ തീർപ്പു കല്പിക്കണം. ജനങ്ങളോടുള്ള പെരുമാറ്റം സൗഹാർദ്ദപരമാകണം. സേവന പ്രദാനത്തിൽ തുല്യത, സുതാര്യത എന്നീ തത്വങ്ങൾ അനുവർത്തിക്കണം.

ജനങ്ങൾക്ക് സേവന ഗുണനിലവാരം വിലയിരുത്താൻ അവസരമുണ്ടാകണം. അതിനുള്ള സംവിധാനം കാര്യക്ഷമമാകണം. വീഴ്ചകൾ കണ്ടാൽ പരിഹാര നടപടികൾ സ്വീകരിക്കണം. ജീവനക്കാരുടെ കാര്യക്ഷമത വിലയിരുത്തലിന് വിധേയമാക്കണം. ഇത്രയും പ്രസക്തമായ ഘടകങ്ങൾ പൂർത്തീകരിക്കുന്ന പഞ്ചായത്തിനെ ജനസൗഹൃദ പഞ്ചായത്ത് എന്നു വിളിക്കാം. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുപരിയായി ജനസംതൃപ്തി ഉറപ്പുവരുത്തുന്ന തരത്തിൽ സേവനം നൽകുവാൻ പ്രത്യേകം ശ്രദ്ധിക്കണം. വൃത്തിയും വെടിപ്പും സൗന്ദര്യവും ഉള്ള ഓഫീസ് സംവിധാനം പഞ്ചായത്തിലേക്ക് വരുന്ന ജനങ്ങൾക്ക് മനസ്സിന് കുളിർമയേകും. തിരികെ പോകുമ്പോഴും അതേ കുളിർമയും സംതൃപ്തിയും നിലനിൽക്കണമെങ്കിൽ കാര്യക്ഷമമായ സേവനവും ഊഷ്മളമായ പെരുമാറ്റവും അനിവാര്യമാണ്.

## സമ്പൂർണ്ണ ഗുണനിലവാര മാനേജ്മെന്റ്

ജനങ്ങളിൽ നിന്നു മാത്രമല്ല, സേവന ദാതാക്കളിൽ നിന്നും ആവലാതികൾ ഉണ്ടാകാം. സേവന ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് പ്രതിബന്ധമായി അസൗകര്യങ്ങൾ, വിഭവദൗർലഭ്യം തുടങ്ങിയ നിരവധി പരിമിതികൾ ചൂണ്ടിക്കാണിക്കാൻ കഴിഞ്ഞേക്കും. നിലവിലുള്ള സംവിധാനത്തിൽ നിന്നുകൊണ്ടും ലഭ്യമായ വിഭവം വിനിയോഗിച്ചുകൊണ്ടും കാര്യക്ഷമമായ പ്രവർത്തനം എന്നതാണ് സമ്പൂർണ്ണ ഗുണനിലവാര മാനേജ്മെന്റിന്റെ (ടിക്യൂഎം) സമീപനം. പഞ്ചായത്തിനെ കാര്യക്ഷമമാക്കാനായി, കാര്യക്ഷമതയുള്ള മനുഷ്യ




വിഭവശേഷി, മെച്ചപ്പെട്ട പശ്ചാത്തല സൗകര്യം, പ്രവർത്തനോന്മുഖാ ന്തരീക്ഷം എന്നീ മൂന്ന് കാര്യങ്ങൾക്കാണ് സമ്പൂർണ്ണ ഗുണനിലവാര മാനേജ്മെന്റ് ഊന്നൽ നൽകുന്നത്.

## കാര്യക്ഷമതയും സേവനമനോഭാവവും അനിവാര്യം

കാര്യക്ഷമമായ സേവനവും ഊഷ്മളമായ പെരുമാറ്റവും പ്രദാനം ചെയ്യണമെങ്കിൽ അതിനുതക്ക അറിവും കഴിവും മനോഭാവവും സേവനദാതാക്കൾക്ക് ഉണ്ടായേ തീരൂ. അറിവും കഴിവും കാര്യപ്രാപ്തിയും സേവനമനോഭാവം പ്രകടനമികവിനും സഹായിക്കും. അറിവും കഴിവും സേവനമനോഭാവവും വളർത്തിയെടുത്താൽ മാത്രമേ കാര്യശേഷിയുള്ള മനുഷ്യവിഭവമായി ജീവനക്കാരെ മാറ്റിയെടുക്കുവാൻ സാധിക്കൂ. അതിന് തുടർച്ചയായ കാര്യശേഷി വികസനം ഉറപ്പു വരുത്തണം. ജനപ്രതിനിധികൾക്കും ജീവനക്കാർക്കും സേവന ഗുണമേന്മ, ദൗത്യം, ലക്ഷ്യങ്ങൾ എന്നിവ സംബന്ധിച്ച വ്യക്തതയുണ്ടാകണം. അതിനുവേണ്ടി കൂട്ടായി പ്രവർത്തിക്കുകയും വേണം.

> ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുപരിയായി ജനസംതൃപ്തി ഉറപ്പുവരുത്തുന്ന തരത്തിൽ സേവനം നൽകുവാൻ പ്രത്യേകം ശ്രദ്ധിക്കണം. വൃത്തിയുംവെടിപ്പും സൗന്ദര്യവും ഉള്ള ഓഫീസ് സംവിധാനം പഞ്ചായത്തിലേക്ക് വരുന്ന ജനങ്ങൾക്ക് മനസ്സിന് കുളിർമയേകും.

## പശ്ചാത്തല സൗകര്യവും പ്രവർത്തനാന്തരീക്ഷവും

ഓഫീസ് പെയിന്റടിച്ച് വൃത്തിയാക്കുകയും ആവശ്യമുള്ള ഉപകരണങ്ങൾ സ്ഥാപിക്കുകയും ചെയ്യുന്നതു കൊണ്ടു മാത്രം പശ്ചാത്തല സൗകര്യം പൂർണ്ണമാകുന്നില്ല. ഇവ നന്നായി പരിപാലിക്കണം. പ്രവർത്തനക്ഷമത തുടർച്ചയായി വിലയിരുത്തുകയും വേണം. മെച്ചപ്പെട്ട പശ്ചാത്തല സൗകര്യങ്ങൾ ഉണ്ടായിട്ടും അത് പരിപാ

ലിക്കാതെ വിടുന്ന അവസ്ഥ ചില പഞ്ചായത്തുകളിലെങ്കിലും കാണുന്നുണ്ട്.

സമ്പൂർണ്ണ ഗുണനിലവാര മാനേജ്മെന്റിന്റെ (ടിക്യുഎം) ഭാഗമായി ആവശ്യത്തിനു വെളിച്ചവും വായുസഞ്ചാരവും ഉള്ള ഓഫീസ് സംവിധാനവും പൊടിപടലങ്ങളും ശബ്ദമലിനീകരണവും ഇല്ലാത്ത ഓഫീസ് അന്തരീക്ഷവും പകുതിയിലധികം ഗ്രാമ പഞ്ചായത്തുകളിലും ഉറപ്പുവരുത്തിയിട്ടുണ്ട്. വേണ്ട വിധം പരിപാലിക്കാതിരുന്നാൽ വീണ്ടും പഴയപടിയാകും. അടിസ്ഥാന സൗകര്യങ്ങളുടെ ചിട്ടയായ പരിപാലനവും തുടർച്ചയായ മെച്ചപ്പെടുത്തലും അനിവാര്യമാണ്. ജീവനക്കാരുടെ കൂട്ടായ്മയും സഹകരണവും കൊണ്ടു മാത്രമേ ഇത് സാധ്യമാകുകയുള്ളൂ. കാര്യക്ഷമമായ ക്വാളിറ്റി സർക്കിൾ പ്രവർത്തനത്തിലൂടെ മെച്ചപ്പെട്ട പ്രവർത്തനാന്തരീക്ഷം ഉറപ്പുവരുത്തണം.

## തുടർച്ചയായ മെച്ചപ്പെടുത്തലുകൾ അനിവാര്യം

തുടർച്ചയായ മെച്ചപ്പെടുത്തലാണ് സമ്പൂർണ്ണ ഗുണനിലവാര മാനേജ്മെന്റിന്റെ അടിസ്ഥാനതത്വം. ജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള കാലതാമസം പടിപടിയായി കുറച്ചു കൊണ്ടുവരുന്ന രീതിയിൽ വർഷങ്ങളുടെ ഇടവേളകളിൽ പൗരാവകാശ രേഖകൾ പുതുക്കണം. മുൻ വർഷത്തെ രേഖ പകർത്തി എഴുതുന്നതിലോ വെറും പുറം ചട്ട മാറ്റുന്നതിലോ മാത്രമായി പൗരാവകാശ രേഖ പുതുക്കൽ അവസാനിക്കരുത്. ജീവനക്കാരെ ആധുനിക സങ്കേതങ്ങൾ പരിചയപ്പെടുത്തണം. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിനനുസരിച്ച് സ്വയം മാറാൻ ജീവനക്കാർ തയ്യാറാവണം. അതിനു തക്ക ഒരു പഠന സംസ്കാരം (Learning Culture) പഞ്ചായത്തിൽ വളർന്നു വരണം. ജീവനക്കാരുടെ കാര്യക്ഷമത മെച്ചപ്പെടുത്താൻ നിരന്തര പരിശീലനവും സ്വയം പഠനവും ഒരു പോലെ പ്രധാനമാണ്.

## ലക്ഷ്യം ഫയൽ പെന്റിംഗ് ഇല്ലാത്ത ടെൻഷൻ രഹിത പഞ്ചായത്ത്

ഓഫീസുകളിൽ ഫയൽ ചംക്രമണസമയം കുറയ്ക്കുന്നതിനും പെന്റിംഗ് ഫയലുകൾ ഇല്ലാത്ത അവസ്ഥ ഉറപ്പുവരുത്തുന്നതിനും നടപടി ഉണ്ടാവണം. സീറോ പെന്റിംഗ് ഫയൽ എന്നത് ഒരു സംസ്കാരമായി വളർത്തിയെടുക്കണം. പല ഓഫീസുകളിലും പൊതുജനങ്ങൾക്കുള്ള സൗകര്യങ്ങൾ ആദ്യഘട്ടത്തിൽ ഒരുക്കുമെങ്കിലും അവയുടെ പ്രവർത്തനക്ഷമത, ഫലപ്രാപ്തി എന്നിവ പിന്നീട് പരിഗണിക്കാറില്ല. പൊതുജനങ്ങൾക്കുള്ള സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കാലോചിതമാക്കുന്നതിനും നിരന്തരം ഇടപെടലുകൾ ഉണ്ടാവണം.

ഭിന്നശേഷിക്കാർ, വയോജനങ്ങൾ, സ്ത്രീകൾ തുടങ്ങിയവർക്ക് പ്രത്യേക പരിഗണന ഉറപ്പുവരുത്തണം. പഞ്ചായത്തിൽ സജ്ജീകരിക്കുന്ന റാമ്പുകൾ ഇവർക്ക് ഉപയോഗിക്കാൻ പാകത്തിനാകണം. കുഞ്ഞിനെ മുലയൂട്ടാനായി സജ്ജീകരിക്കുന്ന മുറികളിൽ നല്ല വെളിച്ചവും ആരോഗ്യകരമായ അന്തരീക്ഷവും ഉണ്ടാവണം. സൗകര്യങ്ങൾ ഉണ്ടാക്കിയാൽ മാത്രം പോരാ. ആവശ്യങ്ങൾക്ക് ഉപയുക്തമായ രീതിയിൽ അവ നിലനിർത്തുകയും വേണം.

കംപ്യൂട്ടറൈസേഷൻ, ഓഫീസ് ഓട്ടമേഷൻ എന്നിവയിലൂടെ ആവർത്തന സ്വഭാവമുള്ള ജോലികൾ കുറച്ച് ജീവനക്കാരുടെ ജോലി ഭാരം ലഘൂകരിക്കണം. ഒരേ സീറ്റുകൾ തുടർച്ചയായി കൈകാര്യം ചെയ്യുന്ന വിരസത ഒഴിവാക്കാൻ ജോലി ചംക്രമണം നടപ്പിലാക്കണം.

ഫയലുകളും രേഖകളും പൂർണ്ണമാക്കി വയ്ക്കണം. റെക്കോർഡ് റൂം നിരന്തരം നവീകരിക്കണം. പൊതുജനങ്ങളുടെ അഭിപ്രായം ശേഖരിച്ച് സേവന ഗുണമേന്മ വിശകലനം ചെയ്യണം. ഉചിതമായ മെച്ചപ്പെടുത്തൽ നടപടികൾ സ്വീകരിക്കണം.

പൊതുജനങ്ങളുടെയും ജീവനക്കാരുടെയും പരാതികൾ പരിഹരിക്കാനുള്ള സംവിധാനം കാര്യക്ഷമമാക്കണം. പരാതികൾ എവിടെ നൽകണം, എത്ര ദിവസം കൊണ്ട് തീർപ്പാകും തുടങ്ങിയ വിവരങ്ങൾ ഓരോ ഓഫീസിലും പരസ്യപ്പെടുത്തണം.

ടച്ച് സ്ക്രീൻ, ടി.വി, കംപ്യൂട്ടർ മുതലായ സംവിധാനങ്ങൾ കൃത്യമായ അറ്റകുറ്റപ്പണികൾ നടത്തി പരിപാലിക്കണം. ഇവ ഉപയോഗപ്പെടുത്താൻ പൊതു ജനങ്ങളെ സഹായിക്കണം. പൊതുജനങ്ങൾക്കായി സജ്ജീകരിച്ചിട്ടുള്ള സൗകര്യങ്ങൾ വിവിധ തരം ബോർഡുകൾ എന്നിവ വൃത്തിയായി സൂക്ഷിക്കുകയും കാലോചിതമാക്കുകയും വേണം. ഹാജർ ബോർഡ്, നോട്ടീസ് ബോർഡ് എന്നിവ ഭംഗിയായി സൂക്ഷിക്കണം.

## സമ്പൂർണ്ണ ഗുണനിലവാര മാനേജ്മെന്റിലേക്ക്

സമ്പൂർണ്ണ ക്വാളിറ്റി മാനേജ്മെൻറിന് അടിസ്ഥാന (hard) തത്ത്വങ്ങളും ജീവൽ (soft) തത്ത്വങ്ങളുമുണ്ട്.

സാധാരണ രീതിയിൽ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുക, ബോർഡുകൾ, റെക്കോർഡ് റൂമുകൾ എന്നിവ ശരിയായി പരിപാലിക്കുക, ഫയൽ നടപടികൾ കൃത്യമാക്കുക തുടങ്ങിയ അടിസ്ഥാന തത്ത്വങ്ങളായിരിക്കും കൂടുതൽ ശ്രദ്ധിക്കുക. ഇതോടൊപ്പം, തുടർച്ചയായ മെച്ചപ്പെടുത്തൽ, തുടർച്ചയായ കാര്യശേഷി വർധിപ്പിക്കൽ, തുടർച്ചയായ മോണിട്ടറിങ് തുടങ്ങിയ ജീവൽ തത്ത്വങ്ങളിൽ കൂടി ശ്രദ്ധിച്ചാലേ സമ്പൂർണ്ണ ഗുണനിലവാര മാനേജ്മെന്റ് പൂർണ്ണമാകൂ. മുൻ ചീഫ് സെക്രട്ടറി ജയകുമാർ ഐഎഎസിന്റെ വാക്കുകൾ ഈ അവസരത്തിൽ പ്രസക്തമാണ്:

"ഓഫീസിൽ വരുന്നവരോട് മറ്റൊരു ദിവസം വരാൻ പറയുന്നതിൽ തെറ്റില്ല. പക്ഷെ, ഉത്തരവാദിത്തത്തോടെ പറയുക. പിന്നീടുള്ള ദിവസം കൃത്യമായി ആവശ്യം നിറവേറ്റിക്കൊടുക്കുക. വരുന്ന ആളിന്റെ സമയവും വിലപ്പെട്ടതാണ്. നമ്മുടെ സൗകര്യാനുസരണമല്ല പെരുമാറേണ്ടത്. ഒരു സർക്കാർ ഓഫീസിൽ വന്നാൽ, എന്ത് എപ്പോൾ എവിടെ നിന്ന് കിട്ടും എന്ന് വ്യക്തമായ സൂചന നൽകണം. പിന്നെ, ചിരിക്കാൻ പറ്റുമെങ്കിൽ ചിരിക്കുക. ഓഫീസർ ഇല്ലെങ്കിൽ എന്നു വരും എന്ന് കൃത്യമായി അറിയിക്കുക. നികുതി കൊടുത്താണ് അവരും ജീവിക്കുന്നത്."

ഗുണമേന്മയുള്ള സേവന സംവിധാനം ഒരുക്കുന്നതോടൊപ്പം ഗുണമേന്മയുള്ള സേവനം നൽകാനും തുടർച്ചയായ മെച്ചപ്പെടുത്തലിലൂടെ പൊതുജന സംതൃപ്തി ഉറപ്പുവരുത്താനും ഉതകുന്ന തരത്തിലാവട്ടെ പഞ്ചായത്തുകളുടെ സമ്പൂർണ്ണ ഗുണനിലവാര മാനേജ്മെന്റ് പ്രവർത്തനങ്ങൾ. അപ്പോഴാണ് ഐഎസ്ഒ 9001: 2015 സർട്ടിഫിക്കറ്റ് അർത്ഥവത്താവുക .

☐

*(ലേഖകൻ കിലയിൽ ഫാക്കൽറ്റിയാണ്: 9447817042)*



# ലൈഫ് മൂന്നാം ഘട്ടത്തിലേക്ക്

2020 ഒക്ടോബറിൽ 85 ഭവന സമുച്ചയങ്ങൾ പൂർത്തിയാകും

ലൈഫ് മിഷൻ പദ്ധതിയിൽ 2020 ഒക്ടോബറോടെ 85 ഭവന സമുച്ചയങ്ങൾ പൂർത്തിയാകും. ഇതിൽ ആദ്യത്തേത് ഇടുക്കി അടിമാലിയിൽ പണി പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. ലൈഫ് മിഷൻ മൂന്നാം ഘട്ടത്തിൽ പൈലറ്റ് അടിസ്ഥാനത്തിൽ നിർമ്മിക്കുന്ന 14 ഭവനസമുച്ചയങ്ങൾ ഉൾപ്പെടെ 70 എണ്ണത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിന് പുറമെ രണ്ട് സുനാമി ഫ്ളാറ്റുകൾക്കും അനുമതിയായി. ഭൂമിയും വീടും ഇല്ലാത്തവർക്കാണ് ഫ്ളാറ്റുകൾ നിർമ്മിച്ചുനൽകുന്നത്.

സഹകരണ വകുപ്പിന്റെ കെയർഹോം പദ്ധതിയിലൂടെ 14 ഭവനസമുച്ചയങ്ങൾ നിർമ്മിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇവ നിർമ്മിക്കുന്നതിനുള്ള സ്ഥലത്തിന്റെ പരിശോധന നടക്കുകയാണ്. ലൈഫ് മിഷൻ ഭവനസമുച്ചയങ്ങളുടെ നിർമ്മാണത്തിനുള്ള പ്രോജക്ട് കൺസൾട്ടൻസികളെ തിരഞ്ഞെടുത്തിട്ടുണ്ട്. സാങ്കേതിക കമ്മിറ്റി അടുത്തയാഴ്ച ചേരും. ഇതിനു ശേഷം ടെണ്ടർ നടപടി ആരംഭിക്കുമെന്ന് ലൈഫ് മിഷൻ സി. ഇ. ഒ യു. വി. ജോസ് പറഞ്ഞു. ഭവന സമുച്ചയങ്ങൾ നിർമ്മിക്കാൻ ബഡ്ജറ്റിൽ 355 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പൈലറ്റ് അടിസ്ഥാനത്തിൽ നിർമ്മിക്കുന്ന 14 എണ്ണത്തിന്റെയും കെയർഹോം പദ്ധതിയിലെ 14ന്റെയും നിർമാണം ഈ സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കുകയാണ് സർക്കാർ ലക്ഷ്യം. 56 ഭവനസമുച്ചയങ്ങളുടെ ടെണ്ടർ നടപടികൾ ഈ വർഷം തന്നെ പൂർത്തിയാക്കും.

ഇടുക്കി അടിമാലി മച്ചിപ്ലാവ് എന്ന സ്ഥലത്താണ് പൂർത്തിയായ ഭവനസമുച്ചയമുള്ളത്. 217 കുടുംബങ്ങളാണ് ഇവിടെയുള്ളത്. ഏഴു നിലകളുള്ള കെട്ടിടത്തിൽ ഓരോ യൂണിറ്റിലും 460 ചതുരശ്രഅടിയിലായി രണ്ട് കിടപ്പുമുറികൾ, അടുക്കള, ഹാൾ എന്നിവയുണ്ട്. ലിഫ്റ്റ്, മാലിന്യസംസ്കരണത്തിന് എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ്, ആരോഗ്യ ഉപകേന്ദ്രം, അംഗൻവാടി, ലൈബ്രറി, തൊഴിൽ പരിശീലന കേന്ദ്രം, കളിസ്ഥലം, കുട്ടികൾക്ക് പഠിക്കുന്നതിനുള്ള പ്രത്യേക ഇടം എന്നിവയും സമുച്ചയത്തിന്റെ ഭാഗമായുണ്ട്. ഇവിടത്തെ താമസക്കാർക്ക് സ്വയംതൊഴിൽ പദ്ധതികളും ഉടൻ ആരംഭിക്കും.

ലൈഫ് മിഷൻ 2017ൽ നടത്തിയ സർവേ പ്രകാരം ഭൂമിയും വീടുമില്ലാത്ത 337416 പേരാണ് കേരളത്തിലുള്ളത്. അർഹരായവരെ കണ്ടെത്തുന്നതിനുള്ള രേഖ പരിശോധനയ്ക്കുള്ള സോഫ്റ്റ്‌വെയർ ആഗസ്റ്റിൽ പഞ്ചായത്തുകളിലെത്തും. പണി തുടങ്ങിയ ശേഷം പൂർത്തീകരിക്കാത്ത 54363 വീടുകളിൽ 51302 വീടുകളുടെ നിർമ്മാണം ആദ്യ ഘട്ടത്തിൽ പൂർത്തിയായി. ബാക്കിയുള്ളവയുടെ പണി പുരോഗമിക്കുന്നു. കേരളത്തിലെ ഭവനരഹിതരായ 98415 പേരിൽ 86706 പേരുടെ വീട് നിർമ്മാണം രണ്ടാം ഘട്ടത്തിൽ ആരംഭിച്ചിരുന്നു. ഇതിൽ 23,608 വീടുകളുടെ നിർമ്മാണം പൂർത്തിയായി. ഇവർക്കുള്ള നാലാം ഗഡു വായ്പ വിതരണം ചെയ്തു.



# സമ്പൂർണ്ണ ആരോഗ്യ, ശുചിത്വ ജാഗ്രതയിലേക്ക്

■ മിർ മൊഹമ്മദ് അലി ഐഎഎസ്

ഈ വർഷത്തെ ആരോഗ്യജാഗ്രതാ പ്രവർത്തനങ്ങൾ കൃത്യമായ ആസൂത്രണത്തോടെ മുന്നോട്ടു പോവുകയാണ്. വരും മാസങ്ങളിൽ മഴയുടെ അളവ് കൂടാനുള്ള സാധ്യത കൂടി കണക്കിലെടുത്ത്, ഇനിയുള്ള ദിവസങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തണം.

ഗുരുതര പകർച്ചവ്യാധി ഭീഷണി സമ്മാനിച്ചാണ് കേരളത്തിലെ ഓരോ മഴക്കാലവും കടന്നു പോകുന്നത്. ചിട്ടയായ പ്രവർത്തനങ്ങളിലൂടെ പകർച്ചവ്യാധി ഭീഷണി ഒഴിവാക്കാനും നാടിന്റെ വൃത്തിയും സമൂഹത്തിന്റെ ആരോഗ്യവും പരിപാലിക്കാനും സാധിക്കും.

മാലിന്യം തരംതിരിച്ച് ശാസ്ത്രീയമായി കൈകാര്യം ചെയ്യുക, മലിനജലം ശരിയായി സംസ്കരിക്കുക, റോഡുകളും പൊതു ഇടങ്ങളും ഓടകളും കൃത്യമായ ഇടവേളകളിൽ വൃത്തിയാക്കി വെള്ളക്കെട്ട് ഒഴിവാക്കുക, കൊതുകുകളുടെ ഉറവിടം നശിപ്പിക്കുക എന്നീ കാര്യങ്ങൾ ഈ പ്രവർത്തനങ്ങളിൽ പ്രധാനമാണ്. മാലിന്യം വലിച്ചെറിയുന്നതും പ്ലാസ്റ്റിക് മുതലായവ കത്തിക്കുന്നതും പൂർണ്ണമായി ഒഴിവാക്കുക തന്നെ വേണം.

പോയ വർഷം തദ്ദേശസ്വയംഭരണ വകുപ്പ്, ആരോഗ്യവകുപ്പ്, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ബന്ധപ്പെട്ട മിഷനുകൾ എന്നിവ പൊതുജന സഹകരണത്തോടെ നടത്തിയ കൂട്ടായ പരിശ്രമത്തിലൂടെ പകർച്ചവ്യാധികളും പനിമരണങ്ങളും പരമാവധി കുറയ്ക്കാൻ സാധിച്ചു. ഈ വർഷത്തെ ആരോഗ്യജാഗ്രതാ പ്രവർത്തനങ്ങൾ കൃത്യമായ ആസൂത്രണത്തോടെ

## ഏതൊക്കെ ഉപാധികൾ

**വീടുകൾ**

കുഴിക്കമ്പോസ്റ്റ്, മൺകലം, ബയോ കമ്പോസ്റ്റർ, കിച്ചൺ ബിൻ, റിങ്ങ് കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ്, വെർമികമ്പോസ്റ്റ്, പൈപ്പ് കമ്പോസ്റ്റ് യൂണിറ്റ്

**സ്ഥാപനതലം**

റിങ്ങ്കമ്പോസ്റ്റ്, എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് (തുമ്പൂർമൂഴി), ബയോ കമ്പോസ്റ്റർ, ബയോഗ്യാസ് പ്ലാന്റ്, ബയോബിൻ (വലുത്), ഓർഗാനിക് വേസ്റ്റ് കമ്പോസ്റ്റിംഗ് മെഷീൻ തുടങ്ങിയവ.

**പൊതുതലം**

എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് (തുമ്പൂർമൂഴി), ബയോഗ്യാസ് പ്ലാന്റ്, വിൻഡ്രോ കമ്പോസ്റ്റ്, ഓർഗാനിക് വേസ്റ്റ് കമ്പോസ്റ്റിംഗ് മെഷീൻ തുടങ്ങിയവ.

മുന്നോട്ടു പോവുകയാണ്. മഴക്കാല പൂർവ്വ തയ്യാറെടുപ്പുകളുടെ ഭാഗമായി ജില്ലാതലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലും മുന്നൊരുക്ക പ്രവർത്തനങ്ങൾ നടന്നു. ഇതുവരെയുള്ള കണക്കുകൾ വച്ച് മഴയുടെ തോത് ഈ വർഷം കുറവാണ്. വരും മാസങ്ങളിൽ മഴയുടെ അളവ് കൂടാനുള്ള സാധ്യത കൂടി കണക്കിലെടുത്ത് ഇനിയുള്ള ദിവസങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തണം.

മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2019 ജനുവരി മാസത്തിൽ ചേർന്ന യോഗത്തിലാണ് ആരോഗ്യജാഗ്രതാ കർമ്മപദ്ധതി നടപ്പിൽ വരുത്താൻ തീരുമാനിച്ചത്. മുഖ്യമന്ത്രി, തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി എന്നിവർ പങ്കെടുത്ത യോഗങ്ങളിൽ ഇതിന്റെ പുരോഗതി പലതവണ വിലയിരുത്തി.

മെയ് മാസം 9 മുതൽ 12 വരെ തീയതികളിൽ മന്ത്രിമാരുടെയും ജനപ്രതിനിധികളുടെയും നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി ശുചീകരണ യജ്ഞം സംഘടിപ്പിച്ചു. എം.എൽ.എ. മാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾക്കു പുറമെ വിദ്യാർത്ഥികളും നാഷണൽ സർവ്വീസ് സ്കീം ഉൾപ്പെടെയുള്ള സ്കൂൾ/കോളേജ് തല സംഘടനകൾ, രാഷ്ട്രീയ സംഘടനകൾ, സാംസ്കാരിക സാമുദായിക സംഘടനകൾ, വിവിധ സന്നദ്ധ സംഘടനകൾ എന്നിവയുടെ പ്രവർത്തകരും പാഴ്‌വസ്തു വ്യാപാരികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്ന ശുചീകരണ യജ്ഞങ്ങളിൽ പങ്കാളികളായി.

ശുചീകരണ യജ്ഞത്തിലൂടെ പരമാവധി അജൈവ വസ്തുക്കൾ വീണ്ടെടുത്ത് വൃത്തിയാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിൽ സൂക്ഷിക്കുകയും, തരംതിരിച്ച് പുന:ചംക്രമണത്തിനായി കൈമാറുകയും ചെയ്തു വരുന്നു. ജൈവ മാലിന്യങ്ങൾ അതതിടങ്ങളിൽ കുഴിക്കമ്പോസ്റ്റിന് വിധേയമാക്കുകയും ശേഷിച്ചവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എയറോബിക് കമ്പോസ്റ്റ് യൂണിറ്റിൽ (തുമ്പൂർമൂഴി) വളമാക്കുകയും ചെയ്യുന്നു. പ്രോജക്ട് ഗ്രീൻ ഗ്രാസിന്റെ ഭാഗമായി ദേശീയ പാതയോരങ്ങൾ, സ്റ്റേറ്റ് ഹൈവേകൾ, തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലുള്ള റോഡുകൾ, വനമേഖലയിലെ റോഡുകൾ തുടങ്ങിയവ ഇത്തരത്തിൽ ശുചീകരിച്ചു. ശുചീകരിച്ച സ്ഥലങ്ങളിൽ

> **മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2019 ജനുവരി മാസത്തിൽ ചേർന്ന യോഗത്തിലാണ് ആരോഗ്യ ജാഗ്രതാ കർമ്മപദ്ധതി നടപ്പിൽ വരുത്താൻ തീരുമാനിച്ചത്. മെയ് മാസം 9 മുതൽ 12 വരെ തീയതികളിൽ മന്ത്രിമാരുടെയും ജനപ്രതിനിധികളുടെയും നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി ശുചീകരണ യജ്ഞം സംഘടിപ്പിച്ചു.**

വീണ്ടും മാലിന്യം നിക്ഷേപിക്കുന്നത് കർശനമായി തടയാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്ത് തലത്തിൽ വാർഡ് ഒന്നിന് 10,000 രൂപ വീതം ശുചിത്വ മിഷൻ വിഹിതമായി നൽകി വരുന്നു. കൂടാതെ, ദേശീയ ആരോഗ്യ ദൗത്യത്തിൽ നിന്നും വാർഡ് ഒന്നിന് 10,000 രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതമായി 5,000 രൂപയും ചേർത്ത് വാർഡൊന്നിന് 25,000 രൂപ ഗ്രാമപഞ്ചായത്തുകൾക്ക് ചെലവഴിക്കാം.





## നിയമം തെറ്റിച്ചാൽ കർശന നടപടി

സമ്പൂർണ്ണ ശുചിത്വവും പഴുതടച്ച ആരോഗ്യജാഗ്രതയും യാഥാർത്ഥ്യമാവണമെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മുൻകൈ പ്രവർത്തനവും നിതാന്ത ജാഗ്രതയും കൂടിയേ തീരൂ. ശുചീകരണ യജ്ഞം നടത്തിയ സ്ഥലങ്ങളിലും ജലസ്രോതസ്സുകളിലും പിന്നീട് മാലിന്യം നിക്ഷേപിക്കുന്നവർക്കും മാലിന്യം കത്തിക്കുന്നവർക്കും എതിരെ കേരള പഞ്ചായത്തിരാജ് ആക്ട്, മുനിസിപ്പാലിറ്റി ആക്ട്, പബ്ലിക് ഹെൽത്ത് ആക്ട്, ദേശീയഹരിത ട്രൈബ്യൂണൽ ഉത്തരവ്, കേരള ഇറിഗേഷൻ & വാട്ടർ കൺസർവേഷൻ ആക്ട്, ഖരമാലിന്യ പരിപാലന ചട്ടം 2016, പോലീസ് ആക്ട് എന്നിവ പ്രകാരം നടപടിയുണ്ടാകും. പോലിസിന്റെ സേവനം കൂടി പ്രയോജനപ്പെടുത്തി ഇവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാം.

ഓരോ മാസവും സ്വീകരിച്ച നിയമ നടപടികൾ, ഈടാക്കിയ പിഴ തുടങ്ങിയ വിവരങ്ങൾ സ്ഥാപനങ്ങളിലും പൊതു സ്ഥലങ്ങളിലും പ്രദർശിപ്പിക്കാം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവയുടെ വെബ്സൈറ്റിലും പത്രമാധ്യമങ്ങൾ മുഖേനയും ഇത്തരം വിവരങ്ങൾ പ്രസിദ്ധപ്പെടുത്താം. ജില്ലാശുചിത്വമിഷനുകളുടെ സഹകരണത്തോടെ പൊതു സ്ഥലങ്ങളിലും ജലസ്രോതസ്സുകൾക്ക് സമീപത്തും നിയമ നടപടികൾ സംബന്ധിച്ച ബോർഡുകൾ സ്ഥാപിക്കാം.

തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലുള്ള വിദ്യാലയങ്ങൾ, ആശുപത്രികൾ, മറ്റ് സർക്കാർ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, വിവാഹ മണ്ഡപങ്ങൾ, ഓഡിറ്റോറിയങ്ങൾ, മറ്റ് സ്വകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലും പൊതു പരിപാടികളിലും ഉത്സവങ്ങൾ, ആഘോഷങ്ങൾ, റാലികൾ, പൊതു സമ്മേളനങ്ങൾ, വിവാഹങ്ങൾ എന്നിവയിലും ഡിസ്പോസിബിൾ വസ്തുക്കളുടെ ഉപയോഗം നിരോധിക്കാം. പകരം കഴുകി ഉപയോഗിക്കാവുന്ന പാത്രങ്ങൾ വാടക ഈടാക്കി വിതരണം ചെയ്യുന്ന ബിസിനസ് സംരംഭങ്ങൾ ആരംഭിക്കാം. എല്ലാ മേഖലകളിലും ഗ്രീൻ പ്രോട്ടോക്കോൾ നിർബന്ധമാക്കാം. ഇത്തരം നടപടികളിലൂടെ ശുചീകരണ ദൗത്യം ഒരു സമ്പൂർണ്ണ ശുചിത്വ, ആരോഗ്യ പരിപാടിയായി വികസിപ്പിക്കാം.

**പൊതുസ്ഥലങ്ങളിലും ജലസ്രോതസ്സുകളിലും മാലിന്യം നിക്ഷേപിക്കുന്നവർക്കും മാലിന്യം കത്തിക്കുന്നവർക്കും എതിരെ കേരള പഞ്ചായത്തിരാജ് ആക്ട്, മുനിസിപ്പാലിറ്റി ആക്ട്, പബ്ലിക് ഹെൽത്ത് ആക്ട്, ദേശീയഹരിത ട്രൈബ്യൂണൽ ഉത്തരവ്, കേരള ഇറിഗേഷൻ & വാട്ടർ കൺസർവേഷൻ ആക്ട്, ഖരമാലിന്യ പരിപാലന ചട്ടം 2016, പോലീസ് ആക്ട് എന്നിവ പ്രകാരം നടപടിയുണ്ടാകും**

## വിവരവ്യാപന പ്രവർത്തനങ്ങൾ

മാലിന്യം വലിച്ചെറിയുന്നതിന്റെ പ്രത്യാഘാതങ്ങൾ, പകർച്ചവ്യാധികൾ ഉണ്ടാകാനുള്ള സാധ്യത, മാലിന്യം തരംതിരിച്ച് സംസ്കരിക്കുന്നതിന്റെ പ്രാധാന്യം, നിയമ നടപടിക്രമങ്ങൾ, മാലിന്യം കത്തിക്കുന്നതിന്റെ ദോഷങ്ങൾ, അതുണ്ടാക്കാവുന്ന മാരകരോഗങ്ങൾ എന്നിവ സംബന്ധിച്ച കാര്യങ്ങൾ പൊതു ജനങ്ങളിൽ എത്തിക്കുന്നതിന് വ്യാപകമായ വിവര വ്യാപന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തണം. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും അതിന്റെ പരിധിയിലെ വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥാപനങ്ങൾ എന്നിവയുടെ എണ്ണം തിട്ടപ്പെടുത്തി, ജൈവമാലിന്യ സംസ്കരണം ആവശ്യമായ ഇടങ്ങൾ കണ്ടെത്തി തരം തിരിച്ച്, അനുയോജ്യമായ മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കാം. ഭൂവിസ്തൃതി കൂടുതലുള്ളയിടങ്ങളിൽ (5 സെന്റിന് മുകളിൽ) കുഴികമ്പോസ്റ്റ് നിർമ്മിച്ചും ജൈവമാലിന്യം സംസ്കരിക്കാം.

## അഴുകാത്ത വസ്തുക്കളുടെ പരിപാലനം

പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അഴുകാത്ത വസ്തുക്കൾ ഹരിതകർമ്മസേന മുഖേന നിശ്ചിത ഇടവേളകളിൽ ശേഖരിക്കാം. ശരിയായ ബോധവൽക്കരണം നടത്തിയാൽ ഇത്തരം പാഴ്‌വസ്തുക്കൾ കഴുകി വൃത്തിയാക്കി ഉണക്കി നൽകാൻ വീടുകളും സ്ഥാപനങ്ങളും തയ്യാറാവും.

അജൈവ വസ്തുക്കൾ സംഭരിക്കുന്നതിനും തരംതിരിക്കുന്നതിനും എം.സി.എഫുകൾ സ്ഥാപിക്കാം. എം.സി.എഫിൽ തരംതിരിച്ച് സംഭരിക്കുന്ന അജൈവവസ്തുക്കൾ ക്ലീൻകേരള കമ്പനിയുടെ സഹകരണത്തോടെ ഏറ്റവും അടുത്തുള്ള റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്) സെന്ററിന് കൈമാറാം. പുനഃചംക്രമണം ചെയ്യാൻ കഴിയുന്നതും അല്ലാത്തതുമായ അജൈവവസ്തുക്കൾ തരംതിരിച്ച് കൈകാര്യം ചെയ്യണം. പുനഃചംക്രമണ മൂല്യമുള്ളവ ക്ലീൻ കേരള കമ്പനിക്കോ പാഴ്‌വസ്തു വ്യാപാരികൾക്കോ നൽകാം. പ്ലാസ്റ്റിക് വസ്തുക്കൾ ഷ്രെഡ് ചെയ്ത് റോഡ് ടാറിംഗിന്




ഉപയോഗിക്കാം.

മുകളിൽ പറഞ്ഞ സംവിധാനങ്ങൾ ഇല്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ താത്കാലിക എം.സി.എഫുകൾ സ്ഥാപിക്കണം. പ്രത്യേക ഡ്രൈവുകൾ നടത്തി, പരമാവധി അജൈവമാലിന്യം ശേഖരിച്ച് പുനഃചംക്രമണത്തിനായി ക്ലീൻ കേരള കമ്പനിക്കോ പാഴ്വസ്തു വ്യാപാരികൾക്കോ ഏറ്റവും അടുത്തുള്ള ആർആർഎഫിനോ കൈമാറണം.

## പ്ലാസ്റ്റിക് ബൈലോ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 2016-ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ പ്രകാരമുള്ള ബൈലോ പാസാക്കുകയും നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ വിതരണവും ഉത്പാദനവും തടയുകയും ചെയ്യണം. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും പരിധിയിൽ വരുന്ന വീടുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും നിശ്ചിത ഇടവേളകളിൽ ഇ-മാലിന്യങ്ങളും അപകടകരമായ മാലിന്യങ്ങളും ശേഖരിച്ച് ക്ലീൻകേരള കമ്പനിക്ക് കൈമാറണം. ഇതിനുള്ള കലണ്ടർ തയ്യാറാക്കി പൊതുജനങ്ങളെയും സ്ഥാപനങ്ങളെയും മുൻകൂട്ടി അറിയിക്കണം. ചെരുപ്പ്, തുകൽ, ബാഗ്, ഉപയോഗശൂന്യമായ ഫർണ്ണിച്ചറുകൾ എന്നിവയും ഇതുപോലെ ശേഖരിച്ച് ക്ലീൻകേരള കമ്പനിക്കോ അംഗീകൃത പാഴ്വസ്തു വ്യാപാരികൾക്കോ ഫാക്ടറികൾക്കോ കൈമാറാവുന്നതാണ്.

നിലവിൽ പൊതു മാലിന്യ സംസ്കരണ സംവിധാനങ്ങളിലൂടെ കൈകാര്യം ചെയ്യാൻ ബുദ്ധിമുട്ടുള്ള സാനിട്ടറി നാപ്കിനുകൾ, ഡയപ്പറുകൾ എന്നിവയുടെ നിർമ്മാർജ്ജനം ശാസ്ത്രീയമാക്കുന്നതിനും അവ ശേഖരിച്ച് സംസ്കരിക്കുന്നതിനും പദ്ധതികൾ തയ്യാറാക്കണം. പ്രകൃതിസൗഹൃദ നാപ്കിനുകളുടെയും ഡയപ്പറുകളുടെയും നിർമ്മാണം പ്രോത്സാഹിപ്പിക്കുകയും വേണം. കുടുംബശ്രീ യൂണിറ്റുകളെ ഇതിനായി ആശ്രയിക്കാം.


സർക്കാർ- സർക്കാരിതര സ്ഥാപനങ്ങളുടെയും നവകേരള മിഷനുകളുടെയും സഹകരണത്തോടെ കൃത്യമായ ആസൂത്രണത്തിന്റെ അടിസ്ഥാനത്തിൽ മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കിയാൽ ശുചിത്വമുള്ള മണ്ണും ജലാശയങ്ങളും നമുക്ക് വീണ്ടെടുക്കാം. അതിലൂടെ പകർച്ചവ്യാധികളേയും മാരകരോഗങ്ങളെയും ചെറുക്കാം. ☐

*ലേഖകൻ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറാണ്.*

### പൊതുജനങ്ങൾ ശ്രദ്ധിക്കാൻ

- വീടുകളിലും സ്ഥാപനങ്ങളിലും മാലിന്യം കത്തിക്കുന്നത് ഒഴിവാക്കുക
- പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അഴുകാത്ത വസ്തുക്കൾ വൃത്തിയാക്കി ഹരിതകർമ്മ സേനയ്ക്കോ പാഴ്വസ്തു വ്യാപാരികൾക്കോ കൈമാറുക.
- അഴുകുന്ന മാലിന്യം വളക്കുഴി നിർമ്മിച്ചോ, ജൈവമാലിന്യ സംസ്കരണ ഉപാധികളിലൂടെയോ വളമാക്കി മാറ്റുക
- ശുചിമുറി, അടുക്കള, വാഷ്ബെയിസിനുകൾ എന്നിവിടങ്ങളിൽ നിന്നുള്ള മലിനജലം സോക്കേജ് പിറ്റിലേക്ക് മാത്രം ഒഴുക്കുക
- വീട്ടിലും പരിസരത്തും വെള്ളംകെട്ടി നിൽക്കുന്ന എല്ലാ സാഹചര്യങ്ങളും ഒഴിവാക്കുക. ഇത് എല്ലാ ആഴ്ചയിലും പരിശോധിച്ച് ഉറപ്പുവരുത്തുക.

> തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 2016-ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ പ്രകാരമുള്ള ബൈലോ പാസാക്കുകയും നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ വിതരണവും ഉത്പാദനവും തടയുകയും ചെയ്യണം.



# അംഗീകാരങ്ങളിൽ തിളങ്ങി കാണക്കാരി

**ബിനോയി പി. ചെറിയാൻ**

ലോകമാകെ ഊർജ്ജോൽപ്പാദന രംഗത്ത് സംഭവിച്ചു കൊണ്ടിരിക്കുന്ന മാറ്റങ്ങളുടെ വഴിയിലാണ് കാണക്കാരി ഗ്രാമപഞ്ചായത്തും സഞ്ചരിക്കുന്നത്.

കോട്ടയം ജില്ലയിലെ കാണക്കാരി ഗ്രാമപഞ്ചായത്ത് അവാർഡുകളുടെ തിളക്കത്തിലാണ്. സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ അക്ഷയ ഊർജ്ജ അവാർഡ് 2018 കാണക്കാരിക്ക് ലഭിച്ചിരിക്കുന്നു. സോളാർപാനൽ ഉപയോഗിച്ച് സൂര്യപ്രകാശത്തിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിച്ച് ഉപയോഗിക്കുന്നതടക്കമുള്ള നൂതന ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾക്കാണ് അവാർഡ്.


ലോകമാകെ ഊർജ്ജോൽപ്പാദന രംഗത്ത് സംഭവിച്ചു കൊണ്ടിരിക്കുന്ന മാറ്റങ്ങളുടെ വഴിയിലാണ് കാണക്കാരി ഗ്രാമപഞ്ചായത്തും സഞ്ചരിക്കുന്നത്. ഭാവിയിൽ ഊർജ്ജോവശ്യങ്ങൾക്ക് ജലവൈദ്യുത പദ്ധതികളെ മാത്രമായി ആശ്രയിക്കാനാവില്ല. കാലാവസ്ഥ വ്യതിയാനത്തിന്റെ ഫലമായി അടിക്കടിയുണ്ടാകുന്ന അതിവൃഷ്ടിയും അൽപ്പവൃഷ്ടിയും സമാന്തര ഊർജ്ജസ്രോതസുകൾ തേടാൻ ലോകത്തെ നിർബന്ധിതമാക്കിയിരിക്കുന്നു. ആണവ വൈദ്യുതി, കൽക്കരി/ഡീസൽ ഉപയോഗിച്ചുള്ള താപനിലയങ്ങൾ എന്നിവയ്ക്കും ഏറെ പരിമിതികളുണ്ട്. ഈ അവസ്ഥയിൽ ശാസ്ത്രലോകം അനുയോജ്യമായ ഊർജ്ജസ്രോതസ്സായി കാണുന്ന സൗരോർജ്ജത്തിന്റെ സാധ്യത, പഞ്ചായത്തിന്റെ അധികാര പരിധിക്കും വിഭവ പരിമിതിക്കും ഉള്ളിൽ നിന്നു കൊണ്ട് ആരായുകയാണ് കാണക്കാരി ഗ്രാമപഞ്ചായത്തും ചെയ്യുന്നത്. ദീർഘവീക്ഷണത്തോടെയുള്ള ഈ സൗരോർജ്ജ വ്യാപന പദ്ധതിക്ക് അവാർഡ് കമ്മറ്റിയുടെ പ്രത്യേകമായ അഭിനന്ദനവും ലഭിച്ചു.

കാണക്കാരി ഗ്രാമപഞ്ചായത്തിലെ ചിറക്കുളം അതിപുരാതനവും ജലസമൃദ്ധവുമാണ്. 2011 ലെ കേന്ദ്ര സർക്കാരിന്റെ പെർക്കുലേഷൻ ടാങ്കുകളുടെ പട്ടികയിൽ ഉൾപ്പെട്ടതാണ് ഈ കുളം. വൃത്തിഹീനമായി കിടന്ന ചിറക്കുളം വൃത്തിയാക്കി കരിങ്കൽ ഭിത്തി നിർമ്മിച്ച്, സംരക്ഷണ വേലി കെട്ടി നടപ്പാതയും നിർമ്മിച്ച്, സോളാർ സ്ട്രീറ്റ്ലൈറ്റുകളും സ്ഥാപിച്ച് ജനങ്ങൾക്ക് ഉല്ലാസ നടത്തത്തിന് അവസരമൊരുക്കിയതോടെയാണ് സോളാർ വ്യാപനമെന്ന ആശയം ജനങ്ങൾ കൂടുതലായി ശ്രദ്ധിച്ചത്.

പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ മേൽക്കൂരയിൽ 30 സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിച്ച് ബാറ്ററിയിൽ സൂക്ഷിക്കുന്നു. ഇതുപയോഗിച്ച് വൈദ്യുതി തടസ്സമില്ലാതെ രാവിലെ മുതൽ




വൈകുന്നേരം വരെ പഞ്ചായത്ത് ഓഫീസ് സുഗമമായി പ്രവർത്തിക്കുന്നു. അന്താരാഷ്ട്ര നിലവാരത്തിലുള്ള ഓഫീസിന്റെ പ്രൗഢിക്ക് ചേർന്ന വിധത്തിലാണ് സോളാർ വൈദ്യുതി ഉൽപാദനവും പ്രവർത്തനവും. ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലായി 269 സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചു. ഈ സ്ട്രീറ്റ് ലൈറ്റുകൾ കെഎസ്ഇബിയുടെ വൈദ്യുതി ഇല്ലാതെ 365 ദിവസവും 12 മണിക്കൂർ പ്രവർത്തിക്കുന്നു. സാധാരണ റ്റ്യൂബുലർ ബാറ്ററിയല്ല, ആധുനിക രീതിയിലുള്ള ജെൽ ബാറ്ററിയാണ് ഈ സ്ട്രീറ്റ് ലൈറ്റുകൾക്ക് ഉപയോഗിക്കുന്നത്.



> പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ സോളാർ വൈദ്യുതിയിൽ പ്രവർത്തിക്കുന്ന ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. വാഹന അപകടമുണ്ടാകുന്ന സ്ഥലങ്ങളും മാലിന്യം വലിച്ചെറിഞ്ഞിരുന്ന സ്ഥലങ്ങളും മുഴുവൻ സമയവും ഈ ക്യാമറകളുടെ നിരീക്ഷണത്തിലാണ്

നൂതന പ്രോജക്ടായി 2019-20 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങിയ പ്രോജക്ടിന്റെ ഭാഗമായി കുറവിലങ്ങാട്, ഏറ്റുമാനൂർ പോലീസ് സ്റ്റേഷനുകളുടെ സഹകരണത്തോടെ പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ സോളാർവൈദ്യുതിയിൽ പ്രവർത്തിക്കുന്ന ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. വാഹന അപകടമുണ്ടാകുന്ന സ്ഥലങ്ങളും മാലിന്യം വലിച്ചെറിഞ്ഞിരുന്ന സ്ഥലങ്ങളും മുഴുവൻ സമയവും ഈ ക്യാമറകളുടെ നിരീക്ഷണത്തിലാണ്. സമ്പൂർണ്ണ മാലിന്യമുക്ത പഞ്ചായത്ത് എന്ന ലക്ഷ്യത്തിലേക്കുള്ള നടപടികളുടെ ഭാഗമാണിത്.

ഒന്നര കോടിയോളം രൂപ മുതൽമുടക്കി ആധുനിക രീതിയിൽ നിർമ്മിച്ച പുതിയ പഞ്ചായത്താഫീസിന് ഐഎസ്ഒ 9001-2015 സാക്ഷ്യപത്രം ലഭിച്ചു. ആരോഗ്യ മേഖലയിലെ മികച്ച പ്രവർത്തനങ്ങൾക്ക് ജില്ലയിൽ രണ്ടാം സ്ഥാനത്തോടെ ആർദ്ര കേരളം പുരസ്കാരവും കാണക്കാരി ഗ്രാമപഞ്ചായത്തിന് ലഭിച്ചു.

പഞ്ചായത്ത് പ്രസിഡന്റ് ബിനോയി പി. ചെറിയാൻ, വൈസ് പ്രസിഡന്റ് മിനു മനോജ്, മുൻ പ്രസിഡന്റ് ചെറിയാൻ മാത്യു, മുൻ വൈസ് പ്രസിഡന്റ് ജെസ്സി മാത്യു, പഞ്ചായത്ത് സെക്രട്ടറി ബെന്നി ജേക്കബ് എന്നിവരുടെ നേതൃത്വത്തിൽ നടക്കുന്ന ഒത്തൊരുമയോടെയുള്ള പ്രവർത്തനങ്ങളാണ് അംഗീകാരങ്ങൾക്ക് പിറകേ അംഗീകാരങ്ങളിലേക്ക് കാണക്കാരി ഗ്രാമപഞ്ചായത്തിനെ നയിക്കുന്നത്. □

*(ലേഖകൻ കാണക്കാരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റാണ്)*

# കില ന്യൂസ്



യു.എൻ.ഇ.പി പ്രതിനിധികൾ കില ഡയറക്ടർ ഡോ. ജോയ് ഇളമണമായി ചർച്ച നടത്തുന്നു.

## യുഎൻഇപിയുമായി ചേർന്ന് ദുരന്തനിവാരണ പരിശീലനം

പ്രകൃതി ദുരന്തങ്ങളെ നേരിടാൻ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെ സജ്ജമാക്കുന്ന പരിശീലനപരിപാടിക്ക് യു.എൻ.ഇ.പി. (യുണൈറ്റഡ് നേഷൻസ് എൻവയൺമെന്റ് പ്രോഗ്രാം)യും കിലയും ചേർന്ന രൂപം നൽകി. പ്രളയത്തിന്റെയും വരൾച്ചയുടെയും സാഹചര്യത്തിൽ ദുരന്ത സാധ്യതയും പ്രകൃതിക്ഷോഭങ്ങളുടെ ആഘാതവും കുറയ്ക്കുന്നതു സംബന്ധിച്ച് ദേശീയ-അന്തർദേശീയ വിദഗ്ധരുടെ അറിവും സാങ്കേതികജ്ഞാനവും പ്രാദേശിക സർക്കാരുകൾക്ക ലഭ്യമാക്കുകയാണ് പരിശീലന പരിപാടിയുടെ ലക്ഷ്യം.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി, അയ്യങ്കാളി നഗര തൊഴിലുറപ്പുപദ്ധതി എന്നിവ ഉപയോഗപ്പെടുത്തി. ദുരന്ത സാദ്ധ്യതാ ലഘൂകരണത്തിന് പരിസ്ഥിതി സൗഹൃദ പ്രോജക്റ്റുകൾ ആവിഷ്ക്കരിക്കുന്നതിനുള്ള വൈദഗ്ധ്യം ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പകർന്ന നൽകും. പുഴയോരസംരക്ഷണം, കണ്ടൽക്കാടുകളുടെ സംരക്ഷണവും പുനരുജ്ജീവനവും, മണ്ണ്-ജല സംരക്ഷണം, ക്വാറികൾ പരിസ്ഥിതി സൗഹൃദമാക്കൽ, തീരദേശസംരക്ഷണം തുടങ്ങിയ മേഖലകളിലെ ഇടപെടൽ സാദ്ധ്യതകളും പരിശീലന പരിപാടികൾക്ക് വിഷയമാകും.

യു.എൻ.ഇ.പി ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ സീനിയർ അഡ്വൈസർ ഡോ. കരിൻ സുഡമീർ, സീനിയർ പ്രോജക്റ്റ് എഞ്ചിനിയർ രവിശങ്കർ എന്നിവരുമായി കില ഡയറക്ടർ ഡോ. ജോയ് ഇളമൺ, ഫാക്കൽറ്റികളായ സി.വിനോദ്കുമാർ, എം. രേണുകുമാർ എന്നിവർ ചർച്ച നടത്തി.

## ദുരന്തം നേരിടാൻ ഗ്രാമപഞ്ചായത്തുകൾക്കു പരിശീലനം

പ്രളയ ദുരന്തം നേരിട്ട ഗ്രാമപഞ്ചായത്തുകളിലെ സെക്രട്ടറിമാർ, അസിസ്റ്റന്റ് എഞ്ചിനിയർമാർ, തൃശ്ശൂർ, ചാലക്കുടി, തലപ്പിള്ളി താലൂക്കുകളിലെ തഹസിൽദാർമാർ എന്നിവർക്ക് ദുരന്തനിവാരണത്തിൽ പരിശീലനം നൽകി.

റെഡ് ആർ (രജിസ്ട്രേഡ് എഞ്ചിനിയേഴ്സ് ഫോർ ഡിസാസ്റ്റർ റിലീഫ്) ഇന്ത്യയുടെ നേതൃത്വത്തിൽ ജില്ലാ പഞ്ചായത്തും നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് ഫൗണ്ടേഷനും കിലയും സംയുക്തമായാണ് ഏകദിന പരിശീലനം സംഘടിപ്പിച്ചത്. ദേശമംഗലം, പുത്തൂർ, പാണഞ്ചേരി, കോടശ്ശേരി, അതിരപ്പിള്ളി, മുളംകുന്നത്തുകാവ്, മാടക്കത്തറ, വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തുകളിലെ സെക്രട്ടറിമാർ, എഞ്ചിനീയർമാർ, ജിയോളജിസ്റ്റ് രാഘവൻ എന്നിവർ പരിശീലനത്തിൽ പങ്കെടുത്തു. പ്രളയകാലത്ത് മണ്ണിടിഞ്ഞ് ദുരന്തമുണ്ടായ കുറാഞ്ചേരി പ്രദേശം പരിശീലനത്തിൽ പങ്കെടുത്തവർ സന്ദർശിച്ചു. റെഡ് ആറിന്റെ പ്രോജക്റ്റ്




പ്രളയകാലത്ത് മണ്ണിടിഞ്ഞ് ദുരന്തമുണ്ടായ കുറാഞ്ചേരി പ്രദേശം പരിശീലനത്തിൽ പങ്കെടുത്തവർ സന്ദർശിച്ചപ്പോൾ

ഓഫീസർ ഷഹിൻ, കേരള സർവകലാശാല യിലെയും ശ്രീശങ്കര സർവകലാശാലയിലെ യും ജിയോളജി വകുപ്പിലെ അസി.പ്രൊഫ സർമാരായ ഡോ.സരുൺ, വിനീത എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി.



തൃശ്ശൂർ ജില്ലയിലെ ബ്ലൂ ആർമി വളണ്ടിയർമാർക്കുള്ള പരിശീലനപരിപാടിയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് സംസാരിക്കുന്നു.

## കല്പറ്റയുടെ പച്ചപ്പ് വളണ്ടിയർ പരിശീലനം

കല്പറ്റയുടെ പച്ചപ്പ് പദ്ധതിയുടെ ഗ്രാമപഞ്ചായത്തുതല വളണ്ടിയർമാർക്ക് കിലയിൽ പരിശീലനം നൽകി. സി.കെ. ശശീന്ദ്രൻ എം.എൽ.എ, കോഴിക്കോട് കീർത്താഡ്സിലെ റിസർച്ച് ഓഫീസർ സുഭാഷ്, പരിശീലന കോർഡിനേറ്റർ എം.രേണുകുമാർ, പച്ചപ്പ് പദ്ധതി കോർഡിനേറ്റർ കെ. ശിവദാസൻ തുടങ്ങിയവർ സംസാരിച്ചു. കൽപ്പറ്റയെ കർഷക-ആദിവാസി സൗഹൃദ ഹരിത മണ്ഡലമാക്കുക എന്ന ലക്ഷ്യത്തോടെ സി.കെ. ശശീന്ദ്രൻ എംഎൽഎയുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഹരിത കേരളം മിഷൻ, ശുചിത്വമിഷൻ, കൃഷി, പട്ടികവർഗ്ഗ വികസനം, ആരോഗ്യം, തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ മിഷൻ, ടൂറിസം, വനം, മണ്ണ് സംരക്ഷണം തുടങ്ങിയ വകുപ്പുകളുടെ സഹകരണത്തോടെയാണ് പച്ചപ്പ് പദ്ധതി നടപ്പിലാക്കുന്നത്. രണ്ടു ദിവസത്തെ പരിശീലന പരിപാടിയിൽ എം.ജി. കാളിദാസൻ, ഡോ.കെ.പി.എൻ. അമൃത, ഭാസ്കരൻ പള്ളിക്കര എന്നിവർ ക്ലാസ്സെടുത്തു.

## സിക്കിം സംഘത്തിന് കിലയിൽ പരിശീലനം

കേരളത്തിലെ അധികാരവികേന്ദ്രീകരണത്തിന്റെ അനുഭവങ്ങൾ പഠിക്കാൻ സിക്കിമിൽ നിന്നെത്തിയ ബ്ലോക്കുതല റിസോഴ്സ് പേഴ്സൺമാരുടെ സംഘത്തിന് കിലയിൽ നാലുദിവസത്തെ പരിശീലനം നൽകി. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ആമുഖാവതരണം നടത്തി. കേരളത്തിലെ അധികാര വികേന്ദ്രീകരണം, പഞ്ചായത്തുകൾക്കു വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ പ്രവർത്തനം, കേരളത്തിലെ ധനകാര്യവികേന്ദ്രീകരണം, പങ്കാളിത്ത ആസൂത്രണം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ഡോ. സണ്ണി ജോർജ്, പ്രൊഫ. ടി. രാഘവൻ, ഡോ. ജെ.ബി.രാജൻ, പി.വി. രാമകൃഷ്ണൻ എന്നിവർ ക്ലാസ്സെടുത്തു. സിക്കിം ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിലുള്ള 21 അംഗ സംഘംനാട്ടിക ഗ്രാമപഞ്ചായത്തും എറണാകുളം ജില്ലാ പഞ്ചായത്തും സന്ദർശിച്ചു.



സിക്കിമിലെ റിസോഴ്സ് പേഴ്സൺമാർ കിലയിലെ പരിശീലനപരിപാടിയിൽ.

## ബ്ലൂ ആർമി വളണ്ടിയർമാർക്ക് പരിശീലനം

ബ്ലൂ ആർമി വളണ്ടിയർമാർക്കു കിലയിൽ മൂന്നു ബാച്ചുകളിലായി പരിശീലനം തുടങ്ങി. ജലസംരക്ഷണ പ്രക്രിയയിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയാണ് ബ്ലൂ ആർമിയുടെ ലക്ഷ്യം. തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് പരിശീലനം ഉദ്ഘാടനം ചെയ്തു.

ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ.കെ ഉദയപ്രകാശ്, തൃശ്ശൂർ ജില്ലാ കലക്ടർ ടി.വി.അനുപമ, പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ കെ.ജെ. ഡിക്സൺ, ജില്ലാ ഡെപ്യൂട്ടി പ്ലാനിംഗ് ഓഫിസർ ടി.ആർ. മായ, ജില്ലാ മണ്ണുസംരക്ഷണ ഓഫീസർ പി.ഡി. സിന്ധു , കില എക്സ്റ്റൻഷൻ ഫാക്കൽറ്റി എം. രേണുകുമാർ എന്നിവർ സംസാരിച്ചു. മണ്ണുസംരക്ഷണ ഓഫീസർ എം.അജിത് കുമാർ, രതീഷ് വാവന്നൂർ, ജയൻ വാവന്നൂർ, കില റിസോഴ്സ് പേഴ്സൺ വി.കെ.ശ്രീധരൻ, കൃഷി ഓഫീസർ എം.കെ. സ്മിത, പ്രിൻസ് ടി. കുര്യൻ എന്നിവർ ക്ലാസെടുത്തു. കിലയും തൃശ്ശൂർ ജില്ലാ പഞ്ചായത്തും സംയുക്തമായി സംഘടിപ്പിച്ച പരിശീലനപരിപാടിയിൽ ബ്ലൂ ആർമി വളണ്ടിയർമാർ, ബ്ലോക്ക് റിസോഴ്സ് പരിശീലകർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ എന്നിവർ പങ്കെടുത്തു.

## പച്ചത്തുരുത്ത് – തദ്ദേശഭരണസ്ഥാപനങ്ങൾക്ക് പരിശീലനം

പച്ചത്തുരുത്തുകൾ ഒരുക്കാൻ താൽപര്യം പ്രകടിപ്പിച്ച തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കിലയിൽ പരിശീലനം നൽകി. ജില്ലാ കലക്ടർ ടി.വി.അനുപമ മുഖ്യപ്രഭാഷണം നടത്തി.

# വാർത്തകൾ വിശേഷങ്ങൾ

## മാലിന്യനിർമ്മാർജ്ജനം: നിയമലംഘനങ്ങൾക്കെതിരെ സെക്രട്ടറിമാർക്ക് നടപടിയെടുക്കാം

മാലിന്യനിർമ്മാർജനവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകുന്ന മാർഗരേഖ പുറത്തിറക്കി. മാലിന്യനിർമ്മാർജ്ജനം സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ സ്വീകരിക്കേണ്ട നടപടികൾ ഉൾക്കൊള്ളിച്ച് സെക്രട്ടറിമാർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്നും മാർഗ്ഗനിർദ്ദേശത്തിൽ വ്യക്തമാക്കുന്നു. മലിനീകരണ പ്രവർത്തനങ്ങൾക്കെതിരെയുള്ള നിയമനടപടികൾ ഉൾക്കൊള്ളിച്ച് ഹരിതകേരളം മിഷനും കിലയും ചേർന്ന് ഹരിതനിയമങ്ങൾ എന്ന പേരിൽ കൈപ്പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഹരിതകേരളം മിഷൻ ആസൂത്രണം ചെയ്ത ഹരിത നിയമ ബോധവല്ക്കരണ പ്രചാരണത്തിന്റെ ഭാഗമായി വിവിധ തലങ്ങളിൽ നടക്കുന്ന പരിശീലനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തണം.

## ഔദ്യോഗികരേഖകളിൽ ട്രാൻസ്ജെൻഡർ എന്നു മാത്രം ഉപയോഗിക്കണം

ട്രാൻസ്ജെൻഡർ വ്യക്തികളെ ഭിന്നലിംഗം, മൂന്നാം ലിംഗം, ഭിന്നലൈംഗികം എന്നിങ്ങനെ അഭിസംബോധന ചെയ്യുന്നത് ഒഴിവാക്കണമെന്നും ഔദ്യോഗികരേഖകളിൽ ട്രാൻസ്ജെൻഡർ എന്ന പദം മാത്രം ഉപയോഗിക്കണമെന്നും സാമൂഹികനീതി വകുപ്പ് ഉത്തരവായി.

## കെട്ടിട നിർമ്മാണ അനുമതിക്കുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കണം

ഗ്രാമപഞ്ചായത്തുകളിൽ കെട്ടിട നിർമ്മാണ അനുമതിക്കായി ലഭിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

(സർക്കുലർ നമ്പർ സി 6 - 12891/ 2018, തിയതി 24/06/ 2019, പഞ്ചായത്ത് ഡയറക്ടറേറ്റ്)

## ആയുർവേദ മരുന്നുകൾ വാങ്ങുന്നതിന് അനുമതി

കൊല്ലം ജില്ലാ ആയുർവേദ ഔഷധനിർമ്മാണ വ്യവസായ സഹകരണ സംഘം എന്ന സ്ഥാപനം ഉല്പാദിപ്പിക്കുന്ന മരുന്നുകൾ വാങ്ങുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവായി.

(സ ഉ (സാധാ) നം. 1365/2019/തസ്വഭവ, തിയതി 03/07/2019)

## വിധവാപെൻഷൻ – ഇളവ് അനുവദിച്ചു

വിധവാപെൻഷൻ ലഭിക്കാൻ അപേക്ഷകർ പുനർവിവാഹം ചെയ്തിട്ടില്ല എന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം നൽകണമെന്ന വ്യവസ്ഥയിൽ ഇളവ് അനുവദിച്ച് ഉത്തരവായി.

(സഉ (എം എസ്) 251/2019/ധന, തീയതി 03/07/2019)

## ശുചിത്വ ബോധവൽക്കരണത്തിന് മാർഗ്ഗനിർദ്ദേശങ്ങൾ

മലിനീകരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾക്കെതിരെ നിലവിലുള്ള നിയമങ്ങളും ശിക്ഷകളും സംബന്ധിച്ച് പൊതുജനങ്ങളെ ബോധവല്ക്കരിക്കാൻ ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

(സർക്കുലർ നം. 234/ഡിസി1/2019/തസ്വഭവ, തീയതി 14/06/2019)

## സർക്കാർ ഓഫീസുകളുടെ ചുവരിൽ വയ്ക്കാവുന്ന ചിത്രങ്ങൾ – നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

സർക്കാർ ഓഫീസുകളുടെ ചുവരിൽ ആരുടെയൊക്കെ ചിത്രങ്ങൾ സ്ഥാപിക്കാമെന്നത് സംബന്ധിച്ച നിർദ്ദേശം പുറപ്പെടുവിച്ചു.

(സർക്കുലർ നം. 449/എആർ 13(2)/2018 /ഉപഭവ, തീയതി 22-10-2018)

## വിവാഹധനസഹായം തുക വർധിപ്പിച്ചു

പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികളുടെ വിവാഹത്തിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന ധനസഹായം ഒരുലക്ഷം രൂപയായി വർധിപ്പിച്ചുകൊണ്ട് ഉത്തരവായി.

(സ ഉ (സാധാ) നം. 1435/2019/തസ്വഭവ, തീയതി 10/07/2019)

## കെട്ടിട നിർമ്മാണ ക്രമവൽക്കരണം അപേക്ഷിക്കാനുള്ള സമയപരിധി നീട്ടി

അനധികൃത കെട്ടിട നിർമ്മാണം ക്രമവൽക്കരിച്ചു കിട്ടാൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി 2019 സെപ്റ്റംബർ 30 വരെ ദീർഘിപ്പിച്ചുകൊണ്ട് ഭേദഗതി വിജ്ഞാപനം പുറപ്പെടുവിച്ചു.

(എസ് ആർ ഒ നം. 409/2019, തീയതി 24/06/2019)

## ദിവസവേതന/കരാർ ജീവനക്കാരുടെ വേതനം വർധിപ്പിച്ചു

ദിവസവേതന/കരാർ ജീവനക്കാരുടെ വേതനം വർധിപ്പിച്ചുകൊണ്ടും ദിവസവേതനാടിസ്ഥാനത്തിലും കരാർ അടിസ്ഥാനത്തിലും നിയമനം നടത്തുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചുകൊണ്ടും ഉത്തരവായി.

(ജി ഒ(പി) നം. 81/2019/ഫിൻ, തീയതി 09/07/2019)

## ലാപ്ടോപ്പുകളുടെ നിരക്ക് പുതുക്കി

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്ന മിഡ്‌ലെവൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ്ടോപ്പുകളുടെ നിരക്ക് 38902 രൂപയായി പുതുക്കി നിശ്ചയിച്ച് ഉത്തരവായി.

(ജി ഒ(ആർ ടി) നം. 1400/2019/എൽഎസ്ജിഡി, തീയതി 06/07/2019)

**തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്**



# റസിഡന്റ്സ് അസോസിയേഷനുകളും പ്രാദേശിക ഭരണവും

■ ഡോ. എൻ. രമാകാന്തൻ

**അനുകരണീയമായ വികസനമാതൃകകൾ സൃഷ്ടിച്ച് പ്രാദേശിക വികസനത്തിൽ നൂതനമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്ന റസിഡന്റ്സ് അസോസിയേഷനുകൾ നിരവധിയുണ്ട്. അത്തരം നൂതന വികസന പ്രവർത്തനങ്ങളെ അനുകരണീയ മാതൃകകളാക്കി മാറ്റാൻ കഴിയണം.**

കേരളത്തിലെ ഏറെക്കുറെ എല്ലാ പ്രദേശങ്ങളിലും ഒരു സാമൂഹ്യ സംഘടനാ സംവിധാനമെന്ന നിലയിൽ റസിഡന്റ്സ് അസോസിയേഷനുകൾ സജീവമായി മാറിക്കഴിഞ്ഞു. നഗരപ്രദേശങ്ങളിൽ എന്നപോലെ ഗ്രാമങ്ങളിലും റസിഡന്റ്സ് അസോസിയേഷനുകൾ വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു. എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊള്ളുന്ന ഫലപ്രദമായ സൂക്ഷ്മതല ജനാധിപത്യസ്ഥാപനമാണ് ഇന്ന് ഇത്തരം കൂട്ടായ്മകൾ. എല്ലാ വേർതിരിവുകൾക്കും അപ്പുറത്ത്, ആബാലവൃദ്ധം ജനങ്ങൾക്കും പങ്കെടുക്കാനും ഒരു പ്രദേശത്തെ മുഴുവൻ കുടുംബങ്ങളെയും കക്ഷിരാഷ്ട്രീയ-മത-സാമൂഹിക വ്യത്യാസങ്ങൾക്കതീതമായി പ്രതിനിധീകരിക്കാനും കഴിയുന്നു എന്നതാണ് റസിഡന്റ്സ് അസോസിയേഷനുകളുടെ സവിശേഷത. ആ നിലയ്ക്ക് ഇന്ന് പ്രാദേശിക തലത്തിൽ ഏറെ വ്യാപ്തിയുള്ളതും സുപ്രധാനവുമായ ഒരു ജനാധിപത്യ പൊതുവേദിയാണ് റസിഡന്റ്സ് അസോസിയേഷനുകൾ.

## അധികാരവികേന്ദ്രീകരണവുമായി കണ്ണി ചേർക്കുക

കേരളത്തിൽ ഫലപ്രദമായി നടപ്പാക്കിയ അധികാരവികേന്ദ്രീകരണവും ജനകീയാസൂത്രണവും പ്രാദേശിക ഭരണ നിർവ്വഹണത്തിൽ ജനങ്ങൾക്ക് പങ്കാളികളാകുന്നതിന് അവസരമൊരുക്കി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പ്രാദേശിക വികസന പദ്ധതികളിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി

പഞ്ചായത്ത് രാജ് ആക്ടും മുനിസിപ്പാലിറ്റി ആക്ടും സമഗ്രമായി പരിഷ്കരിച്ചു. പ്രാദേശിക ഭരണ നിർവ്വഹണത്തിലും വികസന പ്രവർത്തനങ്ങളിലും ജന പങ്കാളിത്തം ഉറപ്പാക്കുന്നതിനും ഗ്രാമസഭകളെയും വാർഡ് കമ്മിറ്റി/വാർഡ് കൗൺസിലുകളെയും ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികളും സ്വീകരിച്ചു.

"അധികാരം ജനങ്ങൾക്ക്" എന്ന മുദ്രാവാക്യം യാഥാർത്ഥ്യമാക്കുന്നതിന് സഹായകമാം വിധം ജനങ്ങൾക്ക് പങ്കാളികളാകുന്നതിനും തീരുമാനങ്ങൾ എടുക്കുന്നതിൽ ഇടപെടുന്നതിനും കഴിയും വിധം ഇത്തരം പങ്കാളിത്ത സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിനാവശ്യമായ പരിശ്രമങ്ങൾ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി നടത്തുകയുണ്ടായി. ഇന്ന് ഇന്ത്യയിൽ ഏറ്റവും ഫലപ്രദമായും കാര്യക്ഷമമായും അധികാരവികേന്ദ്രീകരണം നടപ്പാക്കിയ സംസ്ഥാനമെന്ന ദേശീയ-സാർവ്വദേശീയ അംഗീകാരം കേരളത്തിന് സ്വന്തമാണ്.

കഴിഞ്ഞ രണ്ടര പതിറ്റാണ്ടിന്റെ വികേന്ദ്രീകൃതാസൂത്രണ അനുഭവങ്ങൾ ജനകീയ പങ്കാളിത്തത്തെ സംബന്ധിച്ച് പുതിയ ഉൾക്കാഴ്ചകൾ നല്കുന്നുണ്ട്. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായ പങ്കാളിത്ത വികസന പ്രക്രിയയിൽ ജനങ്ങളെ ക്രിയാത്മകമായി പങ്കാളികളാക്കാൻ വേണ്ടത്ര കഴിയുന്നില്ല.


**കഴിഞ്ഞ രണ്ടര പതിറ്റാണ്ടിന്റെ വികേന്ദ്രീകൃതാസൂത്രണ അനുഭവങ്ങൾ ജനകീയ പങ്കാളിത്തത്തെ സംബന്ധിച്ച് പുതിയ ഉൾക്കാഴ്ചകൾ നല്കുന്നുണ്ട്. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായ പങ്കാളിത്ത വികസന പ്രക്രിയയിൽ ജനങ്ങളെ ക്രിയാത്മകമായി പങ്കാളികളാക്കാൻ വേണ്ടത്ര കഴിയുന്നില്ല.**


അധികാര വികേന്ദ്രീകരണത്തിന്റെ അന്തസത്തയ്ക്കനുസൃതമായി ജനങ്ങളെ ശാക്തീകരിക്കുന്നതിന് ഔപചാരിക ജനാധിപത്യ സ്ഥാപനങ്ങളായ ഗ്രാമസഭകൾക്കും വാർഡ് സഭകൾക്കും പരിമിതികൾ ഏറെയാണ്. ഇവിടെയാണ് പ്രാദേശികതലത്തിൽ പ്രവർത്തിക്കുന്ന സൂക്ഷ്മതല ജനാധിപത്യ സ്ഥാപനങ്ങളായ റസിഡന്റ്സ് അസോസിയേഷനുകൾ പ്രസക്തമാവുന്നത്. ഒരു ചെറിയ ഭൂപ്രദേശത്തെ എല്ലാ കുടുംബങ്ങൾക്കും പ്രാതിനിധ്യമുള്ളതും എല്ലാ വിഭാഗം ആളുകളെയും ഉൾക്കൊള്ളാൻ കഴിയുന്നതുമായ ജനാധിപത്യ പൊതുവേദിയായി ഇവ മാറുകയാണ്.



## വിപുലമായ സാധ്യതകൾ

ഒരു സാമൂഹ്യ സംഘടനാ സംവിധാനമെന്ന നിലയിൽ പ്രാദേശികതലത്തിൽ സാർവ്വത്രികമായി മാറിക്കഴിഞ്ഞ റസിഡന്റ്സ് അസോസിയേഷനുകളുടെ സാദ്ധ്യതകൾ വേണ്ടത്ര പ്രയോജനപ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഒട്ടു മിക്ക റസിഡന്റ്സ് അസോസിയേഷനുകളും ഒരു ജനകീയ കൂട്ടായ്മ എന്ന നിലയിൽ വിവിധ ആഘോഷപരിപാടികൾ സംഘടിപ്പിച്ച് പ്രവർത്തനം പരിമിതപ്പെടുത്തുകയാണ്. വർണ്ണാഭമായ വാർഷികാഘോഷങ്ങളിലും നവവത്സരാഘോഷത്തിലും മാത്രം അസോസിയേഷന്റെ പ്രവർത്തനം ചുരുക്കുന്ന അനുഭവങ്ങളും ഏറെയാണ്. എന്നാൽ അനുകരണീയമായ വികസനമാതൃകകൾ സൃഷ്ടിച്ച് പ്രാദേശിക വികസനത്തിൽ നൂതനമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്ന റസിഡന്റ്സ് അസോസിയേഷനുകൾ നിരവധിയുണ്ട്. അത്തരം നൂതന വികസന പ്രവർത്തന ങ്ങളെ അനുകരണീയ മാതൃകകളാക്കി മാറ്റാൻ കഴിയണം.

അധികാരവികേന്ദ്രീകരണത്തിന്റെയും പ്രാദേശികാസൂത്രണത്തിന്റെയും ജനാധിപത്യവത്കരണം യാഥാർത്ഥ്യമാക്കുന്നതിനുള്ള കർമ്മപദ്ധതികൾ റസിഡന്റ്സ് അസോസിയേഷനുകൾ ഏറ്റെടുക്കണം.

അധികാരവികേന്ദ്രീകരണത്തിന്റെ ജനാധിപത്യ ഉള്ളടക്കം ശക്തിപ്പെടുത്തി, ജനകീയപങ്കാളിത്തത്തിന്റെ സർഗ്ഗാത്മകതയിലേക്ക് പ്രാദേശിക ഭരണ നിർവ്വഹണത്തെയും വികസനത്തെയും മാറ്റാൻ കഴിയും വിധം റസിഡന്റ്സ് അസോസിയേഷനുകളുടെ പ്രവർത്തനങ്ങൾ രൂപകല്പന ചെയ്യണം. വെറുമൊരു ജനകീയ കൂട്ടായ്മ എന്നതിനപ്പുറം പ്രാദേശിക ഭരണ നിർവ്വഹണം സുതാര്യവും പങ്കാളിത്തപൂർണ്ണവും കാര്യക്ഷമവുമാക്കാൻ സഹായകരമാവുന്ന വിധത്തിൽ റസിഡന്റ്സ് അസോസിയേഷനുകളെ ശക്തിപ്പെടുത്തണം. അധികാരവികേന്ദ്രീകരണത്തിന്റെയും പങ്കാളിത്ത ആസൂത്രണത്തിന്റെയും മൂല്യങ്ങളും ജനാധിപത്യ ദർശനവും യാഥാർത്ഥ്യമാക്കുന്നതിന് സഹായകമായ വിധത്തിൽ ഇടപെടാൻ റസിഡന്റ്സ് അസോസിയേഷനുകളെ പ്രാപ്തമാക്കണം. കൂടുതൽ ജീവിതയോഗ്യമായതും മെച്ചപ്പെട്ട സേവനങ്ങൾ പ്രദാനം ചെയ്യുന്നതും ദുർബ്ബലവിഭാഗങ്ങളെ സംരക്ഷിക്കുന്നതും പരിസ്ഥിതി സുരക്ഷ ഉറപ്പാക്കുന്നതുമായ പ്രാദേശിക ഭരണം




സാദ്ധ്യമാക്കുന്നതിന് സഹായകമായ സംഘടനാ സംവിധാനമായി റസിഡന്റ്സ് അസോസിയേഷനുകളെ മാറ്റണം.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന മുൻഗണനകളും വിഭവ വകയിരുത്തലും സംബന്ധിച്ച തീരുമാനങ്ങൾ ഏതാനും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും മാത്രമായി എടുക്കേണ്ടതല്ല. പ്രാദേശിക ബഡ്ജറ്റിന്റെ ഉള്ളടക്കം വിലയിരുത്തുന്നതിൽ ജനങ്ങൾക്കും ജനകീയ സംഘടനകൾക്കും പങ്കാളികളാകാൻ കഴിയണം. ഇത്തരം പങ്കാളിത്ത ജനാധിപത്യ സംവിധാനമായി റസിഡന്റ്സ് അസോസിയേഷനുകളെ മാറ്റണം. ജനങ്ങളുടെ ദൈനംദിന ജീവിത പ്രശ്നങ്ങളായ ശുചിത്വം, കുടിവെള്ളം, ആരോഗ്യം, കാർഷിക വികസനം, പരിസ്ഥിതി സംരക്ഷണം, പ്രകൃതി വിഭവ സംരക്ഷണം, ഗതാഗത സൗകര്യങ്ങൾ, മലിനജല നിർമ്മാർജ്ജനം, മഴവെള്ളം ഒഴുക്കിക്കളയുന്നതിനുള്ള സൗകര്യങ്ങൾ, ഭക്ഷ്യസുരക്ഷയും സുരക്ഷിത ഭക്ഷണത്തിന്റെ ലഭ്യതയും, വൈദ്യുതി വിതരണം, തെരുവുവിളക്കുകളുടെ പരിപാലനം, പൊതുസുരക്ഷ എന്നിവ സംബന്ധിച്ച തീരുമാനങ്ങൾ എടുക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോടൊപ്പം നിന്ന് പ്രവർത്തിക്കാൻ റസിഡന്റ്സ് അസോസിയേഷനുകൾക്ക് കഴിയണം. ഇതിന് റസിഡന്റ്സ് അസോസിയേഷനുകളുടെ പ്രാധാന്യം സംബന്ധിച്ചും അവയെ എങ്ങനെ പ്രയോജനപ്പെടുത്താം എന്നതു സംബന്ധിച്ചും വ്യക്തമായ ധാരണ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അവയുമായി ബന്ധപ്പെട്ട ജനപ്രതിനിധികൾക്കും ഉണ്ടായേ മതിയാകൂ.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും പ്രാദേശിക ജനസമൂഹത്തെയും ബന്ധിപ്പിക്കുന്ന കണ്ണിയായി റസിഡന്റ്സ് അസോസിയേഷനുകൾ പ്രവർത്തിക്കണം. അധികാരവികേന്ദ്രീകരണത്തിന്റെ അന്തസത്തയ്ക്കനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എന്നുറപ്പാക്കുന്ന ജാഗ്രതാ സംവിധാനമായി മാറാൻ റസിഡന്റ്സ് അസോസിയേഷനുകൾക്ക് സാധിച്ചാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ജനാധിപത്യ ഉള്ളടക്കം മെച്ചപ്പെടും.

**അധികാരവികേന്ദ്രീകരണത്തിന്റെ അന്തസത്തയ്ക്കനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എന്നുറപ്പാക്കുന്ന ജാഗ്രതാ സംവിധാനമായി മാറാൻ റസിഡന്റ്സ് അസോസിയേഷനുകൾക്ക് കഴിഞ്ഞാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ജനാധിപത്യ ഉള്ളടക്കം മെച്ചപ്പെടും.**

## ജനകീയ ഇടപെടലിന്റെ വേദി

റസിഡന്റ്സ് അസോസിയേഷനുകളുടെ രൂപീകരണം, അവയുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും എന്നിവ സംബന്ധിച്ച നിയമ വ്യവസ്ഥകൾ ഉൾപ്പെടുത്തി കേരള പഞ്ചായത്ത് രാജ് ആക്റ്റിലും കേരള മുനിസിപ്പൽ ആക്റ്റിലും ഭേദഗതികൾ വരുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്. പ്രാദേശിക ഭരണ സംവിധാനത്തിന്റെ പ്രായോഗിക പരിമിതികൾ മറികടക്കാൻ റസിഡന്റ്സ് അസോസിയേഷനുകളുടെ ക്രിയാത്മകമായ പ്രവർത്തനം സഹായിക്കും. ജനപ്രതിനിധികളുടെ വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ തീരുമാനങ്ങളെ സ്വാധീനിക്കുന്ന ഇന്നത്തെ അവസ്ഥയ്ക്ക് ഇത് മാറ്റം കൊണ്ടുവരും. ജനകേന്ദ്രീകൃതമായ പ്രാദേശിക വികസന ഭരണത്തിന്റെ പുതിയൊരു തലം വളർത്തിക്കൊണ്ടു വരാൻ ഇത് സഹായകമാകും. □

*ലേഖകൻ കേരള ലോക്കൽ ഗവൺമെന്റ് കമ്മീഷനിൽ അംഗമാണ്.*



# ആർദ്രം പദ്ധതി കേരള വികസനത്തിന്റെ

ആരോഗ്യ മേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തിവരുന്ന മികച്ച പ്രവർത്തനങ്ങൾക്കുള്ള 2017-18 ലെ ആർദ്ര കേരളം പുരസ്കാരങ്ങൾ മന്ത്രി എ.സി. മൊയ്തീൻ വിതരണം ചെയ്തു. സംസ്ഥാനതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയ ജില്ലാ പഞ്ചായത്തുകൾ, കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ഗ്രാമ പഞ്ചായത്തുകൾ, ജില്ലാതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയ ഗ്രാമ പഞ്ചായത്തുകൾ എന്നിവയ്ക്കാണ് അവാർഡ്.

നിപയെ ശക്തമായി പ്രതിരോധിച്ചതിലൂടെ ആരോഗ്യരംഗത്ത് ലോകത്തിനു മുന്നിൽ കേരളം ഗ്രാഫുയർത്തിയതായി തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടന്ന പുരസ്കാര വിതരണ ചടങ്ങിൽ തദ്ദേശസ്വയംഭരണ മന്ത്രി എ.സി. മൊയ്തീൻ പറഞ്ഞു. പുതിയ കാലഘട്ടത്തിലെ വെല്ലുവിളികൾ നേരിടാൻ ആരോഗ്യ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും ഒന്നിച്ച് പ്രവർത്തിക്കുമെന്ന് മന്ത്രി വ്യക്തമാക്കി.

രോഗപ്രതിരോധപ്രവർത്തനങ്ങളിൽ ആരോഗ്യവകുപ്പിനൊപ്പം നിന്ന് ലക്ഷ്യബോധത്തോടെ പ്രവർത്തിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ മന്ത്രി അഭിനന്ദിച്ചു. നിപ വൈറസ് ബാധ കണ്ടെത്തിയ സമയത്തും പ്രളയസമയത്തും ഈ കൂട്ടായ്മ നമ്മൾ കണ്ടതാണ്. രോഗപ്രതിരോധ രംഗത്തും ആശുപത്രികളിൽ പശ്ചാത്തല സൗകര്യങ്ങളൊരുക്കുന്നതിലും ഈ വകുപ്പുകൾ ചേർന്ന് മികച്ച പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. സംസ്ഥാനത്തിന്റെ പൊതുജനാരോഗ്യ സംവിധാനം കൂടുതൽ മികവുറ്റതാക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്ന് മന്ത്രി വ്യക്തമാക്കി. പൊതുജനാരോഗ്യ സംവിധാനങ്ങളെ കൂടുതൽ പേർ ആശ്രയിച്ചു തുടങ്ങിയതായി കണക്കുകൾ തെളിയിക്കുന്നു.

ആർദ്രം പദ്ധതി കേരള വികസനത്തിന്റെ നാഴികക്കല്ലാവുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാൻ വലിയ ഇടപെടലുകളാണ് സർക്കാർ നടത്തുന്നത്. ആദ്യഘട്ടത്തിൽ 170 പ്രാഥമികാരോഗ്യ




*നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത്*



*കിളിമാനൂർ ഗ്രാമപഞ്ചായത്ത്*




# നാഴികക്കല്ല്: മന്ത്രി എ.സി. മൊയ്തീൻ

കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റി. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക കീഴിലും മുൻസിപ്പാലിറ്റി, കോർപ്പറേഷന്റെ കീഴിലുമുള്ള ആശുപത്രികളിൽ വലിയ വികസനപ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്.

ജില്ലാ പഞ്ചായത്ത് വിഭാഗത്തിൽ കൊല്ലം, കോർപ്പറേഷൻ വിഭാഗത്തിൽ കൊല്ലം കോർപ്പറേഷൻ, മുനിസിപ്പാലിറ്റി വിഭാഗത്തിൽ കട്ടപ്പന, ബ്ലോക്ക് പഞ്ചായത്ത് വിഭാഗത്തിൽ നീലേശ്വരം, ഗ്രാമ പഞ്ചായത്ത് വിഭാഗത്തിൽ കിളിമാനൂർ എന്നിവ സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനത്തിനുള്ള അവാർഡ് ഏറ്റുവാങ്ങി. 10 ലക്ഷം രൂപയാണ് ഒന്നാം സമ്മാനം. ജില്ലാതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് യഥാക്രമം 5 ലക്ഷവും 3 ലക്ഷവും 2 ലക്ഷവുമാണ് സമ്മാനത്തുക.

### സംസ്ഥാനതല അവാർഡ് രണ്ടാം സ്ഥാനം

**ജില്ലാ പഞ്ചായത്ത്** - കോഴിക്കോട് (5 ലക്ഷം രൂപ)
**കോർപ്പറേഷൻ** - തൃശ്ശൂർ ( 5 ലക്ഷം)
**മുനിസിപ്പാലിറ്റി** - അങ്കമാലി, എറണാകുളം ജില്ല (5 ലക്ഷം രൂപ)
**ബ്ലോക്ക് പഞ്ചായത്ത്** - റാന്നി, പത്തനംതിട്ട ജില്ല ( 5 ലക്ഷം രൂപ)
**ഗ്രാമ പഞ്ചായത്ത്** - മുത്തോലി, കോട്ടയം ജില്ല (7 ലക്ഷം രൂപ)

### സംസ്ഥാനതല അവാർഡ് മൂന്നാം സ്ഥാനം

**ജില്ലാ പഞ്ചായത്ത്** - മലപ്പുറം (3 ലക്ഷം രൂപ)
**മുനിസിപ്പാലിറ്റി** - കൂത്താട്ടുകുളം, എറണാകുളം ജില്ല (3 ലക്ഷം രൂപ)
**ബ്ലോക്ക് പഞ്ചായത്ത്** - ശ്രീകൃഷ്ണപുരം, പാലക്കാട് ജില്ല (3 ലക്ഷം രൂപ)
**ഗ്രാമ പഞ്ചായത്ത്** - ആലപ്പാട്, കൊല്ലം ജില്ല (6 ലക്ഷം രൂപ)

| ജില്ല | ഒന്നാം സ്ഥാനം | രണ്ടാം സ്ഥാനം | മൂന്നാം സ്ഥാനം |
|---|---|---|---|
| തിരുവനന്തപുരം | പള്ളിച്ചൽ | പൂവച്ചൽ | ഒറ്റൂർ |
| കൊല്ലം | ക്ലാപ്പന | അഞ്ചൽ | പൂയപ്പള്ളി |
| പത്തനംതിട്ട | ചെന്നീർക്കര | നാരങ്ങാനം | നാറാണമൂഴി |
| ആലപ്പുഴ | എടത്വാ | കടക്കരപ്പള്ളി | ചെറുതന |
| കോട്ടയം | മീനടം | കാണക്കാരി | കുറവിലങ്ങാട് |
| ഇടുക്കി | കുടയത്തൂർ | മുട്ടം | ആലക്കോട് |
| എറണാകുളം | മണീട് | കാലടി | ചോറ്റാനിക്കര |
| തൃശ്ശൂർ | കാറളം | നാട്ടിക | മേലൂർ |
| പാലക്കാട് | കരിമ്പ | പല്ലശ്ശന | ചാലിശ്ശേരി |
| മലപ്പുറം | എടക്കര | തലക്കാട് | കാളികാവ് |
| കോഴിക്കോട് | കുരുവട്ടൂർ | മേപ്പയ്യൂർ | അഴിയൂർ |
| വയനാട് | കണിയാമ്പറ്റ | തൊണ്ടർനാട് | മുപ്പൈനാട് |
| കണ്ണൂർ | കേളകം | കൊളച്ചേരി | മൊകേരി |
| കാസർകോട് | പുല്ലൂർപെരിയ | കള്ളാർ | പനത്തടി |



മാതൃക

# തൃശ്ശൂർ ജില്ലയിലെ വേറിട്ട പദ്ധതികൾ

**ജോയി ജോൺ**

## പഞ്ചായത്ത് വളപ്പിൽ ഉല്ലാസ ഉദ്യാനം

ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത് വൃദ്ധ ജനങ്ങളുടെയും സ്ത്രീകളുടെയും കുട്ടികളുടെയും മാനസിക ഉല്ലാസം ലക്ഷ്യമിട്ട് ആരംഭിച്ച "സുജീവനം ഉദ്യാനം" ഒരു മാതൃകാ പദ്ധതിയാണ്. പ്രഭാതസവാരിക്കുള്ള നടപ്പാതകളും കുട്ടികൾക്ക് ആവശ്യമായ പലതരം കളി ഉപകരണങ്ങളും ഈ ഉദ്യാനത്തിൽ സ്ഥാപിച്ചിരിക്കുന്നു. അറിവകം, തട്ടകം, ഓർമ്മക്കല്ല്, തേക്ക് കാട്, കഫേന്യ എന്നീ പേരുകളിൽ വിവിധങ്ങളായ സൗകര്യങ്ങളാണ് ഇതോടനുബന്ധിച്ച് ഒരുക്കിയിട്ടുള്ളത്.

നിരവധി സ്ത്രീകളും കുട്ടികളും നിത്യ സന്ദർശകരായ അറിവകത്തിൽ, കുട്ടികൾക്കുള്ള വായനശാല, തുടർവിദ്യാകേന്ദ്രം, ജെന്റർ കോർണർ, നിയമസഹായ കേന്ദ്രം എന്നിവ പ്രവർത്തിക്കുന്നു. പത്രങ്ങൾക്കും ആനുകാലികങ്ങൾക്കും പുറമെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കാനുതകുന്ന പുസ്തകങ്ങളും ജേണലുകളും ഇവിടെ ലഭിക്കും.

തട്ടകം എന്ന പേരിൽ ഒരു ആംഫിതിയറ്ററും സുജീവനം ഉദ്യാനത്തിൽ പ്രവർത്തിക്കുന്നു. സായാഹ്നങ്ങളിൽ ഇവിടെ അരങ്ങേറുന്ന കലാസാഹിത്യാദി പരിപാടികൾ ജനങ്ങളുടെ കലാവാസനകൾ പരിപോഷിപ്പിക്കാൻ സഹായിക്കുന്നു.

ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ശതാബ്ദി ദിനത്തിൽ പ്രതിഷ്ഠിച്ച ഓർമ്മക്കല്ല് ജീവിതം സമരമാക്കി, അനീതികളോട് കലഹിച്ച് മാഞ്ഞുപോയവർക്കുള്ള സ്മാരകമാണ് . സുജീവനം ഉദ്യാനത്തിൽ നട്ടുവളർത്തിയ അമ്പതോളം തേക്ക് മരങ്ങൾ സന്ദർശകർക്ക് തണലേകുന്നു. കഫേന്യ എന്ന പേരിൽ ലഘുഭക്ഷണശാലയും ഉദ്യാനത്തിൽ നിർമ്മിച്ചിട്ടുണ്ട്. റഷ്യൻവിപ്ലവത്തിന്റെ ഓർമ്മയ്ക്കായാണ് ഇതിന് റഷ്യൻ പേര് നൽകിയത്.

സായാഹ്നങ്ങളിലും അവധി ദിവസങ്ങളിലും വളരെയധികം കുട്ടികളും സ്ത്രീകളും സുജീവനം ഉദ്യാനത്തിൽ എത്തി ചേരുന്നു.

ഉദ്യാനത്തിന്റെ പരിപാലനത്തിനായി ഒരു ജീവനക്കാരനെ പഞ്ചായത്ത് ചുമതലപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ തന്നെയാണ് ഈ സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ളത്. ഉദ്യാനം സന്ദർശിക്കാൻ എത്തുന്നവർ പഞ്ചായത്തിന്റെ മറ്റു പരിപാടികളിലും ഭാഗഭാക്കാവുന്നു. പൊതുജനങ്ങളെ പഞ്ചായത്തുമായി കൂടുതൽ അടുപ്പിക്കാൻ സുജീവനം ഉദ്യാനത്തിനു കഴിഞ്ഞതായി ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.കെ. സതീശൻ പറയുന്നു.

## കനോലി കനാലിനു കുറുകെ മൂവിങ്ങ് ബ്രിഡ്ജ്

പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിലൂടെ കടന്ന് പോകുന്ന കനോലി കനാലിന്റെ ഇരു കരകളായ തങ്ങൾപ്പടി, ചെറായി പ്രദേശങ്ങളിലെ ജനങ്ങളുടെ വർഷങ്ങളായുള്ള ആവശ്യമായിരുന്നു കനോലി കനാലിന് കുറുകെ വാഹന യാത്രാ സൗകര്യത്തോടെയുള്ള പാലം എന്നത്. പഞ്ചായത്ത് ഇതിനെ കുറിച്ച് പഠിക്കുകയും ഒരു മൂവിങ്ങ് ബ്രിഡ്ജ് നിർമ്മിക്കാൻ തീരുമാ

നിക്കുകയും ചെയ്തു. നിലവിൽ ഉണ്ടായിരുന്ന മരം കൊണ്ടു ഉണ്ടാക്കിയ നടപ്പാലം മാറ്റിയാണ് മൂവിങ് ബ്രിഡ്ജ് നിർമ്മിച്ചത്.

ഭാവിയിലെ ദേശീയ ജലപാതയായ കനോലി കനാലിലെ ജലഗതാഗത സൗകര്യങ്ങൾക്ക് തടസം ഉണ്ടാകാത്ത രീതിയിലാണ് ഈ ബ്രിഡ്ജിന്റെ നിർമ്മാണം. പാലം ആവശ്യാനുസരണം ഉയർത്താനും താഴ്ത്താനും കഴിയുന്ന തരത്തിൽ വൈദ്യുതിയിൽ വർക്ക് ചെയ്യുന്ന മോട്ടോർ ഘടിപ്പിച്ചിട്ടുണ്ട്. ആവശ്യമെങ്കിൽ മോട്ടോറിന്റെ സഹായമില്ലാതെയും ഇത് പ്രവർത്തിപ്പിക്കാൻ കഴിയും.

3.5 മീറ്റർ വീതിയും 15 മീറ്റർ നീളവുമുള്ള പാലത്തിന് 13 ടൺ തൂക്കമുണ്ട്. റോഡ് ടാറിങ് ഉൾപ്പെടെ 75 ലക്ഷം രൂപയാണ് ചെലവ്. ഇതിൽ ജില്ലാപഞ്ചായത്ത് വിഹിതം 20ലക്ഷം രൂപ. പാലത്തിന്റെ സിവിൽ വർക്കുകൾ പഞ്ചായത്തും മെക്കാനിക്കൽ വർക്കുകൾ ഇറിഗേഷൻ മെക്കാനിക്കൽ വിഭാഗവും ആണ് ചെയ്തത്.

കനോലി കനാലിനു കുറുകെ മൂവിങ് ബ്രിഡ്ജ് എന്ന ആശയം വർഷങ്ങൾക്ക് മുൻപ് വി.പി. മാമു പഞ്ചായത്ത് പ്രസിഡന്റ് ആയിരിക്കുമ്പോൾ ആണ് ഉണ്ടായത്. ഫാത്തിമ ലീനസ് പഞ്ചായത്ത് പ്രസിഡന്റ് ആയിരിക്കെ 2013-2014- ൽ ജില്ലാ പഞ്ചായത്തുമായി ചേർന്ന് പദ്ധതി തയ്യാറാക്കി. കനോലി കനാൽ ദേശീയ ജലപാത ആയി മാറിയതിനാൽ ഇറിഗേഷൻ വകുപ്പിൽ നിന്നും അനുമതി ലഭിക്കാൻ സമയമെടുത്തു. 2015 ഒക്ടോബർ മാസത്തിൽ പാലം നിർമ്മാണത്തിന് തറക്കല്ലിട്ടു. സിവിൽ പ്രവൃത്തികൾ 2016 മാർച്ചിൽ തുടങ്ങി. ഡിസൈനിൽ ചില മാറ്റങ്ങൾ വരുത്തി 2017-ൽ മെക്കാനിക്കൽ ജോലികളും ആരംഭിച്ചു. മോട്ടോർ ഘടിപ്പിക്കൽ, റോഡ് ടാറിങ്, കറന്റ് കണക്ഷൻ എന്നിവ 2018 ൽ പൂർത്തീകരിച്ചു. കനോലി കനാലിനു കുറുകെ ഉള്ളതിൽ ഏറ്റവും വലുതും സുന്ദരവും ആയ കെട്ടുങ്ങൽ മൂവിങ് ബ്രിഡ്ജ് 2018 മെയ് 4-ന് മന്ത്രി കെ.ടി. ജലീൽ നാടിനു സമർപ്പിച്ചു.

കെട്ടുങ്ങൽ ഓവർ ബ്രിഡ്ജ്, പടിഞ്ഞാറ്റതങ്ങൾപടിയിലും കിഴക്ക് ചെറായി പ്രദേശത്തുമുള്ള ജനങ്ങളുടെ യാത്രാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനൊപ്പം അവരുടെ സ്നേഹ ബന്ധങ്ങൾ കൂടി ഊട്ടി ഉറപ്പിക്കുമെന്ന് പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ധനീപ് എ.ഡി പറയുന്നു.




# വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിൽ മഴവെള്ളം കുടിവെള്ളം

സ്ഥലപരിമിതി കണക്കിലെടുത്തുള്ള പ്രായോഗികമായ രൂപകൽപ്പനയും ഫലപ്രദമായ നിർവ്വഹണവും കൊണ്ട് ശ്രദ്ധേയമാവുകയാണ് വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിന്റെ ഭൂഗർഭ മഴവെള്ള സംഭരണി. പഞ്ചായത്ത് ഓഫീസിന്റെയും അനുബന്ധ കെട്ടിടങ്ങളുടെയും മേൽക്കൂരയിൽ വീഴുന്ന മഴവെള്ളം ഭൂഗർഭ അറയിൽ ശേഖരിച്ച് പൈപ്പ് ലൈൻ വഴിയും ടാങ്ക് ഘടിപ്പിച്ച വാഹനങ്ങളിലും വിതരണം ചെയ്യുന്നു.

അതിരൂക്ഷമായ ശുദ്ധജലക്ഷാമം നേരിടുന്ന വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുക എന്ന ഉദ്ദേശത്തോടുകൂടി 2017-18 സാമ്പത്തിക വർഷത്തിലാണ് പദ്ധതിക്ക് തുടക്കം കുറിച്ചത്. മുകളിൽ ഓഫീസ് മുറികൾ കൂടി നിർമ്മിക്കാൻ സാധിക്കുന്ന രീതിയിലാണ് സംഭരണിയുടെ പ്ലാൻ. 2017-18 സാമ്പത്തിക വർഷത്തിൽ ഇരുപത്തിയഞ്ച് ലക്ഷം രൂപ ഇതിനായി വകയിരുത്തി. എന്നാൽ 22,12,208 രൂപയിൽ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു. സ്ഥലപരിമിതി മറികടക്കുന്ന രീതിയിലാണ് നിർമ്മാണം. വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് സംഭരണിക്ക് മുകളിലായി മേൽക്കൂരയോടുകൂടിയ സൗകര്യവും ഒരുക്കിയിട്ടുണ്ട്.

8,000 ച. അടിയോളം വിസ്തൃതി വരുന്ന മേൽക്കൂരയിൽ വീഴുന്ന വെള്ളം ശുദ്ധീകരിച്ച്, പതിനഞ്ച് ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂഗർഭ അറയിൽ ശേഖരിച്ച് പഞ്ചായത്തിലെ കുടിവെള്ള പദ്ധതികൾ വഴി വിതരണം ചെയ്യുന്നു. പ്രളയത്തിൽ ജലസ്രോതസ്സുകൾ മലിനമായതിനെ തുടർന്നുണ്ടായ കുടിവെള്ള ക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ ഇതിലൂടെ സാധിച്ചു. മഴവെള്ള സംഭരണിയിൽ ശേഖരിച്ച കുടിവെള്ളം പ്രളയകാലത്തു തന്നെ വിതരണം ചെയ്തു തുടങ്ങി. ടാങ്ക് ഘടിപ്പിച്ച വാഹനം പഞ്ചായത്ത് ഇതിനായി സജ്ജീകരിച്ചു. പ്രൊജക്റ്റിന്റെ ഔദ്യോഗികമായ പ്രവർത്തനോദ്ഘാടനം 2019 ഫെബ്രുവരി എട്ടിന് മണലൂർ എം.എൽ.എ മുരളി പെരുനെല്ലി നിർവ്വഹിച്ചു.

സ്ഥലപരിമിതി കണക്കിലെടുത്തുള്ള രൂപകൽപ്പനയും പ്രായോഗിക സമീപനവുമാണ് ഈ പദ്ധതിയുടെ പ്രത്യേകതയെന്ന് വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രതി.എം.എസ് പറയുന്നു. കാലവർഷത്തിൽ പാഴായി പോകുന്ന മഴവെള്ളം സംഭരിച്ച് ജലക്ഷാമം പരിഹരിക്കുന്ന വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിന്റെ പദ്ധതി മറ്റുള്ളവർക്കും മാതൃകയാക്കാം.

☐

*(ലേഖകൻ തൃശ്ശൂർ ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാണ്)*

# ലൈഫ് ഗുണഭോക്താക്കൾക്ക് വിലക്കുറവിൽ നിർമ്മാണ സാമഗ്രികൾ

സെറ, നെറോലാക്, ഏഷ്യൻ പെയിന്റ്സ്, മലബാർ സിമന്റ്സ്, വീഗാർഡ്, വിപ്രോ, ഹൈക്കൗണ്ട് തുടങ്ങിയ കമ്പനികളുമായി ധാരണാപത്രം ഒപ്പുവച്ചു.




ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് വൻ വിലക്കുറവിൽ നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ വിവിധ കമ്പനികളുമായി ധാരണാപത്രം ഒപ്പുവച്ചു. ലൈഫ് മിഷൻ രണ്ടാം ഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതർക്കായി നിർമ്മിക്കുന്ന വീടുകൾക്കാണ് കുറഞ്ഞ നിരക്കിൽ സാധനങ്ങൾ ലഭിക്കുക. നാലു ലക്ഷം രൂപയാണ് ഒരു വീടിന് സർക്കാർ നൽകുന്നത്. പെയിന്റ്, സാനിറ്ററി സാമഗ്രികൾ, വാട്ടർ ടാങ്ക്, സ്റ്റീൽ, സിമന്റ്, ഇലക്ട്രിക്കൽ സാധനങ്ങൾ, പൈപ്പ് ഫിറ്റിംഗുകൾ, ടൈലുകൾ എന്നിവയെല്ലാം കുറഞ്ഞ നിരക്കിൽ ലഭിക്കും. 60 ശതമാനം വരെ വിലക്കുറവിലാണ് സാധനങ്ങൾ നൽകുന്നത്. ഇതിലൂടെ ഗുണഭോക്താവിന് 50,000 മുതൽ ഒരു ലക്ഷം രൂപയുടെ വരെ ലാഭമുണ്ടാവും.

മുഖ്യമന്ത്രി പിണറായി വിജയന്റെയും മന്ത്രി എ. സി. മൊയ്തീന്റെയും സാന്നിധ്യത്തിൽ ലൈഫ് മിഷൻ സി. ഇ. ഒ യു. വി ജോസ് പതിനഞ്ച് കമ്പനികളുമായാണ് ധാരണാപത്രം ഒപ്പുവച്ചത്. സാനിട്ടറി ഫിറ്റിംഗ് രംഗത്തെ അതികായരായ സെറ, ജീറ്റ്, പെയിന്റ് നിർമ്മാണ കമ്പനികളായ ഏഷ്യൻ പെയിന്റ്സ്, നെറോലാക്, ഇലക്ട്രിക്കൽ സാമഗ്രി നിർമ്മാതാക്കളായ ലെഗ്രാന്റ്, വീഗാർഡ്, വിപ്രോ, പൈപ്പ് നിർമ്മാണ കമ്പനികളായ ഹൈക്കൗണ്ട്, സ്റ്റാർ പ്ലാസ്റ്റിക്സ്, മലബാർ സിമന്റ്സ് തുടങ്ങിയ കമ്പനികളാണ് കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ നൽകുക.

ലൈഫ് ഗുണഭോക്താവാണെന്ന് തെളിയിക്കുന്ന രേഖകൾ സമർപ്പിച്ച് അടുത്തുള്ള ഏജൻസികളിൽ നിന്ന് നിർമ്മാണ സാമഗ്രികൾ വാങ്ങാനാവും. ലൈഫ് മിഷൻ രണ്ടാം ഘട്ടത്തിൽ സിമന്റ്, കമ്പി തുടങ്ങിയ നിർമ്മാണ സാധനങ്ങൾ ഗുണഭോക്താവിന് കലവറ വഴി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്.

അഡീഷണൽ ചീഫ് സെക്രട്ടറി ടി. കെ. ജോസ്, വിവിധ വകുപ്പുതല ഉദ്യോഗസ്ഥർ, നവകേരളം കർമ്മപദ്ധതി കോഓർഡിനേറ്റർ ചെറിയാൻ ഫിലിപ്പ്, കമ്പനി പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.




## പരസ്യ നിരക്ക്

| | |
|---|---|
| കവർ (അവസാന പുറം) കളർ | ₹ 12000 |
| കവർ (ഉൾവശം) കളർ | ₹ 10000 |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | ₹ 8000 |
| മറ്റു പേജുകൾ (കളർ) | ₹ 8000 |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | ₹ 6000 |
| അരപേജ് (കളർ) | ₹ 5000 |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 3000 |

# പഞ്ചായത്ത്‌രാജ്

വാർഷിക വരിസംഖ്യ ₹ 120



**PANCHAYAT RAJ (Monthly)** July 2019
Annual Subscription ₹120, Published on 20 July 2019

RNI. No. : 7959/61
Postal Reg. No. KL/TV(N) 391/2018-20
Licensed to post without prepayment No. KL/TV(N) WPP/85/2018-20








Printed & Published by Dr. B.S. Thirumeni IAS, Director, Dept. of Panchayats on behalf of Govt. of Kerala and Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: Dr. B.S. Thirumeni IAS